മോളി

ജി. സി. ടീച്ചർ.

വില 1 ക. 8 ണ.

T62
T45

മോളി



ഗ്രന്ഥകർത്താവു്
ജി. സി. ടിലാർ

പ്രസാധകൻ
ഡോക്ടർ എൻ. കെ. നമ്പൂതിരി
എഫ്. എ. ഐ. എം.



1122

ഒന്നാംപതിപ്പു്

കോപ്പി 1000

ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

---

1 മാമ്മോന്റെ വിക്രിയകൾ (പ്രഹസനം)
2 പ. മൂന്നു സേവകന്മാർ
3 ഫ്രാൻസിസ്സും ക്ലാരയും
4 Luni Solar Perpetual calandar
5 സാമുദായികവിചിന്തനങ്ങൾ
6 സഭാതരു
7 ആധുനികപ്രശ്നങ്ങൾ
8 ദേവകിയമ്മാൾ (പ്രഹസനം)
9 കടന്നുപോകുന്ന യേശു (പ്രഹസനം)
10 ടീലാർ കഥകൾ ഒന്നാംഭാഗം
11 ടീലാർകഥകൾ രണ്ടാംഭാഗം

ഗ്രന്ഥകർത്താവിന്റെ അനുമതി കൂടാതെ അഭിനയിക്കുവാൻ പാടുള്ളതല്ല.

കോട്ടയം വിശ്വഭാരതിപ്രസ്സിൽ അച്ചടിച്ചതു്.

പ്രസാധകക്കുറിപ്പ്

മനുഷ്യന്റെ മനസ്സ് സ്വതെ യോഗവാഹിയാണ്. അത് താരതമ്യേന ഗൗരവം ഏറിയ മറ്റൊന്നിന്റെ യോഗത്തെ വഹിക്കുമെന്നു താല്പര്യം. അതിനാൽ അതിനോട് ഉഷിച്ചതോ, പവിത്രമോ ആയ ജനത്തിന്റെ സംയോഗം സംഭവിച്ചാൽ ക്രമേണ അതും അതായ ഭാവത്തിൽ മുഴുകിപ്പോകീഭവിക്കും. മനുഷ്യാത്മാവ് ഉഷിച്ച പരിതസ്ഥിതിയിൽപ്പെട്ട് അതിൽ ഉറച്ചാൽ, അതിന്റെ ഉടമസ്ഥനായ മനുഷ്യൻ ആത്മനാശം വന്നതായി വിചാരിക്കാം. ആത്മനാശം വന്നവൻ പിന്നെയും മനുഷ്യരൂപത്തിൽ ജീവിച്ചിരിക്കും. പക്ഷെ ആ ജീവിതം അയാൾക്കും മറ്റുള്ളവർക്കുംവിനാശകരമായിരിക്കുമെന്നുമാത്രം. മോഷണങ്ങൾ, കൊലപാതകങ്ങൾ, മുതലായവയ്ക്കും പ്രചോദനങ്ങൾ ജനിക്കുന്നതും ഈ ആത്മഭ്രഷ്ടരുടെ മണ്ഡലത്തിൽ നിന്നും ആണ്. സനാതനമായ ഈ പരമാത്മം ചരിത്രാതീതകാലംമുതൽ ബുദ്ധിമാന്മാർ അറിഞ്ഞിരുന്ന ആ അറിവിൽ നിന്നാണ് മനസാമാന്യത്തിന്റെ വിചാരാചാരങ്ങളെ ശുദ്ധീകരിച്ച് ക്രമപ്പെടുത്തുന്നതിനു് ഉപയുക്തങ്ങളായ തത്വസംഹിതകൾ ഉണ്ടായിട്ടുള്ളതു്. ഈ വിധത്തിൽ ഓരോ മതക്കാരും തങ്ങളുടെ തത്വസംഹിതകളെ വിശുദ്ധങ്ങളായി കരുതി ആചരിച്ചുവരുന്നു. വിദ്വാനായ ശ്രീ. ഫാദർ ടീലാർ മേൽപ്പറഞ്ഞതത്വം നല്ലപോലെ മനസ്സിലാക്കി നാടകരൂപത്തിൽ ഈ ഗ്രന്ഥത്തിൽ സരസമായി പ്രതിപാദിച്ചിരിക്കുന്നു. പ്രതിപാദനം ലളിതവും ഭാഷ അകൃത്രിമവും ആയിരിക്കുന്നു. ഗ്രന്ഥകാരനു് സർവ്വമംഗളങ്ങളും നേർന്നുകൊണ്ടു് ഈ ഉപഹാരം കൈരളിയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു.

Dr: N. K. Namboodiri, F. A. I. M.

പ്രധാന കഥാപാത്രങ്ങൾ

മോളി—നായിക

ഭാഗീരഥിയമ്മ—അഭ്യസ്തവിദ്യയായ ഒരു
ഹൈന്ദവവനിത

ശോശാമ്മ-നായികയുടെ സഹോദരി (Cousin)

ബ്രിജീത്താ—നായികയുടെ അമ്മ

ഫാദർ സിറിയക്കു്—ഇടവകവികാരി

തോമ്മസ്—നായികയുടെ പിതാവു്

മാത്തൂസ്—ശോശാമ്മയുടെ പിതാവു്

ഫ്റാൻസിസ്—ശോശാമ്മയുടെ സഹോദരൻ

കോളിയാർസ്റ്റീഫൻ-പുരോഗമനസാഹിത്യകാരൻ

വീക്കൻമൊയിലിയാർ-നിരക്ഷരകുക്ഷിയായ
ഒരു ധനികൻ

വീക്കൻപാപ്പു-ശോശാമ്മയുടെ ഭൃത്യൻ

വീരൻ-നായകൻ

പോലീസ് ഇൻസ്പക്ടർ കാൺസ്റ്റബിൾ
മുതലായവർ

അവതാരിക

എന്റെ സ്നേഹിതൻ ഫാദർ ടീലാർ അവർകളുടെ ഈ ഗ്രന്ഥത്തിനു ഞാൻ ഒരു അവതാരിക എഴുതണമെന്നു് അദ്ദേഹം എന്നോടാവശ്യപ്പെട്ടതു് ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെ ലക്ഷ്യമായി ഞാൻ കരുതുന്നു. അദ്ദേഹം ഈ കൃതിയിൽ അപലപിച്ചിട്ടുള്ള ആഭാസസാഹിത്യപ്രസ്ഥാനത്തെപ്പറ്റി ഞങ്ങളിരുവർക്കുമുള്ള അഭിപ്രായൈക്യവും അതിനു പ്രേരകമായി ഭവിച്ചിരിക്കണം.

ഏതു ഭാഷയിലും നവീനപ്രസ്ഥാനങ്ങളുടെ ഉദയാസ്തമനങ്ങൾ സാധാരണ കാണാറുണ്ടു്. ഓരോ പ്രസ്ഥാനങ്ങളെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ സാഹിത്യാന്തരീക്ഷത്തെ ഇളക്കിമറിക്കാറുമുണ്ടു്. വാശിക്കും വൈരാഗ്യത്തിനും യാതൊരു കായ്വുമില്ലാത്ത ദ്വിതീയാക്ഷരപ്രാസവാദം സംബന്ധിച്ച വാഗ്വാദങ്ങൾ സമാധാനലംഘനംവരെ ചെന്നെത്തിയതായി കേട്ടിട്ടുണ്ടു്. നാടകബഹളം വർദ്ധിച്ചു് ഭാഷാദേവിയുടെ സങ്കടം മൂർദ്ധന്യത്തിലെത്തിയപ്പോൾ കുംഭോദ്ഭവൻ അവതരിച്ചു് ദുഷ്കവിരാക്ഷസന്മാരെ ധ്വംസിച്ചതും വളരെ പഴയ കഥയല്ല. ആ സ്ഥിതിക്കു് മലയാളഭാഷയിൽ ഈയിടെയായി കടന്നുകൂടിയിട്ടുള്ള പുരോഗമനപ്രസ്ഥാനം സാഹിത്യാന്തരീക്ഷത്തെ ശുഭ്രോദയമാനമാക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.

പുരോഗമനം ഇഷ്ടപ്പെടാത്തവരായി ആരുമില്ല. എന്നാൽ തങ്ങൾ പറയുന്നതാണു പുരോഗമനം, അതു മാത്രമേ പുരോഗമനമാകൂ, അതിനെ എതിർക്കുന്നവരെല്ലാം പഴഞ്ചന്മാരും പിൻതിരിപ്പന്മാരുമാണു് എ

ന്നെല്ലാമുള്ള അവകാശവാദത്തോടും, മുദ്രാവാക്യങ്ങളുടെ അകമ്പടിയോടുംകൂടി ഇന്നു മലയാളത്തിൽ നടമാടുന്ന ആഭാസസാഹിത്യത്തെ അനുകൂലിക്കുവാനോ അനുമോദിക്കുവാനോ സാധാരണക്കാക്കു സാദ്ധ്യമല്ല. പുതിയതിന്റെ എല്ലാം പുറകെ ആവേശംകൊണ്ടു് ഓടിനടക്കുന്ന ഉപരിപ്ലവബുദ്ധികളും, പേരെടുക്കാൻ വെമ്പുന്ന നേതൃസ്ഥാനകാംക്ഷികളും, സാഹിത്യംകൊണ്ടു മുതലെടുക്കുന്ന രാഷ്ട്രീയപ്രവർത്തകന്മാരും, ഈ പ്രസ്ഥാനത്തിന്റെ അംഗരക്ഷകന്മാരായും വൈതാളികന്മാരായും സഞ്ചരിച്ചു നാടാകെ ഇളക്കിമറിക്കാൻ ശ്രമിച്ചിട്ടുണ്ടു്.

മനുഷ്യൻ രഹസ്യമായി സൂക്ഷിക്കുന്ന സകലതിനെയും നഗ്നമായി പ്രദർശിപ്പിക്കുക, പരമ്പരയായി ബഹുമാനിച്ചും പൂജിച്ചും വരുന്ന ആദർശങ്ങളേയും സ്ഥാപനങ്ങളേയും നിന്ദിക്കുക, ചുരുക്കിപ്പറഞ്ഞാൽ സാധാരണക്കാരെ "ഞെട്ടിക്കുക" അതാണു് പു. സാ. ക്കാരന്റെ ലക്ഷ്യം. മനുഷ്യൻ തന്റെ വിരോധിയുടെ നേരെ പോലും ഉപയോഗിക്കാൻ മടിക്കുന്ന പദങ്ങളുപയോഗിച്ചു ദൈവത്തെ ചീത്ത പറയുക, മാതാവിനെ പുത്രനും, പുത്രനെ മാതാവും, പുത്രിയെ പിതാവും കാമിക്കയും പ്രാപിക്കയും ചെയ്യുന്നതായി വിവരിക്കുക, മനഃശാസ്ത്രപണ്ഡിതന്മാർ രതിവൈകൃതങ്ങളെന്നു വിവരിച്ചിട്ടുള്ള അപൂർവ്വസംഭവങ്ങളെ നിത്യസംഭവങ്ങളായി ചിത്രീകരിക്കുക, എന്നിങ്ങനെ മനുഷ്യനെ ഞെട്ടിക്കുന്ന ഈ മിന്നൽപടക്കപ്രസ്ഥാനം പല രൂപങ്ങളും സ്വീകരിക്കുന്നുണ്ടു്. ആഭാസസാഹിത്യചന്ദ്രചകോരമായ ഒരു പണ്ഡിതൻ ആ സാഹിത്യശാഖയിൽ മികച്ചുനിൽക്കുന്ന ഒരു ചെറുകഥാകാരനോടു പലപ്പോഴും ഉപദേശിക്കുന്നതുഞാൻ കേട്ടിട്ടുണ്ടു്. "—പ്പിള്ളേ! നിങ്ങൾ വായനക്കാരെ

ഷോക്ക് ചെയ്യണം" എന്നു്. ആ ഉപദേശം ശരിയായി അനുഷ്ഠിക്കുന്ന സാഹിത്യത്തൊഴിലാളികളും അക്ഷരവ്യായാമക്കാരുംകൂടി തുടർച്ചയായി നമ്മെ "ഷോക്കു്" അടിപ്പിച്ചുകൊണ്ടിരിക്കയാണു്.

അദ്ധ്യാത്മരാമായണത്തെക്കാളും ബൈബിളിനെക്കാളും കൂടുതൽ "അഞ്ചു ചീത്തക്കഥകൾ" പ്രചരിച്ചിരിക്കാം. അതുകൊണ്ടു് "അഞ്ചു ചീത്തക്കഥകൾ" രാമായണത്തെക്കാളും ബൈബിളിനെക്കാളും ശ്രേഷ്ഠമാണെന്നും അവ ജനസാമാന്യത്തിന്റെ ജീവിതത്തോടു കൂടുതൽ ബന്ധപ്പെട്ടതും തൻമൂലം പുരോഗമനപരവുമാണെന്നു് ഒരു പു. സാ. നേതാവു് ഒരിക്കൽ പറയുന്നതു കേൾക്കാനിടയായി. അവർ അതും അതിൽ കൂടുതലും പറയും. സാധാരണക്കാർക്കു പറയാൻ ധൈര്യം വരാത്ത ഈ മാതിരി അബദ്ധങ്ങൾ നിർവ്വിശങ്കം തട്ടിവിടാൻതക്ക തൊലിക്കട്ടി അവർ സമ്പാദിച്ചിട്ടുണ്ടു്.

നിരോധിക്കപ്പെട്ടതു ചെയ്യുന്നതിനു്, രഹസ്യം ചികഞ്ഞു കണ്ടുപിടിക്കുന്നതിനു്, സർവ്വോപരി ലിംഗബന്ധപരമായ കാര്യങ്ങളെപ്പറ്റിയുള്ള ജിജ്ഞാസകൾ ശമിപ്പിക്കുന്നതിനു് മനുഷ്യനു് പ്രകൃത്യാ ഒരു വാസനയുണ്ടു്. അസംതൃപ്തകാമന്മാരായ യുവാക്കളുടെ കാര്യം പറയാനുമില്ല. ആ വാസനയ്ക്കു് ഇക്കിളി ഉണ്ടാക്കുന്നതിനും, അവരെ "കോരിത്തരിപ്പിക്കു"ന്നതിനും ആണു് പു. സാ. കാരൻ യത്നിക്കുന്നതു്. തൻമൂലം അവരുടെ കൃതികൾക്കു് അസാമാന്യമായ പ്രചാരം സിദ്ധിക്കയും ചെയ്യുന്നു. ചീത്തക്കഥകൾ, തെറിക്കഥകൾ, ചീഞ്ഞ കഥകൾ, നാറുന്ന കഥകൾ, എന്നിങ്ങനെ പുസ്തകത്തിന്റെ പേരു് എത്രമാത്രം ജുഗുപ്സാവഹമാക്കാമോ അത്രമാത്രം അവയ്ക്കു് ചിലവും വർദ്ധിക്കും എന്നവർ കണ്ടുപിടിച്ചിട്ടുണ്ടു്.

ഇങ്ങനെ മനുഷ്യന്റെ ബലഹീനതകളേയും ദുഷിച്ച വാസനകളേയും പൂഷണം ചെയ്ത് ആ സാഹിത്യകാരന്മാരും പ്രസാധകന്മാരും പണം സമ്പാദിക്കുന്നു.

പുരോഗമനസാഹിത്യം കമ്മ്യൂണിസത്തിന്റെ ഒരു പ്രചരണായുധം കൂടിയായിട്ടാണു നമ്മുടെയിടയിൽ വന്നതു്. യുവാക്കളുടെ സന്മാർഗ്ഗജീവിതത്തിനു കോടാലിവെച്ചതോ പോകട്ടെ, ഈ നാട്ടിൽ ഇല്ലാതിരുന്ന തൊഴിലാളി—മുതലാളി കുഴപ്പങ്ങളും തജ്ജന്യമായ വിപ്ലവങ്ങളും കൂടി ഈ സാഹിത്യകാരന്മാർ ഇവിടെ ഉൽപാദിക്കുന്നു. കുപ്രസിദ്ധമായ ചേത്തല ലഹളയുടെ പ്രേരണാശക്തികളിലൊന്നു ഈ തൊഴിലാളിസാഹിത്യമായിരുന്നുവെന്നുള്ള കാര്യം മറക്കാവുന്നതല്ല. ആ ലഹളയുടെ പര്യവസാനവും ചില പുരോഗമനവാദികളുടെ തിരോധാനവും ചില നാടകങ്ങളുടെ നിരോധനവുംമൂലം ഈ സാഹിത്യസർപ്പം തൽക്കാലം പത്തിയൊതുക്കി കഴിച്ചുകൂട്ടുകയാണു്.

ഈ വഴിപിഴച്ച സാഹിത്യപ്രസ്ഥാനത്തിന്റെ ഫലമായി നാട്ടിൽ വളർന്നുവരുന്ന മതനിന്ദ, സാന്മാർഗ്ഗികാധഃപതനം മുതലായ ദൃഷ്യങ്ങളെയും അപഥസഞ്ചാരം ചെയ്യുന്നവർക്കു വന്നുകൂടുന്ന അത്യാഹിതങ്ങളെയും ഈ നാടകത്തിൽ ഫാദർ ടീലാർ സരസമായി വർണ്ണിച്ചിട്ടുണ്ടു്. കഥാപാത്രങ്ങളുടെ പേരിന്റെ നേരിയ മറ നീക്കിയാൽ, കുപ്രസിദ്ധരായ ചില പു. സാ. നായകന്മാരെ നമുക്കു നേരിട്ടു കാണാം. ചില പുസ്തകങ്ങളുടെ പേരുകളും കുട്ടിയില്ലാത്ത ഒരാവരണം കൊണ്ടുമാത്രമേ മൂടിയിട്ടുള്ളൂ. അതുകൊണ്ടു നാടകത്തിനു തന്മയത്വം കുറയുകയും ചെയ്യുന്നു.

ഫാദർ ടീലാർ ഒരു സരസനാണു്. അതുതന്നെയാണു് ഒരു നാടകകർത്താവിനു വേണ്ട യോഗ്യത.

ഡ്റിൽമാസ്റ്ററുടെ വടിയുടെ മുമ്പിൽ പല പൊക്കത്തിലുള്ള കുട്ടികൾ വിരലിൽ കുത്തിയും കുനിഞ്ഞും മറ്റും നിന്നു പൊക്കം ശരിപ്പെട്ടുത്തിക്കാണിക്കുന്നതു പോലെയാണു റഷ്യയിലെ സാമൂഹ്യസ്ഥിതിയെന്നുള്ള ഉപമ (പേജ് 43-44) വളരെ സുന്ദരമായിട്ടുണ്ട്. "ഈ സക്കാരുകാരു് കോടതീം മറ്റും പണീമ്പം ഒരു നല്ല ആശാരിനെ വരുത്തി ഥാനം നോക്കിക്കണ്ടെ? ഈ തെണ്ടികള് നാനാദിക്കീന്നും വന്നു് ഒഴുകിച്ചാടണ വായിലാണോ ഇതൊക്കെ ഒണ്ടാക്കിവക്കണതു?" എന്നു ചക്രം പിടിക്കുവാൻ വരുന്ന നാനാവിധത്തിലുള്ള തെണ്ടികളെ കണ്ടിട്ടു് പിരിയൻ പറയുന്ന ഭാഗം ഫലിതത്തിനു രസികൻ ഉദാഹരണമാണു്. ഇനനാടകത്തിൽ പല ഭാഗത്തുമുള്ള സംഭാഷണശൈലി തന്മയത്വം നിറഞ്ഞതാണു്.

എന്നാൽ കോടതിനടപടികൾ കാണിക്കുന്ന ഭാഗം യാഥാർത്ഥ്യത്തിൽ നിന്നു വളരെ അകലത്തിലാണു സ്ഥിതി ചെയ്യുന്നതെന്നും, പ്രതിയെ സത്യം ചെയ്യിച്ചു വിസ്തരിക്കുന്നതും, പ്രതിയുടെ വിരലുകൾ ചേർത്തിച്ചുകളയാൻ വിധിക്കുന്നതും മറ്റും കോടതിനടപടികളിൽ കേട്ടുകേൾവിപോലുമില്ലാത്തതാണെന്നും പറയേണ്ടിയിരിക്കുന്നു. ഈ നാടകത്തിലെ കോടതിയിൽ പ്രയോഗിച്ചിരിക്കുന്നതു സാഹിത്യപീനൽ കോഡും, ഭാഷാനടപടിനിയമവും ആണെന്നു വിചാരിച്ചു സമാധാനപ്പെടാമെന്നു വിചാരിക്കുന്നു.

ജനസമുദായത്തിന്റെ ജീവിതത്തോടു ബന്ധപ്പെട്ട സാഹിത്യമേ യഥാർത്ഥസാഹിത്യമാകുകയുള്ളൂ എന്നും, അതാണു പുരോഗമനസാഹിത്യമെന്നുമുള്ള നിർവചനം സ്വീകരിക്കുന്നപക്ഷം, ജനസാമാന്യത്തിന്റെ സാന്മാർഗ്ഗികാധഃപതനത്തെ തടയുന്നതിനു വേണ്ടി എഴുതിയിട്ടുള്ള ഈ നാടകം സാക്ഷാൽ പു

രോഗമനസാഹിത്യത്തിൽതന്നെ ഉൾപ്പെടുന്നതാണു്. ഫാദർ ടീലാറിന്റെ സഹപ്രവർത്തകരായ പുരോഹിതന്മാർ മതപരവും സാഹിത്യപരവുമായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു്. എന്നാൽ ഇത്രമാത്രം സരസമായ നാടകാദിഗ്രന്ഥങ്ങൾ രചിക്കാൻ അദ്ദേഹം മാത്രമേ തുനിഞ്ഞിട്ടുള്ളു എന്നാണു് എനിക്കു തോന്നുന്നതു്.

മോളിക്കു ഭാവിയിൽ പല സഹോദരങ്ങളും ഉണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ടും ഗ്രന്ഥകർത്താവിനു സകല വിജയങ്ങളും ആശംസിച്ചുകൊണ്ടും ഈ ഗ്രന്ഥത്തെ സുജ്ഞനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
13—8—122.

എം. എൻ. ഗോവിന്ദൻനായർ
ബി. എ. ബി. എൽ.

മോളി

രംഗം 1.

(മാതൃസിന്റെ ഭവനം– ശോശാമ്മ പഠനമുറിയിൽ ഒരു കസേരയിൽ ഇരിക്കുന്നു. ഏകാഗ്രതയിൽ ഒരു പ്രാർത്ഥന നടത്തുന്നു]

ശോശാമ്മ— [പ്രാർത്ഥന] ഈശോയേ, ലോകത്തിന്റെ സ്നേഹംകൊണ്ടു തൃപ്തിയടയുവാൻ എനിക്കു കഴിയുന്നതല്ല. അവിടുന്നു് ഉന്നതങ്ങളായ ആഗ്രഹങ്ങളും ആശയങ്ങളും എന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു; അവയെ പിൻചെൽവാനുള്ള ആത്മശക്തിയും എനിക്കു് നൽകിയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു് ഒരാഗ്രഹം മാത്രമാണു് ഇനി ശേഷിച്ചിട്ടുള്ളതു്; അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കണമെന്നു്, ലോകത്താൽ വഞ്ചിക്കപ്പെടാതിരിക്കണമെന്നു് [മോളിയും ഭാഗീരഥിയമ്മയുംകൂടി പ്രവേശിച്ചു് പുറകിൽ മറഞ്ഞു നില്ക്കുന്നു.] ശോശാമ്മ തുടരുന്നു– അങ്ങയെ ഞാൻ എന്റെ നിത്യമണവാളനായി തിരഞ്ഞെടുത്തുകൊള്ളുന്നു. നാഥാ, എന്റെ വിനീത ബലിയെ അങ്ങു സ്വീകരിക്കേണമേ. [മോളി കൈകൊട്ടുന്നു. ശോശാമ്മ ഞെട്ടി എഴുന്നേല്ക്കുന്നു]

മോളി— സോറി, നിന്റെ മനോരാജ്യത്തിൽ അനുവാദം ക്ലോതെ പ്രവേശിച്ചതിനു് ഞങ്ങൾ ആദ്യമായി എസ്ക്യൂസ് ചോദിച്ചുകൊള്ളുന്നു.

ശോശാമ്മ—നമുക്കിരുന്നിട്ടു പറയാം. [എല്ലാവരും ഇരിക്കുന്നു] നിങ്ങൾ ഇരുവരും എന്റെ ആത്മസഖികൾ. എന്റെ ഏറ്റവും രാജ്യത്തിൽ പ്രവേശിക്കുന്നതിനാണു് നിങ്ങൾക്കനുവാദം വേണ്ടതു്?

ഭാഗീരഥിയമ്മ— അതു ഞങ്ങൾക്കറിയാം ശോശാമ്മേ; എന്നാലും പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രത്യേകിച്ചു് ഒരു മണവാളനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അലട്ടുന്നതു ശരിയല്ലല്ലൊ.

ശോശാ— അതെ, ഞാൻ ഒരു മണവാളനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രാർത്ഥന കഴിഞ്ഞപ്പോഴാണു് നിങ്ങളുടെ വരവു്; അതുകൊണ്ടെനിക്കു തടസ്സമൊന്നുമുണ്ടായില്ല.

ഭാഗീ— അതുകട്ടെ, എന്നാലൊന്നു ചോദിക്കട്ടെ,—എനിക്കു നിങ്ങളുടെ മുറയൊന്നും അറിഞ്ഞുകൂടാ—വല്ല വരേയും കണ്ടു നിറുത്തീട്ടാണോ ഈ പ്രാർത്ഥന, അതോ, ചൊവ്വോള്ളവരു വല്ലവരേം കണ്ടുപിടിക്കാനാണോ?

ശോശാ— ഒരാളെ കണ്ടുവച്ചിട്ടാണു പ്രാർത്ഥിച്ചതു്.

മോളി—അമ്പടീ കള്ളീ, എന്നിട്ടു നീ ഞങ്ങളോടൊന്നു മിണ്ടിയില്ലല്ലൊ

ശോശാ— മിണ്ടിയാൽ ആപത്തുണ്ടായേക്കുമെന്നു വിചാരിച്ചു.

മോളി— ഓഹോ, ഞങ്ങളു വല്ലവരും തട്ടിയെടുത്തേക്കുമെന്നു കരുതിയോ?

ഭാഗീ— മോളിയുടെ കാര്യത്തിൽ അങ്ങനെ ഒരു ഭയത്തിനവകാശമുണ്ട്, പക്ഷേ എന്നെ സംബന്ധിച്ച് അതാവശ്യമില്ലല്ലൊ.

മോളി— കൊള്ളാം! ഞാൻ നമ്മുടെ കുട്ടികാരിയെ, അല്ല, എന്റെ കസിനെ ചതിക്കുമെന്നാണോ ഭാഗീരഥിയമ്മയുടെ വിചാരം!

ഭാഗീ— മനസ്സറിഞ്ഞുകൊണ്ടല്ല. മനസ്സറിയാതെ വരാൻ പാടില്ലെ എന്നാണെന്റെ ഭയം.

മോളി— എന്നെ എന്തിനിങ്ങനെ കളിയാക്കുന്നെന്റെ ഭഗീരഥീ? എന്റെ പെട്ടിയിലിരിക്കുന്നപ്രണയലേഖനങ്ങൾ എത്രകാണണം! വേണമെങ്കിൽ നാളെ കാണിക്കാം. പന്തയം വയ്ക്കുന്നോ.

ഭാഗീ— വയ്ക്കുന്നു.

മോളി— എന്താണു പന്തയം?

ഭാഗീ— നീ പറയണം.

മോളി— ഒരെഴുത്തിനു് ഒരണ; സമ്മതിച്ചോ?

ഭാഗീ— സമ്മതിച്ചിരിക്കുന്നു.

ശോശാ— ഭാഗീരഥിയമ്മ എത്ര അണ ഉണ്ടാക്കേണ്ടിവരുമായിരിക്കും!

മോളി— ഒരു പത്തറുപതു കരുതിക്കൊള്ളട്ടെ.ഒരു ഡസനിൽ ചില്വാനം യുവാക്കന്മാരുണ്ടെന്നെഴുതറികറങ്ങുന്നു. അവന്മാരു മാസത്തിൽ മൂന്നെഴുത്തു വീതമാണയക്കുന്നതു്. അതിലൊരുത്തൻ മഹാ ഭ്രാന്തൻ. പെണ്ണുങ്ങളെക്കുറിച്ചെന്തെല്ലാം കവിതകളുണ്ടോ അതെല്ലാം അവൻറെ പേനാത്തുമ്പത്തുണ്ടു്. അതെല്ലാം തള്ളിത്തിരുകിയാണവന്റെ നെടുനെടുങ്കൻ തീട്ടുരങ്ങൾ. വായിച്ചാലും വായിച്ചാലും തീരുകയില്ല.

ശാശി— ലെസ്സൻസ് പഠിക്കാൻതന്നെ സമയമില്ലാത്തപ്പോൾ ഈ എഴുത്തുകൾക്കെല്ലാം റിപ്പ്ളെ അയക്കുന്നതെങ്ങനാ?

മോളി—റിപ്പ്ളെ! ഒരുത്തനു ഞാൻഎഴുതും–എന്റെ ആത്മനാഥാ! അങ്ങയെ ക്രൂരാത്മാവായ ജീവിതം എനിക്കു വരുത്തുന്ന വേനലാണു്–അവൻ അതു തലയിണയുടെ കീഴെ വച്ചുകൊണ്ടു് നൂറു മധുരസ്വപ്നങ്ങൾ കണ്ടു കൊള്ളും. വേറൊരുത്തനെഴുതും–മൽപ്രാണേശ്വരാ!അങ്ങയുടെപാദാരവിന്ദങ്ങളിൽഎന്റെ ജീവിതത്തെ ഞാൻ അർപ്പിച്ചുകൊള്ളുന്നു–അതു കിട്ടിക്കഴിഞ്ഞാൽപിന്നെ അവനു് അമ്പതു ദിവസത്തേക്കു് ഉറക്കമില്ല. അങ്ങനെ എന്റെ റിപ്പ്ളെ ഒക്കെ വളരെ ഷോർട്ടു്. കണക്കിനു കൊണ്ടിരിക്കയും ചെയ്യും.

ശോശ— ഇതെല്ലാം ഒരു ചതിവല്ലെ എന്നാണു ഞാൻ ശങ്കിക്കുന്നതു്.

മോളി— എന്തു ചതിവു്! നിന്നെപ്പോലെ ഒരു മൂലയിൽ പതുങ്ങി ഇരിക്കുവാൻ ഈ മോളിക്കു കഴിയുമോ? ലോകത്തെ കീഴ്മേൽ മറിച്ചു് ഒന്നു കുലുക്കി ജീവിക്കണമെന്നാണു് എന്റെ അഭിപ്രായം. അതിനു് ഇതൊന്നുംകൂടാതെ പറ്റുകയില്ല.

ശോശാ— ലോകത്തെ ഒന്നു കുലുക്കാമെന്നു വിചാരിക്കുന്നതു മടയത്തരമെന്നാണു് എന്റെ അഭിപ്രായം.

മോളി— എന്റെ കുഞ്ഞേ, അറയിൽ വച്ചു പൂട്ടിവയ്ക്കേണ്ട അഭിപ്രായമാണിതു്. പുറത്തു പറയരുതു്. നിങ്ങൾക്കു കൂടെ കൊതി വരുന്ന ഒരു കൂതി കേൾക്കണമോ?

ശോശാ—വല്ല വികൃതിത്തരവുമായിരിക്കും. ഞങ്ങൾക്കങ്ങനെ കൊതിയൊന്നുമില്ല.

മോളി—എന്നാലും ഞാൻ പറയട്ടെ. അപ്പോൾ അറിയാമല്ലൊ. വീക്കൻമൊയിലിയാരെന്നൊരു അത്തനെ അറിയാമോ?

ഭാഗീ—അതൊരു മഹമ്മദീയനാണെന്നു തോന്നുന്നല്ലൊ. അയാൾക്കെന്താ?

മോളി—മതത്തെപ്പറ്റി ഞങ്ങൾക്കാർക്കും അത്ര നോട്ടമില്ല. ആൾ വളരെ സർസൻ, കോമളൻ. പക്ഷെ ഒരു ദൂഷ്യം, വായനയും എഴുത്തുംഅറിഞ്ഞുകൂടാ.

ഭാഗീ—അയാളാണോ ഇനി നിന്നെ കെട്ടാൻ പോകുന്നതു്?

മോളി—ഞാൻ പറയട്ടെ. ഞാൻ സ്കൂളിൽ പോകാൻ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ അയാൾ വരും എന്നെ അകമ്പടി സേവിച്ചു സ്കൂളിലാക്കാൻ. സ്കൂൾ വിടുന്ന സമയത്തു് ഗേറ്റുകൽ ഹാജർ. ഇങ്ങനെ ഒരു രാജ്ഞിയെപ്പോലാണു് അങ്ങോട്ടും ഇങ്ങോട്ടും ഞാൻ നടക്കുന്നതു്.

ഭാഗീ—നിനക്കു ലജ്ജയില്ലേ? ഇങ്ങനെ നടക്കാനും അതു പറയടിച്ചു ഘോഷിക്കുവാനും.

മോളി—ഇതൊക്കെയാണു് പതിനഞ്ചാംനൂറ്റാണ്ടിലെ അഭിപ്രായമെന്നു പറയുന്നതു്. ഇതു റവൽറിയത്തു് സെഞ്ചുവറിയാണു്. വീരനെപ്പോലുള്ള വരാണു് ഇന്നത്തെയുവലോകത്തിൻറെ ലീഡേഴ്സു്.

ശോശാ—അവരുടെ ജീവിതമാണോ അവരുടെ ഗ്രന്ഥങ്ങളാണോ മോളിയുടെ ആദർശം?

മോളി—അവരുടെ ജീവിതത്തെപ്പറ്റി എനിക്കറിഞ്ഞുകൂടാ. അപ്പച്ചൻ അവരുടെ പുസ്തകങ്ങളേ വായിക്കൂ. അതുകൊണ്ടെനിക്കും അവയോടാണു പ്രതിപത്തി. അവരുടെ വാചകരീതിക്കു തന്നെയുണ്ടൊരു പ്രത്യേകത.

ഭാഗീ—അത്തരം ചില ഗ്രന്ഥങ്ങൾ എന്റെ സഹോദരന്റെ കയ്യിൽ നിന്നും ഞാൻ വാങ്ങി വായിച്ചിട്ടുണ്ട്. അവരുടെ ആശയങ്ങൾക്കുമുണ്ടൊരു പ്രത്യേകത.

മോളി—എസ്. അതുതന്നെയാണു ഞാനും പറയുന്നതു്. ഐഡിയാസ് എന്തു വിശിഷ്ടം!

ഭാഗീ—ഞാൻ എന്റെ ആശയം ഒന്നു എക്സ്പ്ലെയിൻ ചെയ്തുകൊള്ളട്ടെ; വിരോധമില്ലല്ലോ.

മോളി—ആൾറൈറ്റു്. ആത്മാർത്ഥമായി പറയണം. ഈ ശോശാമ്മയ്ക്കുകിലും ഒരു മാനസാന്തരമുണ്ടാകട്ടെ.

ഭാഗീ—ഞാൻ ഒരുത്തരുടേയും മാനസാന്തരമുദ്ദേശിച്ചു പറയുന്നതല്ല. സത്യം എവിടെയും പാലിക്കണമല്ലൊ.

മോളി—എന്റെ ഭാഗീരഥി, എനിക്കു മനസ്സിലായി. ഒരാളെങ്കിലും എനിക്കു സൈഡ് ഉണ്ടല്ലൊ.

ഭാഗീ—അത്തരം ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളപ്പോഴൊക്കെയും ഗ്രീക്കുമിത്തോളജിയിലെ ഒരു കഥയാണു് എന്റെ ഓർമ്മയിൽ വന്നിട്ടുള്ളതു്. ഒരാൾ മലഞ്ചരിവിൽ നിന്നും ഒരു വലിയ കല്ലുരുട്ടിക്കയറി മുകളിൽ കൊണ്ടുവന്നു വച്ചിട്ടു് അതു മലയടിവാരത്തേക്കു തള്ളിയിടുന്നു. കല്ലുരുണ്ടുപോകുന്നതുകണ്ടു് അയാൾ കൈകൊട്ടി ചിരിക്കുന്നു. ഇതാണു കഥ. നമ്മുടെ പുരോഗമനസാഹിത്യകാരന്മാർ ഇതല്ലാതെ മറെറന്താണു ചെയ്യുന്നതു്?

ശോശാ—എക്സാക്റ്റ്ലി, വെരിഫൈൻസിമിലി. കണ്ടോ മോളിയുടെ സൈഡ് എത്ര സ്റ്റ്രോംഗ് ആണെന്നു്!

മോളി—ഈ പതിനഞ്ചാംനൂറ്റാണ്ടുകാരി എന്റെ സൈഡ് ആകുമെന്നു വിചാരിച്ച ഞാൻ തന്നെ ഒരു മടയി. സമ്മതിച്ചിരിക്കുന്നു.

ഭാഗീ—അവർ മനുഷ്യത്വത്തെഉയർത്തുന്നു എന്നു ഭാവിക്കുന്നു. യഥാർത്ഥത്തിൽ അവർ അധഃപതിപ്പിക്കയാണു ചെയ്യുന്നതു്. അത്തരം ഗ്രന്ഥങ്ങൾ വായിക്കുന്ന ഏവനും അധഃപതിച്ചുപോകുമെന്നാണു് എന്റെ വിചാരം.

മോളി—പിന്നെ ഭാഗീരഥി വായിക്കുന്നതെന്തുകൊണ്ടു്; രസമുണ്ടായിട്ടല്ലെ?

ഭാഗീ—ഞാൻ ഇനി വഴിപിഴച്ച പുരോഗമനക്കാരുടെ ഗ്രന്ഥങ്ങൾ ഒന്നും വായിക്കയില്ലെന്നു ശപഥം ചെയ്തിരിക്കയാണു്.

മോളി—ആകട്ടെ, അവർ വഴിപിഴച്ചുപോയി എന്നതിനു് ഒറ്റ ഉദാഹരണം പറയാമോ?

ഭാഗീ—ഒന്നല്ല, പത്തുവേണമെങ്കിൽ ഞാൻ പറഞ്ഞുതരാം. "കുത്തുകാള", "ധീരൻ", "കുളിക്കടവിൽ" മതിയോ?

ശോശാ—ഇനിയും ആദർശപുരുഷന്മാരെ ഒന്നു മാറി എടുക്കുമോ? അല്ലെങ്കിൽ നമ്മുടെ ക്ലബ്ബുപിരിഞ്ഞുപോയേക്കും.

മോളി—അപ്പച്ചനമായി ഞാൻ ഒന്നു റാക്കു ചെയ്യട്ടെ.

ഭാഗീ—എന്നാൽ അങ്ങനെ ആകട്ടെ. ഉടൻതന്നെ കായ്ങ്ങൾ തീർച്ചപ്പെടുത്തണം.

ശോശാ—ആൾറൈറ്റു്, തല്ക്കാലം നമുക്കു പിരിയാം.

കർട്ടൻ.

രംഗം 2.

(തോമസ് സ്വഭവനത്തിലെ വരാന്തയിൽക്കൂടി ചിന്താമഗ്നനായി ഉലാത്തുന്നു)

തോമസ്—(സ്വഗതം) ഹാ! പുരോഗമനസാഹിത്യം! ഇപ്പോഴത്തെ പുസ്തകങ്ങളാണു വായിക്കേണ്ടതു്. എനിക്കതിലൊക്കെയാണു് ഇൻറെറസ്റ്റ്. ചെൻകുന്നാം, മുറിപ്പുഴ, പൊങ്ങുമ്പുഴ, ശങ്കരപ്പിള്ള മുതലായവരുടെ കൃതികൾ. പഴയ കൊലകൊമ്പന്മാരുടെ ഒക്കെ അടിത്തറ മാന്തിക്കളഞ്ഞില്ലെ? വിചാരസദനം, വാടാക്കുല, പൂമണൻ, തീവേദന തുടങ്ങിയുള്ള കൃതികൾക്കൊപ്പം തുലാസിൽ തൂങ്ങുവാൻ ഇന്നു കൈരളിക്കു മറേറതു സമ്പത്താണുള്ളതു്! ആ 'കുത്തുകാള' ഞാൻ എത്ര പ്രാവശ്യം വായിച്ചെന്നോ! അതു വായിക്കുമ്പോൾ എന്റെ ദേഹമാസകലം ഒരു കോരിത്തരിപ്പു്. യഥാർത്ഥ സാഹിത്യത്തിനേ അങ്ങിനെ ഒരു വിപ്ലവം ഉണ്ടാക്കാൻ സാധിക്കൂ. ബഹുരസം! ബഹുരസം! ഊണും ഉറക്കവും എന്തിനു്? ഇത്തരം ഒററ കൃതിക്കുവേണ്ടി ന്തും പറുദീസാ ഞാൻ വലിച്ചെറിഞ്ഞുകളയും. ഞാനൊന്നുകൂടി ആസ്വദിക്കട്ടെ ഇപ്പോൾ. (പെട്ടി തുറന്നു പുസ്തകം തപ്പുന്നു. കാണാഞ്ഞു് കോപിഷ്ഠനാകുന്നു. മകളെ വിളിക്കുന്നു) എടീ മോളീ, മോളിയേ.

മോളി—എന്തോ [വരുന്നു] ഞാൻ വായിച്ചുകൊണ്ടിരിക്കയായിരുന്നു.

തോമസ്—ഞാൻ ഇതിൻറെകത്തു വച്ചിരുന്ന പുസ്തകം നീ കണ്ടോ?

മോളി–ഏതു പുസ്തകം? ഞാനെങ്ങുമെടുത്തില്ലേ. പെട്ടിയുടെ കീ അപ്പച്ചൻറെ കയ്യിലല്ലായിരുന്നോ?

തോമ—എടീ, അതെവിടെപ്പോയി പിന്നെ? ഒരു പച്ചബയൻറുള്ള പുസ്തകമേ.

മോളി—ആങ്, ആ പുസ്തകം! 'തീവേദന' എന്നോ മറേറാ അല്ലേ അതിൻെറ പേര്.

തോമ—അതെ, അതുതന്നെ. നീ കണ്ടോ? വായിച്ചായിരിക്കും. അല്ലെ?

മോളി—ഒരു ദിവസം അത് ആ ഇന്നസിച്ചെയാറിൻെറ പടിയേൽ ഇരിക്കുന്നതു കണ്ടു. ഞാനെട്ത്തൊന്നു നോക്കി; അത്രേയുള്ളൂ.

തോമ—ഒന്നു നോക്കി! നിന്നോടതെടുക്കാൻ ആരു പറഞ്ഞു?

മോളി—പുസ്തകം വായിക്കാനല്ലാതെ മറെറന്തിനാണു കൊള്ളുന്നതു്?

തോമ—അധികപ്രസംഗീ! നിൻെറ ക്ലാസ് അങ്ങു വച്ചേയ്ക്കു്. നീ എന്നെ പഠിപ്പിക്കാൻ വരുന്നോ? എടീ, ചില പുസ്തകങ്ങൾ എല്ലാവർക്കും വായിക്കാൻ കൊള്ളുകയില്ല; പ്രത്യേകിച്ചു് അവിവാഹിതർക്കു്. നിനക്കതറിയാമോ?

മോളി—അപ്പച്ചൻ വായിക്കുന്നതെല്ലാം എനിക്കും വായിക്കാമെന്നാണു ഞാൻ വിചാരിച്ചിരിക്കുന്നതു്.

(ബ്രിജീത്താ പ്രവേശിക്കുന്നു)

ബ്രിജീത്താ—നിങ്ങൾ അപ്പനും മകളും കൂടി ഈ വഴക്കു പറേന്നതെന്തോന്നിനാ?

തോമ—ങ്ഹ, മറാരും കാണരുതെന്നു വച്ചു ഞാൻ പെട്ടിയിൽ പൂട്ടിവച്ചിരുന്ന പുസ്തകം ഈ കഴുത എടുത്തുകൊണ്ടുപോയി വായിച്ചിട്ട് എങ്ങോ കൊണ്ടുപോയി കളഞ്ഞില്ലയോ?

DEFENCE 2063

ബ്രിജീ–അത്തരം പുസ്തകങ്ങൾ എന്തിനാണിവിടെ കൊണ്ടുവരുന്നതു്? പഠിക്കുന്ന പിള്ളാരു പുസ്തകം കണ്ടാൽ വായിക്കാതിരിക്കുമോ? (മോളിമറയുന്നു)

തോമ–പുസ്തകം കൊണ്ടുവരുന്നതു് എനിക്കു വായിക്കാൻ. നിങ്ങളെന്തിനു് അതു നോക്കാൻ പോകുന്നു.

ബ്രിജീ–അത്തരം ഒരു കെട്ടപുസ്തകം ഞാനെന്റെ ആയുഷ്കാലത്തു വായിച്ചിട്ടില്ല.

തോമ–അപ്പോൾ നിയും അതെടുത്തു വായിച്ചു. അല്ലെ?

ബ്രിജീ–ഒരു ദിവസം അതു പെട്ടിപ്പുറത്തിരിക്കുന്നതു കണ്ടു് എടുത്തൊന്നു നോക്കി.

തോമ–എന്നിട്ടതെവിടെ വച്ചു?

ബ്രിജീ–ഇന്നുകാലത്തെ കാപ്പി തിളപ്പിച്ചതു് അതടുപ്പിൽ വച്ചാണു്.

തോമ–അയ്യോ! അതു കത്തിച്ചുകളഞ്ഞോ?

ബ്രിജീ–അതെ.

തോമ–എന്തൊരു ഭ്രാന്തു്! കത്തിച്ചുകളയാനാണോ ഞാൻ രൂപാ ഒന്നര കൊടുത്തതുവാങ്ങിച്ചതു്? വേഗം പുസ്തകം എനിക്കു കിട്ടണം. അല്ലെങ്കിൽ കുളിയൊക്കെ മാറും.

ബ്രിജീ–ഇതിനൊക്കെവേണ്ടി ഒന്നരരൂപാ കളയുന്നതിനെക്കാൾ ഒരെളുപ്പപണി ഞാൻ പറഞ്ഞുതരാം.

തോമ–?

ബ്രിജീ–തെരുവുതെണ്ടികളേപ്പോലെ ഒരരയണമുടക്കിയാൽ സുഷിരങ്ങളിൽ കൂടി ചില പ്രദർശനങ്ങൾ കാണാമല്ലൊ.

തോമ–ചായ്, അസത്തേ, നീ മി. തോമ്മസിനോടാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കണം. നിന്റെ പള്ളിപടാത്തയൊന്നും ഇങ്ങോട്ടു വിളമ്പേണ്ടാ.

ബ്രിജീ–കായ്യും പറയുമ്പോൾ കൊഞ്ഞനം കാട്ടുന്ന സമ്പ്രദായം അത്ര നന്നല്ല. വീട്ടിലുള്ളവരാരും വായിക്കരുതെന്നു കരുതുന്നെങ്കിൽ അത്തരം ചീത്തപുസ്തകങ്ങൾ നിങ്ങൾ എന്തിനു വാങ്ങി വായിക്കുന്നു?

തോമ–അതുനിശ്ചയിക്കേണ്ടതു ഞാൻ. എന്റെ പ്രൈവറ്റുകായ്യത്തിൽ തലയിടുവാൻ നിനക്കെന്തവകാശം?

ബ്രിജീ–എന്നാൽ എനിക്കും ചില നിശ്ചയങ്ങളുണ്ട്.

തോമ–അതുവ്വോ?

ബ്രിജീ–ഉവ്വ്, പ്രൈവറ്റുകായ്യങ്ങളൊന്നും ഈ വീട്ടിൽ സാദ്ധ്യമല്ല.

തോമ–നിന്റെ പള്ളിയിൽ പോകരുതെന്നുള്ള ഭാരവുമാണു നിന്നെ പിഴപ്പിക്കുന്നതു്. നീ ഇനി പള്ളിയിൽ പോകുന്നതു് എനിക്കിഷ്ടമല്ല.

ബ്രിജീ–നിങ്ങൾ പള്ളിയിൽ പോകാതിരിക്കുന്നതു് എനിക്കും ഇഷ്ടമല്ല.

തോമ–പള്ളിയിൽ പോയിട്ടുള്ള പുണ്യം എനിക്കാവശ്യമില്ല. നി എന്റെ ഇഷ്ടമനുസരിച്ചു പ്രവത്തിക്കുന്നില്ലെങ്കിൽ നാം തമ്മിലുള്ള ബന്ധം ഇന്നു കൊണ്ടവസാനിച്ചിരിക്കുന്നു എന്നുകൂടി ഓമ്മിച്ചു കൊള്ളുക.

ബ്രിജീ–ദൈവം യോജിപ്പിച്ചതിനെ വേർപെടുത്തുവാൻ യാതൊരു മനുഷ്യനും കഴിയുന്നതല്ല.

തോമ–നിന്റെ ദൈവം! ഇതെല്ലാം കേട്ടുകേട്ട ഞാൻ മടുത്തു. നിനക്കു ചിലയ്ക്കാതെ ഒന്നു മിണ്ടാതിരിക്കാമോ?

ബ്രിജീ–ഞാൻ മിണ്ടുന്നില്ല. എന്നാൽ നിങ്ങളുടെ മനസ്സാക്ഷി നിങ്ങളോടു സംസാരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

തോമ–ഇനിയുമുണ്ടൊരു മനസ്സാക്ഷിയും പ്രാർത്ഥനയും. അതുകൊണ്ടു നിന്നെ പിശാചു പിടിക്കാതിരുന്നെങ്കിൽ നന്നു്. എനിക്കെന്റെ വഴി. (രോഷാകുലനായി പോകുന്നു)

ബ്രിജീ–കത്താവെ, അങ്ങു് ഇത്രപാവപ്പെട്ട ബ്രിജീത്തായ്ക്കു ഒരുക്കിയിരിക്കുന്ന കുരിശുകൾ ഭാരമേറിയവതന്നെ. എന്റെ ഭർത്താവു പുരോഗമനസാഹിത്യത്തിന്റെ അടിയൊഴുക്കിൽപ്പെട്ടു് ഒരു മനുഷ്യാധമനായിത്തീർന്നിരിക്കുന്നു. ഒരു മകളുള്ളതിന്റെ പ്രകൃതവും അത്ര നന്നാണെന്നു തോന്നുന്നില്ല.

കർട്ടൻ.

രംഗം 3

(ശോശാമ്മയുടെ പഠനമുറി. ശോശാമ്മയും ഭാഗീരഥിഅമ്മയുംതമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു)

ഭാഗീരഥിയമ്മ–(ചൂണ്ടിക്കാണിച്ചിട്ടു്) ഇതെന്തു പുസ്തകമാണു ശോശാമ്മേ?

ശോശാമ്മ–ഇതാണു വി: കൊച്ചുത്രേസ്യായുടെ ജീവചരിത്രം.

ഭാഗീ-ഹാ, ലിസ്സുവിലെ കവയിത്രിയുടെ സ്വയംകൃതചരിതം അല്ലെ!

ശോശ-അതുന്നെ. ഇതെത്ര പ്രാവശ്യം വായിച്ചാലും എനിക്കു തൃപ്തിയാകുന്നില്ല. സാക്ഷാൽ പുരോഗമനസാഹിത്യം ഇതാണു്. മനുഷ്യനെ മാലാഖയാക്കുക. ഭാഗീരഥി വായിച്ചിട്ടുണ്ടോ ഇതു്?

ഭാഗീ-ഇല്ലില്ല. ഇതേപ്പറ്റി ധാരാളം കേട്ടിട്ടുണ്ടു്. ഒന്നു കിട്ടാൻ അന്വേഷിച്ചിരിക്കുകയുമായിരുന്നു. ഒരാഴ്ചത്തേക്കു് ഇതൊന്നു സ്പെയർ ചെയ്യാമോ?

ശോശ-ഇപ്പോൾതന്നെ പിടിച്ചുകൊള്ളു. (പുസ്തകം നീട്ടുന്നു) എനിക്കിതിന്റെ രണ്ടു പ്രതികൾ ഉണ്ടു്.

ഭാഗീ-ഒന്നു പ്രസന്റു് കിട്ടിയതായിരിക്കും. അല്ലെ?

ശോശാ-അതെ.

(ഒരു പാട്ടു കേൾക്കുന്നു)

"രാവിപ്പോൾ ക്ഷണമങ്ങൊടിങ്ങിടും
ഉഷസ്സെങ്ങും പ്രകാശിച്ചിടും
സൂരൻദേവനുദിക്കുമിക്കമലവും
കാലേ വിടർന്നീടുമേ
ഏവംമൊട്ടിനകത്തിരുന്നാളി മനോരാജ്യം
തുടർന്നീടവേ
ദൈവത്തിൻമനമാരുകണ്ടു പിഴുതാൻ
ദന്തീന്ദ്രനാപത്മനീം-

ഭാഗീ-ആരായിരിക്കും ഈ പാട്ടുംപാടി ഇങ്ങുകയറിവരുന്നതു്!

(കോളിയാർ സ്റ്റീഫൻ പ്രവേശിക്കുന്നു)

കോ: സ്റ്റീ-നിങ്ങളുടെ സൈ്വരസംഭാഷണത്തി നിടയിൽ ഞാൻ വലിഞ്ഞുകയറി എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

ഭാഗീ-ഞങ്ങൾ അതുത്തോളം വിചാരിച്ചില്ല. അവിടെ ഇരിക്കാമല്ലൊ. (സ്റ്റീഫൻ ഒരു കസേര യിൽ ഇരിക്കുന്നു)

കോ. സ്റ്റീ-നിങ്ങൾക്കു കുറെ വകതിരിവുണ്ടെ ന്നു തോന്നുന്നു. പല പെണ്ണുങ്ങളും ഒന്നിരിക്കുവാൻ ക്ഷണി തന്നിട്ടില്ല.

ശോശാ—കസേര ഒഴിവുള്ളപ്പോൾ ഒന്നിരി ക്കാൻ പറയേണ്ടതാണല്ലൊ എന്നു വിചാരിച്ചുമാത്രം.

കോ: സ്റ്റീ-എന്നെ കണ്ടിട്ടു നിങ്ങൾക്കെങ്ങനെ തോന്നുന്നു?

ഭാഗീ-മനുഷ്യനെപ്പോലിരിക്കുന്നു- ഒരു ജീവി യാണെന്നു തോന്നുന്നു.

കോ: സ്റ്റീ-ഹ,ഹ,ഹ, കളിയാക്കാൻ മിടുക്കിത ന്നെ. ഞാൻ ഇതുയ്യോ വിചാരിച്ചില്ല. നമ്മൾ ഒരു കാലത്തു് സ്ക്രൂൾമേറ്റ്സ് ആയിരുന്നു. ആ ബന്ധ ത്തിൽ അടിയുറപ്പിച്ചുംക്കൂടിയാണു് ഞാൻ ഇങ്ങോട്ട കയറുവാൻ ധൈര്യപ്പെട്ടതു്.

ഭാഗീ-സ്ക്രൂൾമേറ്റ്സ് എന്നുവച്ചാൽ?

കോ: സ്റ്റീ-സ്കൂൾമേറ്റ്സ് എന്നുവച്ചാൽ എ ന്താണെന്നറിഞ്ഞുകൂടാ പോലും! നമ്മൾ ഒരേകാല ത്തു് ഒരേ സ്കൂളിൽ പഠിച്ചിട്ടുള്ളവരെന്നു്.

ഭാഗീ-എനിക്കങ്ങനെ ഒരു ഓർമ്മ തോന്നുന്നി ല്ലല്ലൊ.

സ്റ്റീ-അതെങ്ങനെ ഓർക്കാനാണു്? ഗേൾസ് വ ല്ലവരും ആ പ്രായത്തിൽ ബായിസിനെ നോക്കുമോ?

ഭാഗീ-എന്തോ, എനിക്കറിഞ്ഞുകൂടാ.

ശോശ-ബായിസ് ഗേൾസിനെ നോക്കാറുണ്ടായിരിക്കും അല്ലേ?

സ്റ്റീ-ഹോ, എന്തുപറയാനാണ്! വളരെ ഉഷിച്ച ഒരു സാമൂഹായികവ്യവസ്ഥിതിയാണ് നമുക്കുള്ളതു്. ഒരു ബായി ഒരു ഗേൾഫ്രണ്ടിനെ ഒന്നു നോക്കിപ്പോയാൽ പിന്നെ കെട്ടുകഥകൾ എത്രയാണ് തെരുവിൽക്കൂടെ പറക്കുന്നതു്! ഒന്നു സംസാരിച്ചാലത്തെ കഥ പറയാനുമില്ല.

ഭാഗീ-വല്ല അത്യാവശ്യകാര്യവുമായിട്ടാണോ ഇങ്ങു കയറിയതു്?

സ്റ്റീ-ഞാൻ വന്ന കാര്യം പറയാതെ അറിയാവുന്ന ഒരാൾ ഉണ്ടിവിടെ. ഈ ആളുമായി ഇടയ്ക്കിടെ മധുര ചില സംഗതികളെക്കുറിച്ചു ടാക്ക് ഔട്ട് ചെയ്യണമെന്നുണ്ടു്.

ഭാഗീ-രഹസ്യം വല്ലതുമാണെങ്കിൽ ഞാൻ ഇവിടെനിന്നും മാറിയേക്കാം.

ശോശാ-എന്റെ ഭാഗീരഥി, എന്നെ തെറ്റിദ്ധരിക്കരുതേ. ഈ മനുഷ്യൻ പറയുന്നതെന്താണെന്നൊന്നും എനിക്കു മനസ്സിലാകുന്നില്ല.

സ്റ്റീ-ഓ, ഭാഗീരഥി എന്നാണു പേർ! ഞാൻ വിട്ടുപോയി. വിവാഹപ്രായത്തിൽ എത്തിയിരിക്കുന്ന സുന്ദരികൾക്കു് പലതും ഒളിക്കാനും മറയ്ക്കാനും ഉണ്ടാകുമെന്നു ഭാഗീരഥിഅമ്മയ്ക്കറിയാമല്ലൊ.

ഭാഗീ-എന്നാൽ ഞാൻ പോകുന്നു ശോശാമ്മേ. (പോകാൻ ഭാവിക്കുന്നു)

ശോശ-വേണ്ടാ, എന്റെ ഭാഗീരഥി.

സ്റ്റീ–വെരിഗുഡ്. ഭാഗീരഥിയമ്മ ഒരു ഫ്റണ്ടായ സ്ഥിതിക്കു പോകണമെന്നില്ല.

ഭാഗീ–വല്ല മായ്ജേജ് കായ്വുമാണെങ്കിൽ നിങ്ങൾതന്നെ പറഞ്ഞുകൊള്ളുക.

സ്റ്റീ–കൈപറഗ്രൈറ് ഭാഗീരഥിയമ്മ.

ശോശാ–മാരേജ് കായ്വുമാണെങ്കിൽ തീർച്ചയായും ഒരു സാക്ഷി വേണമല്ലൊ. അതുകൊണ്ടു നിൽക്കു ഭാഗീരഥീ.

സ്റ്റീ–മാറർ ഇത്രയും വികസിച്ചിരിക്കുന്ന സ്ഥിതിക്കു്, ഞാൻ തുറന്നതന്നെ പറയട്ടെ. എനിക്കാദ്യമായി ഒരു കംപ്ളയിൻറ് ആണുള്ളതു്.

ഭാഗീ–നിങ്ങൾ തമ്മിൽ കംപ്ളയിൻറിനുമാത്രം അടുത്തിട്ടുണ്ടെന്നു ഞാൻഅറിഞ്ഞിരുന്നില്ലല്ലൊ.

ശോശാ–(പല്ലുകടിക്കുന്നു) ആകട്ടെ, കംപ്ളയിൻറു് എന്താണെന്നു കേൾക്കാമല്ലൊ.

സ്റ്റീ–ഞാൻ രണ്ടെഴുത്തയച്ചിട്ടു് ഇതു ഭവതി ഒരു റിപ്ലൈപോലും അയയ്ക്കുവാൻ ഔദാര്യം കാണിച്ചില്ല. രണ്ടാമത്തേതിൽ റിപ്ലേയ്ക്കുള്ള സ്റ്റാമ്പും കൂടി ഞാൻ അടക്കം ചെയ്തിരുന്നു.

ഭാഗീ–അക്ഷന്തവ്യമായ അപരാധം തന്നെ. മറുപടിയോ അയച്ചില്ല. ആ സ്റ്റാമ്പുംകൂടി അപഹരിച്ചുകളഞ്ഞില്ലേ!

ശോശാ–എനിക്കങ്ങനെ ആരും ഒരെഴുത്തും അയച്ചിട്ടില്ല.

സ്റ്റീ–അയച്ചിട്ടില്ലെന്നോ! (പോക്കറ്റിൽനിന്നും ഡയറി എടുത്തു് തീയതികൾ വായിക്കുന്നു) ഒന്നു് മാർച്ചു് 20, 1946; മറ്റതു് മാർച്ചു് 22, 1946. ഇതിൽ കൂടുതൽ തെളിവെന്തുവേണം?

ശോശാ–നിങ്ങൾക്കു് ആൾ പിശകിപ്പോയി എന്നാണു തോന്നുന്നതു്.

സ്റ്റീ–കൊള്ളാം, എനിക്കോ, ആൾ പിശകുന്നതു്! ശോശ–എന്നാൽ ഞാൻ ആരെന്നാണു നിങ്ങൾ കരുതുന്നതു്?

സ്റ്റീ–ഹെയ്, ആളറികില്ലപോലും! ഭവതിയല്ലയോ മിസ്സ്സ് മോളി തോമ്മസ്? [ഭാഗീരഥിഅമ്മയും ശോശാമ്മയും കൂടി പൊട്ടിച്ചിരിക്കുന്നു) [സ്റ്റീഫൻ ഇളിഭ്യനായെന്നു ഭാവിക്കുന്നു]

ശോശാ–അതെന്റെ അമ്മാവന്റെ മകളാണു്.

സ്റ്റീ–ഓഹോ, കഷ്ടം! കഷ്ടം! വഴിക്കു കണ്ട ഒരു കുസ്തിച്ചെറുക്കൻ എന്നെ ചതിച്ചുകളഞ്ഞു. എസ്കൂസ്മീ.

ശോശാ–സാരമില്ല. മോളി ഇവിടെ അടുത്താണു താമസിക്കുന്നതു്. വേണമെങ്കിൽ ഒരു പയ്യനെ കൂട്ടി അങ്ങോട്ടയക്കാം.

സ്റ്റീ–വേണ്ടാ, വേണ്ട, ബുദ്ധിമുട്ടണമെന്നില്ല. ഭവതിയുടെ പേർ?

ശോശാ–ശോശാമ്മ മാത്യൂസ്.

സ്റ്റീ–ആങ്ങ്, ശോശാമ്മ മാത്യൂസ്! ഇപ്പോൾ ഓർക്കുന്നു. മൂന്നാംക്ലാസിൽവച്ചു ഫസ്റ്റ്ബെഞ്ചിൽ റൈറ്റ്സൈഡിൽ ഇരുന്നിരുന്ന അല്ലേ?

ശോശാ–എന്തോ, എനിക്കോർമ്മയില്ല. കാലങ്ങൾ എത്ര കഴിഞ്ഞു!

സ്റ്റീ–എനിക്കു നല്ല ഓർമ്മശക്തിയുണ്ടു്. വളരെ പ്പേർ അതിനെപ്പറ്റി പ്രശംസിച്ചിട്ടുമുണ്ടു്.

ഭാഗീ–ഞങ്ങൾക്കും വളരെ വിസ്മയമാണുള്ളതു്.

എല്ലാ കാര്യങ്ങളും ഇങ്ങനെ ഓമ്മയിലുണ്ടായിരിക്കുമല്ലോ?

സ്റ്റീ–എല്ലാ കാര്യങ്ങളോ! ഓ, അതില്ല. ഇൻറർവ്യൂ ഉള്ള ചിലതുമാത്രം.

ഭാഗീ–പെൺകുട്ടികളെ സംബന്ധിച്ചാണോ ഇൻറർവ്യൂ കൂടുതൽ?

സ്റ്റീ–അതാണ് ഇപ്പോഴത്തെ സാഹിത്യകാരന്മാരുടെ ഒരു ഫാഷൻ.

ഭാഗീ–എന്നാൽ മോളിയുടെ വീട്ടിലേക്ക് ഉടനെ അയക്കാം. ഒരു പയ്യനെ വിളിക്കട്ടോ?

സ്റ്റീ–ത്യാങ്ക്സ്, ത്യാങ്ക്സ്. ബുദ്ധിമുട്ടണമെന്നില്ല. ഒരു ഭ്രമരത്തിനു നല്ല കുസുമങ്ങളല്ലേ വേണ്ടൂ. ഏതുകൊണ്ടു നോക്കിയാലും ശോശാമ്മയാണ് മോളിയേക്കാൾ മേലേക്കിടയിൽ. അതുകൊണ്ടു ശോശാമ്മയ്ക്കു സമ്മതമുണ്ടെങ്കിൽ!

ശോശാ–ശോശാമ്മയ്ക്ക് എന്തിനു സമ്മതമുണ്ടെങ്കിൽ?

സ്റ്റീ–ഞാനുമായുള്ള മാരേജിനു സമ്മതമുണ്ടെങ്കിൽ എൻറെ സൈഡിൽ നിന്നും കുറവില്ലെന്ന്.

ശോശാ–വഴിതെറ്റി വലിഞ്ഞുകയറുന്നവരെയെല്ലാം വിവാഹം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നവളല്ല ഞാൻ. പഠനത്തിലാണ് ഇപ്പോൾ എൻറെ ശ്രദ്ധ മുഴുവനും. മറ്റു കാര്യങ്ങളെ സംബന്ധിച്ച് എൻറെ മാതാപിതാക്കന്മാർ അന്വേഷിച്ചുകൊള്ളും.

സ്റ്റീ–എന്നാലും ഇക്കാലത്തു് സ്വന്തമായ അഭിപ്രായമില്ലാത്ത വനിതാമണികൾ, അതിലും അ

ഭ്യസ്തവിദ്യരായ മഹിളാമണികൾ ഉണ്ടായിരിക്കയില്ലെന്നാണെന്റെ വിശ്വാസം.

ശോശാ-സ്വന്തം അഭിപ്രായം ഇല്ലാത്തൊരാളല്ല ഞാൻ.

സ്റ്റീ-എന്നാൽ ആ അഭിപ്രായമനുസരിച്ച് എന്നെ വിവാഹം ചെയ്യുകയോ?

ശോശാ-ഞാൻ മറ്റൊരാൾക്കു വിവാഹസമ്മതം നൽകിയിരിക്കയാൽ താങ്കളുടെ അഭ്യർത്ഥന സ്വീകരിക്കുവാൻ സാദ്ധ്യമല്ല.

സ്റ്റീ—മറ്റൊരാൾക്കു വാക്കു കൊടുത്തുപോയി എന്നായിരിക്കും പറയുന്നത്! വാക്കിനിക്കാലത്തു് എന്തു വിലയാണുള്ളതു്? എഴുതി ഒപ്പുവച്ച വാക്കിനുപോലും ചവറ്റുകുട്ടയിലാണു സ്ഥാനം.

ശോശാ-വാക്കിനു വിലകൽപിക്കുന്ന ഒരാളാണുഞാൻ. അതിനാൽ താങ്കൾ ഇനിസമയംകളയണമെന്നില്ല. പോകാം.

(സ്റ്റീഫൻ വിഷണ്ണനായി എഴുന്നേറ്റു ഭാഗീരഥിയമ്മയെ സമീപിക്കുന്നു)

സ്റ്റീ- ഭാഗീരഥിയമ്മയോടു് അൽപം സംസാരിക്കണമെന്നുണ്ടു്. വിരോധമില്ലല്ലൊ.

ഭാഗീ-കായ്ക്കംവല്ലതുമുണ്ടെങ്കിൽ കേൾക്കാൻവിസമ്മതമില്ല.

സ്റ്റീ-എനിക്കു വിവാഹത്തെക്കുറിച്ചു ചിലനൂതനാഭിപ്രായങ്ങൾ ഉണ്ടു്. അതിനോടു ഭവതി യോജിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

ഭാഗീ-ഇരുപതാംനൂറ്റാണ്ടു് നൂതനാശയങ്ങളുടെ ഒരു കാലമാണല്ലൊ അതുകൊണ്ടു് അല്പം കേൾക്കാൻ കൗതുകമുണ്ടു്.

സ്റ്റീ—ആൾറൈറ്റ്, എനിക്കുവളരെസന്തോഷമുണ്ട്. പണ്ട് ഒരു ക്രസ്ത്യാനി ഒരു ക്രസ്ത്യൻ സ്ത്രീയെ മാത്രമേ വിവാഹം ചെയ്യുമായിരുന്നുള്ളൂ. ഹിന്ദുക്കളും മഹമ്മദീയരും അങ്ങനെതന്നെ. ഇതെല്ലാം സമുദായങ്ങളുടെ ഒരു ക്രാപ്പുവിലങ്ങാണ്. ഇത്തരംവിലങ്ങുകളും പ്രാകാരങ്ങളും തല്ലിത്തകർക്കണമെന്നാണ് എന്റെ പക്ഷം.

ഭാഗീ—ഹിയർ, ഹിയർ ശോശാമ്മേ വളരെ നല്ല ആദർശം.

സ്റ്റീ—എന്നാൽ ആദർശങ്ങൾകൊണ്ടു മാത്രം ഞാൻ തൃപ്തിപ്പെട്ടന്നില്ല. ആദർശങ്ങൾ പ്രായോഗികമാക്കുന്നതിലാണ് ഒരുവന്റെ സാമർത്ഥ്യം പ്രകടമാകേണ്ടത്.

ഭാഗീ— ഇതെല്ലാം ഞാൻ സമ്മതിക്കുന്നു. ഇനി എന്ത്?

സ്റ്റീ—എന്റെ ഉൽകൃഷ്ടമായ ജീവിതത്തിൽ ഭവതി ഒരു സഹപ്രവർത്തകയായിത്തീരണമെന്നാണ് എന്റെ ആഗ്രഹം.

ഭാഗീ—സഹപ്രവർത്തക എന്നതിന്റെഅർത്ഥം ശരിക്കുമനസ്സിലായില്ല.

സ്റ്റീ—അതിഗഹനങ്ങളായ വിഷയങ്ങളെപ്പറ്റി സംസാരിക്കുന്നതുകൊണ്ടായിരിക്കും. എന്നാൽ ഞാൻ ലളിതമായിപറയാം.

ഭാഗീ—പറ, കേൾക്കട്ടെ.

സ്റ്റീ—ഞാൻ ഒരു ക്രിസ്ത്യാനി. എങ്കിലും ദൈവം, മതം. ഇതെല്ലാം ഞാൻ ത്യാജ്യകോടിയിൽ തള്ളിയിരിക്കയാണ്. ആകയാൽ ഒരു ഹൈന്ദവനാകുന്നതിനോ, മഹമ്മദീയനാകുന്നതിനോ എനിക്കു മടി

യില്ല. 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്ന കുഞ്ഞൻനമ്പ്യാർ പാടിയിട്ടുള്ളതുപോലെ കായ്സാദ്ധ്യമാണു് എന്റെ എല്ലാ പ്രവർത്തനങ്ങളുടേയും കേന്ദ്രം.

ഭാഗീ-നിങ്ങൾ ഒരു ഹൈന്ദവനാകുന്നതിനെയോ മഹമ്മദീയനാകുന്നതിനെയോ ഞാൻ തടയുകയില്ല.

സ്റ്റീ— ഒരു മഹമ്മദീയനാകേണ്ട കായ്യം ഇപ്പോൾ എനിക്കില്ല. ഭാഗീരഥിയമ്മയെ ഉദ്ദേശിച്ചു് വേണമെങ്കിൽ ഒരു ഹൈന്ദവനാകാമെന്നുണ്ടു്.

ഭാഗീ— എന്നെ ഉദ്ദേശിച്ചു് ആരും മതം മാറണമെന്നില്ല.

സ്റ്റീ— മതം മാറാതെ വിവാഹം നടത്തണമെന്നാണെങ്കിൽ ഞാൻ അതിനും തയ്യാറാണു്.

ഭാഗീ— വിവാഹത്തിന്റെ കായ്യം ഇവിടെ ആരു പറഞ്ഞു?

സ്റ്റീ— ആരും പറഞ്ഞില്ല. എങ്കിലും ഭാഗീരഥിയമ്മയോടു സംസാരിച്ചപ്പോൾ മുതൽ പ്രണയത്തിന്റെ ചെറുസൂനങ്ങൾ മൊട്ടിട്ടുപോയി. അതു വികസിക്കുവാൻ അനുവദിക്കുമോ?

ഭാഗീ— ഞാൻ നിങ്ങളുടെ ഒരു സഹപ്രവർത്തകയാകുവാൻ ഉറച്ചുകഴിഞ്ഞിരിക്കയാണല്ലൊ. അതിനു വിവാഹമല്ല. മറേറതു വേണമെങ്കിലും ഞാൻ ചെയ്യാം. പക്ഷേ.....

സ്റ്റീ— എന്തു് പക്ഷേ.....? ഭാവി ആശങ്കിരണങ്ങൾകൊണ്ടെന്നെ തലോടി. എന്നാൽ ആ 'പക്ഷേ' കൊണ്ടൊരുകുത്തും. എന്താണു പ്രതിബന്ധം?

ഭാഗീ— പറയത്തക്ക പ്രതിബന്ധങ്ങൾ ഒന്നും തന്നെ ഇല്ല. പക്ഷേ, എന്റെ ഭർത്താവാകുവാൻ പോ

കുന്ന ആളെപ്പറ്റി എനിക്കു ശരിയായി ഒന്നു മനസ്സിലാക്കണമെന്നുണ്ട്.

സ്റ്റീ— സോറി, സോറി; ഇത്രയും സംസാരിച്ചതിൽ നിന്നും ഭവതി എന്നെ അറിഞ്ഞില്ലാഅല്ലേ?

ഭാഗീ— നിങ്ങൾ ഒരു വിപ്ലവകാരിയാണെന്നു മാത്രം അറിഞ്ഞു. മറെറാന്നും അറിഞ്ഞില്ല.

സ്റ്റീ— ഭേഷ്, അതാണ് എന്നെപ്പറ്റി മനസ്സിലാക്കേണ്ടതു്. എങ്കിലും നാം തമ്മിൽ ഉണ്ടാകാൻ പോകുന്ന ബന്ധത്തെ പരിഗണിച്ചു് ഞാൻ എന്നെത്തന്നെ വെളിപ്പെടുത്തേണ്ടതാണല്ലൊ.

ഭാഗീ— സംശയമുണ്ടോ?

സ്റ്റീ— സുപ്രസിദ്ധ പുരോഗമനസാഹിത്യകാരനായ മി. കോളിയർ സ്റ്റീഫനെ അറിയാത്തവരായി ഇന്നു ഭൂമുഖത്തു് ആരാണുള്ളതു്?

(ഭാഗീരഥിയും ശോശയും ക്ഷണി പരസ്പരം അത്ഭുതഭരിതരായി നോക്കുന്നു)

ഭാഗീ—ഇപ്പോൾ മനസ്സിലായി. ഇത്രയും സമയം അറിയാതെ സംസാരിച്ചതിൽ ക്ഷമിക്കണം.

സ്റ്റീ— അതു സാരമില്ല. ഞാൻ മിക്കപ്പോഴും വേഷപ്രച്ഛന്നനായിട്ടാണു നടക്കാറുള്ളതു്.

ഭാഗീ— ഇത്രയും മഹാനായ ഒരാളെ ഭർത്താവായി വരിക്കുവാൻ എനിക്കാഗ്രഹമില്ല. അതുകൊണ്ടു് ദയവായി പോകണം.

സ്റ്റീ— അനീതി, അഴിമതി, അക്രമം, നിഷ്ഠുരത, നിർദ്ദയത്വം! ഞാൻ ഭവതിയുടെ ഒരു ദാസനാകുവാനല്ലയോ പോകുന്നതു്. ഉതിർവ്വന കുതിരകളെ ഇങ്ങനെ അരടി നശിപ്പിക്കയോ! മഹാപാപം. ഭവതി ഒരു പുനരാലോചന നടത്തണം.

ഭാഗീ— ഞാൻ ഒരു പുനരാലോചന ചെയ്യുകഴി ഞ്ഞു. ഒരു കാര്യം തുറന്നു പറഞ്ഞുകൊള്ളട്ടെ.

സ്റ്റീ— [ഭയപരവശനാകുന്നു] പറയാം.

ഭാഗീ— സുന്ദരികളുള്ള വീടുകളിൽക്കൂടി ചുറ്റി ത്തിരിഞ്ഞു് സാധുപെൺ കുട്ടികളെ വഞ്ചിക്കുന്ന മി. കോളിയാർ സ്റ്റീഫൻ, എനിക്കു നിങ്ങളോടു പറയാ നുള്ളതു് ഇത്രമാത്രമാണു്. ഈ നികൃഷ്ടമായ വ്യവ സായത്തിൽ നിന്നും താങ്കൾ വിരമിച്ചു് അല്പം മനു ഷ്യത്വത്തോടുകൂടി ജീവിക്കുക.

സ്റ്റീ— (ആപാദചൂഡം വിറയ്ക്കുന്നു) ങ്ഹ്, ധിക്കാരത്തിന്റെ പാരമ്യം! മാനമുള്ളവരെ അപമാ നിക്കുന്ന നിഷ്ക്കരുണകൃത്യം! നിങ്ങളെ ഞാൻ ഒരു പാഠം പഠിപ്പിച്ചേക്കുന്നുണ്ടു്. ഇനിയത്തെ ലക്കം 'ചിത്താർദ്ദാ' ആഴ്ചപ്പതിപ്പിലെ കഥ നിങ്ങൾ നോ ക്കിക്കൊള്ളുക.

ഭാഗീ— ഏതുതരംകഥയും നിങ്ങൾ എഴുതിക്കൊ ള്ളുക. ഇപ്പോൾ ദയവായി ഗ്രേറിനു വെളിയിൽ ഇറങ്ങണം.

സ്റ്റീ—അതു പറയുവാൻ നിനക്കുള്ള അവകാശം?

ശോശാ— ഇതു ഞങ്ങളുടെ സ്റ്റഡിറൂം ആണു്. അതുകൊണ്ടു് അവകാശം എന്തെന്നു് ഇപ്പോൾ നി ങ്ങൾ അറിയും. (ശോശാമ്മ ബെൽ അടിക്കുന്നു. വി ക്കൻ പാച്ചു പ്രവേശിക്കുന്നു)

പാച്ചു—ഹ ഹ കള്ളൻ!കള്ളൻ! പൊ പൊ പൊ ട്ടിക്കട്ടെ കൊച്ചമ്മേ?

ശോശാ— നീ അയാളെ അങ്ങിറക്കിവിട്ടു.[പാ ച്ചു പിടലിക്കു പിടിച്ചു തള്ളിക്കൊണ്ടു വിടുന്നു. തട്ടേൽ ക്കൂടി ഓടുന്ന സ്വരം കേട്ടു് മാത്യൂസ് പ്ര വേശിക്കുന്നു]

ശോശാ- അച്ചായൻ ഇത്ര വേഗം പോയിട്ടു വന്നോ?

മാത്യൂസ്- കാര്യങ്ങൾ വേഗം സാധിച്ചു. അടുത്ത വണ്ടിക്കു തിരിയെ പോരികയും ചെയ്തു. ഇവിടെ വലിയ സ്വരം കേട്ടതെന്താണു ഭാഗീരഥിയമ്മേ?

ഭാഗീ- അതു മി. കോളിയാർ സ്റ്റീഫന്റെ വരവും പോക്കുമായിരുന്നു.

മാത്യു- ആ പമ്പര വിഡ്ഢി ഇവിടെയും എത്തിയോ? അവന്റെ പല്ലു രണ്ടെട്ടുത്തുവിടേണ്ടതായിരുന്നല്ലൊ.

ശോശാ- പാച്ചു കണക്കിനു രണ്ടു കൊടുത്താണു വിട്ടതു്.

മാത്യു- അതു നന്നായി. എന്തുപറഞ്ഞുകൊണ്ടാണവൻ വലിഞ്ഞു കയറിയതു്.

ഭാഗീ- വെറുതെയല്ല. ഒരു പ്രൊപ്പോസലും കൊണ്ടാണു വന്നതു്.

മാത്യു- ങ്ങേ, പ്രൊപ്പോസലോ! കേൾക്കട്ടെ, കേൾക്കട്ടെ.

ശോശാ-ആദ്യം എന്നെ മാരിചെയ്യാമെന്നു പറഞ്ഞു. അതു പറകയില്ലെന്നു കണ്ടപ്പോൾ ഭാഗീരഥിഅമ്മയുടെ അടുക്കലേക്കു നീങ്ങി.

മാത്യു-(ചിരിക്കുന്നു) നേരം പോക്കുതന്നെ; ഭാഗീരഥിഅമ്മ എന്തുപറഞ്ഞു വിട്ടു?

ശോശാ- വേഗം ഗേറിനു പുറത്തിറങ്ങുവാൻ ഒരോർഡർ കൊടുത്തു.

മാത്യു-അങ്ങനെ കേട്ടുപോകുന്ന ഒരു ആളല്ല അവൻ.

ശോശാ–അങ്ങനെ പോയില്ല. പാച്ചു വന്നു പിടലിക്കു പിടിച്ചിറക്കയാണു ചെയ്തതു്.

മാതു–ഇത്തരം കുറെ പട്ടികളു് സാഹിത്യത്തിന്റെ മറപിടിച്ചു മണത്തുനടക്കുന്നുണ്ടു്. ഇവന്മാരെയൊക്കെ കയറിട്ടു കെട്ടിത്തൂക്കി ദഹിപ്പിച്ചു പത്തടി ആഴത്തിൽ കുഴിച്ചുമൂടിയെങ്കിലേ ലോകത്തിനുദ്ധാരം വരൂ.

ഭാഗീ–അയാൾ 'ചിത്തഭാർദ്ദാ'യിൽ ഒരു കഥ എഴുതുമെന്നു പറഞ്ഞാണു പോയിരിക്കുന്നതു്.

മാതു–എഴുതട്ടെ, അവൻ അവന്റെ മോളിയുടെ കഥതന്നെ എഴുതട്ടെ. ങ്ഹ് (പോകുന്നു)

ഭാഗീ–അങ്ങനെ ഒരു നാടകം കഴിഞ്ഞു.

ശോശാ–അയാളുടെ പ്രണയത്തിന്റെ പാച്ചിൽ അതിവിചിത്രംതന്നെ.

ഭാഗീ–പുരോഗമനക്കാരനല്ലെ. പട്ടിയുടെയും മൂരിയുടെയും പ്രണയംപോലാണിക്കൂട്ടരുടെ പ്രണയം.

ശോശാ–ഇത്തരം മൃഗങ്ങളുടെ ആദർശമാണു കുടുകുട്ടി.

ഭാഗീ–സമയം വളരെപ്പോയി. നമുക്കു പുറത്തൊക്കൊന്നിറങ്ങാം. (പോകുന്നു)

[കർട്ടൻ]

രംഗം 4.

(വീരന്റെ ഭവനം, വീരൻ ഒരു കഥയെഴുതുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുന്നു. തോമസ്സ് പ്രവേശിക്കുന്നു)

വീ–ഹല്ലോ, ഗുഡ് മോർണിങ്ങ്, മി. തോമസ്സ്

തോമസ്–ഗുഡ് മോർണിംഗ് സർ.

വീ-(ഒരു കസേര ചൂണ്ടിക്കാണിച്ചിട്ട്) ഇരിക്കാം. ഞാൻ ഇത്തിരി ബദ്ധപ്പാടിലാണ്. ഇന്നലെ ശകലം ഉറങ്ങിയില്ല.

തോമ-വല്ലപുസ്തകമെഴുത്തുമായിരിക്കുമിപ്പോൾ.

വീ-അതുതന്നെ. അതാണല്ലൊ ഈ വീരന്റെ തൊഴിൽ.

തോമ-ഇപ്പോൾ എന്തോവാ എഴുതിക്കൊണ്ടിരിക്കുന്നത്?

വീ—"വാനരൻ" എന്നൊരു കഥ. പൊടിപ്പനായിരിക്കും. തീരാറായിരിക്കയാണ്.

തോമ—അതിന്റെ പ്ലോട്ട്?

വീ—അസൽ ഒരു പ്ലോട്ട്! നമുക്കുണ്ടോ പ്ലോട്ടിനു പഞ്ഞം!

തോമ—ഒന്നു കേൾക്കുന്നതിനു വിരോധമുണ്ടോ?

വീ—പാതിപ്പണി ആശാനെയും കാണിക്കരുതെന്നാണു പ്രമാണം. എങ്കിലും ഫ്രണ്ട്സിനോടു ചില വിട്ടുവീഴ്ചകളൊക്കെ വേണ്ടേ?

തോമ—അവിടത്തെ ഒരു ഫ്രണ്ടായി പരിഗണിക്കപ്പെടുന്നതുതന്നെ ഈയുള്ളവന്റെ മഹാഭാഗ്യം.

വീ—എന്നാൽ കേട്ടുകൊള്ളൂ. ഒരു വാനരൻ ഒരു നാരിയിൽ അനുരക്തനാകുന്നു. അവർ ഇരുവരുംകൂടി കാട്ടിലേക്കു ഓടുന്നു. അവിടെ ഭോഗസുഖങ്ങളിൽ മുഴുകി ജീവിക്കുന്നു. ഇതാണ് പ്ലോട്ട്. ഇതേപ്പറ്റി എന്തു പറയുന്നു?

തോമ—ഒരു സംശയം.

വീ— ?

തോമ—പെൺകുരങ്ങിനെ നാരി എന്നു പുരോഗമനസാഹിത്യത്തിൽ പറയാറുണ്ടോ?

വീ—അപ്പോൾ എന്റെ പ്ലോട്ട് മനസ്സിലായില്ലെന്നു പറയൂ.

തോമ—മനസ്സിലായില്ല.

വീ—നാരി എന്നു പറഞ്ഞാൽ മനുഷി തന്നെ.

തോമ—അത്ഭുതം. ഒരു കുരങ്ങനും ഒരു വനിതയും തമ്മിൽ പ്രേമമുണ്ടാകുമെന്നോ! ഇതു സംഭവ്യമായി തോന്നുന്നില്ല.

വീ—സംഭവ്യം! നിങ്ങൾക്കെന്തറിയാം? സാഹിത്യകാരന്മാർക്കു വർത്തമാനകാലം കാണാൻ മാത്രമുള്ള കണ്ണുകളല്ല ഉള്ളതു്. ഭൂതവും ഭാവിയുംകൂടി അവരുടെ ദൃഷ്ടിയിൽ തുള്ളിച്ചാടുകയാണു്. അഞ്ഞൂറുകൊല്ലം അല്ലെങ്കിൽ ആയിരം കൊല്ലങ്ങൾക്കു ശേഷമുള്ള സംഭവങ്ങളാണു് എന്റെ കഥാവസ്തു. ഇനിയും സംശയമുണ്ടെങ്കിൽ ഞാനൊരു ചോദ്യം ചോദിക്കാം.

തോമ കേൾക്കട്ടെ.

വീ-വാനരൻ എന്നതിന്റെ അർത്ഥമെന്താണു്?

തോമ-കുരങ്ങൻ എന്നു്.

വീ-അതല്ല ഹേ, രൂപം വ്യവച്ഛേദിച്ചു് അർത്ഥം പറയൂ.

തോമ-അറിഞ്ഞുകൂടാ.

വീ—എന്നാൽ ഞാൻ പറയാം. വാനരൻ-വാൽനരൻ. വാൽ എന്ന വച്ചാൽ വാല്; നരൻ എന്നു വച്ചാൽ മനുഷ്യൻ. അപ്പോൾ വാനരൻ എന്നു വച്ചാൽ വാലുള്ള മനുഷ്യൻ. മനസ്സിലായോ?

തോമ—ഇതൊരു വെളിപാടുതന്നെ. അങ്ങു സർവജ്ഞനാണെന്നുള്ളതിൽ എനിക്കു ലവലേശം സംശയമില്ല.

വീ—ഇതുയും പറഞ്ഞപ്പോൾ നിങ്ങൾ അത്ഭു

തപരതന്ത്രനായി പോയിരിക്കുന്നു. ഇനിയും അനേകം രഹസ്യങ്ങൾ വെളിപ്പെടാനുണ്ട്".

തോമ—ആദ്യമനുഷ്യന്റെ ഉത്ഭവത്തെപ്പറ്റി അങ്ങെന്തു പറയുന്നു?

വീ—വാനരനും നാരിയും തമ്മിൽ ബന്ധിക്കപ്പെട്ടപ്പോൾ നരനുണ്ടായി.

തോമ—ആദ്യത്തെ നാരിയോ?

വീര—ആ ചോദ്യം അസംബന്ധം. ലോകത്തിലുള്ള സകലതിനെപ്പറ്റിയും ചിന്തിക്കുവാൻ നമുക്കായുസ്സില്ല. അതുകൊണ്ട് അതെല്ലാം വിട്ടുകളയണം.

തോമ—അങ്ങേക്കതറിയാമെന്നു വച്ചാണു ചോദിച്ചതു".

വീ—ഹേ, എനിക്കറിയാൻ വയ്യാഞ്ഞല്ല. ഇത്തരം ഗഹനങ്ങളായ വിഷയങ്ങളെപ്പറ്റി സംസാരിച്ചാൽ താങ്കളെപ്പോലുള്ളവർക്കു ഗ്രഹിക്കുവാൻ കഴിവില്ല; അതുകൊണ്ടുമാത്രം.

തോ—വാനരനും നാരിയും തമ്മിലുള്ള പ്രേമം നടക്കാൻ പോകുന്നതോ നടന്നുകഴിഞ്ഞതോ?

വീ—രണ്ടുമാകാം. കുരങ്ങു മനുഷ്യനായും മനുഷ്യൻ കുരങ്ങായും രൂപാന്തരപ്പെട്ടും; രൂപാന്തരപ്പെട്ടിട്ടുണ്ട്".

തോമ—അങ്ങനെയൊന്നും ഇതുവരെ കേട്ടിട്ടില്ലല്ലോ.

വീ—കേട്ടിട്ടില്ല! റഷ്യയിൽ അടുത്ത കാലത്തു് രണ്ടു കുരങ്ങന്മാർ മനുഷ്യരായ സംഭവം ഞാൻ മാസ്റ്റർ ചെക്കോവിന്റെ പത്രത്തിൽ വായിക്കയുണ്ടായി.

തോമ—അതു പത്രക്കാരുടെ വെറും നുണ.

വീ—താങ്കൾക്കു റഷ്യയെപ്പറ്റി എന്തറിയാം! നീതിയും ന്യായവും നടക്കുന്നതും വ്യാജംകൊണ്ടു വ്യ

വസായം ചെയ്യാത്തതുമായ ഒരു രാജ്യം ഇന്നു ഭൂമുഖത്തുണ്ടെങ്കിൽ അതു റഷ്യ മാത്രമാണു്.

തോമ—അതുകട്ടെ, ആ പത്രം ഒന്നു കാണിക്കാമോ?

വീ—ഛേ, ഛേ, എന്നെപ്പോലെയുള്ള ഒരു സമുദായോദ്ധാരകനെ സംശയിക്കയോ. നിങ്ങൾക്കൊക്കെ ഒരബദ്ധം പിണയുന്നുണ്ടു്.

തോമ—എന്തബദ്ധം?

വീ—ദൈവം, മതം, സമുദായം ഇങ്ങനെ മൂന്നു തൂൽക്കമ്പികളാണു് നിങ്ങളുടെ ഹൃദയത്തെ സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ നിന്നും ബഹിഷ്കരിച്ചു് അടിമത്തത്തിൽ ഉറപ്പിച്ചു നിറുത്തിയിരിക്കുന്നതു്.

തോമ—അങ്ങു് എന്നെപ്പറ്റി ഇങ്ങനെ സംശയിക്കരുതു്. ദൈവം, മതം, സമുദായം ഇവ മൂന്നിനേയും എത്രയോ മുമ്പുതന്നെ ഞാൻ എന്റെ ഹൃദയത്തിൽ നിന്നും തുത്തടിച്ചുകളഞ്ഞിരിക്കുന്നു!

വീ—ശരി. നിങ്ങളുടെ ഹൃദയത്തിൽ നിന്നും പുറത്തിറങ്ങി ഇപ്പോൾ അവ നിങ്ങളുടെ വസ്ത്രാഞ്ചലത്തിൽ പിടിക്രൂടിയിരിക്കയാണു്. അതുകയാൽ വസ്ത്രംക്രൂടെ ഉരിഞ്ഞുകളയണം ഹേ.

തോമ—സാറിനു മൂണ്ടല്ലൊ വസ്ത്രം.

വീ—അപ്പോൾ മനസ്സിലായില്ലെന്നു പറയൂ. പുരോഗമനസാഹിത്യകാരന്മാർ ലളിതമായ ഭാഷയിലാണു് എഴുതുകയും സംസാരിക്കയും ചെയ്യാറുള്ളതു്. എന്നാലും അതുൾക്കൊള്ളുവാൻ ചിലക്കു ത്രാണിയില്ല.

തോമ—ഞാൻ സമ്മതിക്കുന്നു. പുരോഗമനസാഹിത്യത്തിൽ എനിക്കിതുവരെയും വലിയ പിടികിട്ടിയിട്ടില്ല.

വീ—യാഥാർത്ഥ്യം തുറന്നുസമ്മതിക്കുന്നതുതന്നെ പുരോഗമനസാഹിത്യത്തിന്റെ ചവിട്ടുപടിയിലേക്കുള്ള ഒരു കാൽകുത്തലാണു്. എന്നാൽ ഉള്ളിലേക്കു കടക്കണമെങ്കിൽ വേറെ ചില ഭാരങ്ങൾ കൂടി നിങ്ങൾ ഇറക്കിവയ്ക്കേണ്ടിയിരിക്കുന്നു.

തോ—ഏതെല്ലാമാണെന്നു പറഞ്ഞാൽ ഉപകാരമായി.

വീ—വസ്ത്രമാണു് ഒന്നു്. വസ്ത്രം എന്നു പറഞ്ഞാൽ ലജ്ജ; മനസ്സിലായോ?

തോമ—ഇപ്പോൾ കായ്ങ്ങൾ നേരെ ഗ്രഹിച്ചു തുടങ്ങിയിരിക്കുന്നു.

വീ—ഒരു പുരോഗമനസാഹിത്യകാരൻ ലജ്ജയില്ലാത്തവനായിരിക്കണം. ഏതു ചെളിക്കുണ്ടിലും അവൻ ഇറങ്ങിത്തപ്പണം. കൂട്ടുകാരെ ക്ഷണിക്കയും ചെയ്യണം.

തോമ—അങ്ങു് ഒരു സമുദായോദ്ധാരകൻതന്നെ. അങ്ങയുടെ ഒരു പാദസേവകനായി ഈ വിനീതനെ ക്രൂടെയും സ്വീകരിപ്പാൻ അപേക്ഷ.

വീ—താങ്കൾ എന്റെ ഒരു സ്നേഹിതനാണെന്നു ഞാൻ പറഞ്ഞല്ലൊ. ഇനിയും ആ അടിമമനസ്ഥിതി! ആരുടേയും മുമ്പിൽ തലകുനിക്കാതിരിക്കുന്നതിനു് 'ഞാൻ ഒരു മനുഷ്യനാണു്; ഏവനോടും സമനാണു്; എനിക്കു ജീവിക്കുവാൻ അവകാശമുണ്ടു്; പടവെട്ടിയും ഞാൻ ജീവിക്കും' ഈ വാക്യങ്ങൾ തലയുയത്തിപ്പിടിച്ചു് ഉറക്കോടെ ഉൽഘോഷിക്കു—മുന്നുപ്രാവശ്യം.

(തോമസു് മൂന്നുപ്രാവശ്യം വാക്യങ്ങൾ ആവർത്തിക്കുന്നു.

വീ—താങ്കളെ ഇപ്പോൾമുതൽ ഔദ്യോഗികമായി എന്റെ സമിതിയിൽ ചേർത്തിരിക്കുന്നു.

ഇനി സമന്മാരെപ്പോലെ സംസാരിക്കാം.

തോമ—ഒരു പ്രത്യേകകാര്യം പ്രമാണിച്ചാണു് ഞാൻ ഇങ്ങോട്ടു വന്നിരിക്കുന്നതു്.

വീ—പറയാമല്ലൊ കാര്യമെന്തെന്നു്

തോമ—അങ്ങു് മനുഷ്യസമുദായത്തിന്റെ ഒരാചാര്യനാണെന്നുള്ള വിശ്വാസം എനിക്കുണ്ടു്.

വീ—മാന്യസഖാവേ, ഒരാചാര്യനാണോ ഞാൻ എന്നൊന്നിക്കറിഞ്ഞുകൂടാ. എങ്കിലും ഞാൻ ആരിൽ നിന്നും അത്തരം ഒരു സർട്ടിഫിക്കറും ആവശ്യപ്പെട്ടന്നില്ല.

തോമ—അങ്ങയുടെ വിനയത്തിന്റെ മുമ്പിൽ എന്റെ ആയിരം ക്ലൂപ്പുകൈകൾ:

വീ—കൊള്ളാം. കാര്യത്തിലേയ്ക്കു പ്രവേശിക്കുക

തോമ—വീട്ടിൽ എനിക്കു മനസ്സമാധാനമൊട്ടുമില്ല.

വീ—ഭാര്യയാണോ അതിനുകാരണം?

തോമ—അതെ, ഭാര്യതന്നെ

വീ—ഭാര്യ എന്തുചെയ്യുന്നു?

തോമ—എനിക്കു മതത്തോടു് യാതൊരുപ്രതിപത്തിയുമില്ല; എന്നാൽ അവൾക്കു നേരേമറിച്ചാണു്.

വീ—പല ഉൽകൃഷ്ടകുടുംബങ്ങളിലും അങ്ങനെ ഒരനുഭവം കാണുന്നുണ്ടു്. എന്തുചെയ്യാം! നാം കുറേക്കൂടി കാത്തിരിക്കണം. ങഹ്, വീട്ടിൽ മറ്റാരെല്ലാമുണ്ടു്?

തോമ—സന്താനങ്ങളുണ്ടു് അവരെല്ലാം അമ്മയുടെ കക്ഷിയാരെ്

വീ—നിങ്ങളുടെ കക്ഷിയിൽ ആരുമില്ലേ?

തോമ—മോളി എന്നൊരുമകൾ എന്റെ കക്ഷിയാണെന്നതോന്നുന്നു.

വീ—കൊള്ളാം, ഒരാളെങ്കിലുമുണ്ടല്ലൊ നമ്മുടെ ആശയങ്ങൾ തിരുകിക്കയറ്റുവാൻ

തോമ—അങ്ങയുടെ പുസ്തകങ്ങളോട് അവൾക്ക് വലിയ താൽപ്പര്യമാണു്

വീ—അവൾക്കൽപ്പം ജീവനുണ്ടെന്നാണു് അതിന്റെ അർത്ഥം. കുറെപുസ്തകങ്ങൾ അങ്ങു് വാങ്ങികൊടുത്തേക്കണം വായിക്കട്ടെ.

തോമ—നല്ലകൂട്ടി! പുസ്തകങ്ങൾ എങ്ങനാ വീട്ടിൽ കൊണ്ടു കയറ്റുന്നതു്?

വീ—പുസ്തകങ്ങൾ നല്ല വില കൊടുത്തു വാങ്ങികയ്യിൽ പിടിച്ചുകൊണ്ടങ്ങു കയറണം.

തോമ—അതിലല്ലെ ഞങ്ങൾ തമ്മിലുള്ള വഴക്കു്! ഞാൻ വാങ്ങിക്കൊണ്ടുചെല്ലുന്ന പുസ്തകങ്ങളെല്ലാം അവൾ നശിപ്പിച്ചു കളയുന്നു.

വീ—അതുവ്വോ. അസാധാരണധൈര്യം. ഏതെല്ലാം പുസ്തകങ്ങളാണു് അങ്ങനെ നശിപ്പിച്ചതു്.

തോമ—കഴിഞ്ഞ മാസത്തിൽ "കണിയറ" എന്ന പുസ്തകം അവൾ പിച്ചാങ്കത്തികൊണ്ടു ചെത്തിക്കീറി ദൂരെ എറിഞ്ഞുകളഞ്ഞു.

വീ—അതൊരു സാഹസകൃത്യംതന്നെ. അതിനൊരു പാഠം അപ്പഴേ താങ്കൾ അവളെ പഠിപ്പിക്കേണ്ടതായിരുന്നു.

തോമ—അസുഖം വർദ്ധിപ്പിക്കേണ്ടല്ലൊ എന്നു കരുതി ഞാൻ ക്ഷമിക്കയാണു ചെയ്തതു്. പിന്നെ ഇന്നലെ ഞാൻ പെട്ടിയിൽ പൂട്ടിവച്ചിരുന്ന "തീവേഗം" അവൾ അടുപ്പിലിട്ടു ചുട്ടുകളകൂടി ചെയ്തു.

വീ—മാന്യസുഹൃത്തേ, എനിക്കിനി ശ്വസിക്കുവാൻ ക്ഷമ അശേഷമില്ല. പൊട്ടക്കത്തനാമ്മാരുടെ ഓത്താണിതിനു കാരണം. കഠാരികൊണ്ടായിരുന്നു

താങ്കൾ ഇതിനു പ്രതികാരം ചെയ്യേണ്ടിയിരുന്നതു് കാലതാമസം നേരിട്ടാലും ലോകത്തിനു താങ്കൾ ഒരു പാഠം നൽകണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

തോമ–അവളെ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു എന്നുപറഞ്ഞിട്ടാണു പോന്നതു്.

വീ–ഭേഷ്, അതുതന്നെഉത്തമം. അവൾ ചാകാതെ ദഹിക്കുന്നതാണു് ഒറ്റപ്രയോഗത്തിനു കാല പൂരിക്കുപോകുന്നതിനേക്കാൾ നന്നു്.

തോമ–"ദൈവം യോജിപ്പിച്ചതിനെ മനുഷ്യനു വേർപെടുത്തുവാൻ സാദ്ധ്യമല്ല" എന്നൊരുഭീഷണിയും അവൾ എന്റെ പിറകേ വലിച്ചെറിഞ്ഞു.

വീ--ഹീയർ, ഹീയർ ഇതാണു പുരോഗമന സാഹിത്യം, മനസ്സിലായൊ? താങ്കൾ അറിയാതെതന്നെ ആ വെട്ടിൽ വന്നുവീണിരിക്കുന്നു. "ഒരു ഭീഷണി അവൾ എന്റെ പിറകേവലിച്ചെറിഞ്ഞു!" സുമനോഹരംതന്നെ.

തോമ—അപ്പോൾ എനിക്കല്പം ഭയമുണ്ടായി എന്നു പറയാതിരിക്കുവാൻ തരമില്ല.

വീ—എന്തുഭയം! പോകാൻപറ. വിവാഹം, ഭായ്! ഇതൊക്കെ എന്താണു്! നീതിയറ സമുദായത്തിന്റെ ചില വിലങ്ങുതടികൾ! അതൊക്കെ തട്ടിദൂരെ എറിയണം.

തോമ–പക്ഷെ, എന്റെ സ്നേഹം പകർന്നുവയ്ക്കുവാൻ ഒരു ചഷകം എനിക്കുവേണമെന്നുണ്ടു്. അവളെ ഉപേക്ഷിച്ചിട്ടു പിന്നെഞാനെന്തുചെയ്യും?

വീ–താങ്കൾക്കു് ഒരു ചഷകമല്ലേ വേണ്ടു. ഇവിടെ പെളമ എന്നുപറഞ്ഞൊരുത്തിയുണ്ടു്. ഉള്ളതൊക്കെ അങ്ങോട്ടു പകർന്നേക്കണം.

തോമ—ഹേ, ഹേ, നിങ്ങളുടെ ഫാദർ?

വീ—ഫാദർ, മദർ ഇതൊന്നും എന്റെ ഏറ്റിധപെട്ടതല്ല. അയാൾ ഇവിടെ വല്ലപ്പോഴും വരും പോകും. അതിനു നിങ്ങൾക്കെന്തു്? ആ സ്ത്രീയുടെ സമ്മതമല്ലെ നിങ്ങൾക്കു വേണ്ടു.

തോമ—ആളുകൾ എന്തു പറയും?

വീ-ആരെഭയപ്പെടണം? സമുദായത്തെ ബോധിപ്പിക്കാൻ വേണമെങ്കിൽ ഒരുരജിസ്റ്റർ വിവാഹം അങ്ങുനടത്തിയേക്കു. സ്വത്തിൽ ഒരുവീതം എഴുതികൊടുക്കുന്നതിനും വിരോധമില്ല.

തോമ-വയസ്സു് ഒരുപതിനുമേൽ കാണുകയില്ലെ?

വീ-വയസ്സു് ഇക്കാലത്താരു വകവയ്ക്കുന്നു? ക്രൂടി വന്നാൽഒരിരുപതിന്റെ വ്യത്യാസം കാണും. റഷ്യയിലെ ഒരു ശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ എ. ഹോഗോമോളറ്റ്. അദ്ദേഹം ഒരു ലേഹം കണ്ടുപിടിച്ചിട്ടുണ്ടു്. അതുസേവിച്ചാൽ മനുഷ്യൻ 150 കൊല്ലത്തോളംജീവിക്കും. 150 എന്നുപറയുമ്പോൾ 60 എന്താണു്? പല്ലുമുളയ്ക്കാത്ത ബാല്യപ്രായം. നിങ്ങൾക്കു് രണ്ടുപേർക്കും ആമരുന്നു വരുത്തിതന്നേക്കാം പേരെ?

തോമ-ഹൊഗോമോളറ്റ് 64-ാമത്തെ വയസ്സിൽ കഴിഞ്ഞ ജൂലൈ മാസം 19-ാംനു- മരിച്ചു പോയി എന്നു കേട്ടില്ലൊ.

വീ—അതിനെന്താഹേ? മറ്റാളുകൾക്കു വേണ്ടിയല്ലയോ അവർ കണ്ടുപിടുത്തങ്ങൾ നടത്തുന്നതു്? എഡിസൻ ഗ്രാമഫോണിന്റെ മൂലതത്വങ്ങൾ കണ്ടുപിടിച്ചു. ഇപ്പോൾ നമ്മളല്ലെ അതു കേട്ടാസ്വദിക്കുന്നതു്.

തോമ–സ്സാറിനോടു വാദിച്ചു ജയിക്കുവാൻ ഞാനില്ല. അതുകൊണ്ടു ഞാനെന്തു ചെയ്യണമെന്നു തീർത്തു പറയണം.

വീ– അനുവർത്തിക്കുവാൻ തയാറുണ്ടെങ്കിൽപറയാം.

തോമ–ഞാൻ മറ്റേതാചാര്യന്റെ അടുക്കലേക്കാണു് പോകേണ്ടതു്?

വീ–എന്നാൽ താങ്കൾ എങ്ങുംപോകേണ്ട. ഇവിടെസുഖമായി താമസിക്കാം. എന്റെ ഉപദേശങ്ങളും സ്വീകരിക്കാം.

തോ–ദൈവത്തെ ഞാൻ ഉപേക്ഷിച്ചു. ഇനി അവിടുന്നല്ലാതെ മറ്റൊരാശ്രയവുമില്ല.

വീ–എന്നാൽ നമുക്കകത്തേക്കു പോകാം.

(കർട്ടൻ)

രംഗം 5

(സിറിയക്കിന്റെ ബംഗ്ലാവു്)

(ഫാദർസിറിയക്കു് ഒരു ചാരുകസാലയിൽ കിടന്നു പത്രം നോക്കുന്നു. മാത്യൂസ് കതകിൽ മുട്ടുന്നു)

ഫാദർ സിറിയക്കു്–കം ഇൻ പ്ലീസ്. കതകു തുറന്നു് അകത്തുവരൂ. (മാത്യൂസ് പ്രവേശിക്കുന്നു)

മാത്യൂ–പ്രെയിസ് ബീ റ്റു ജീസസ്, ഫാദർ.

(അച്ചൻ ആശ്ചര്യംചെയ്യുന്നു)

ഫാ. സി–കൊള്ളാം. എന്തൊക്കെയാണുവിശേഷം, മാത്യൂസ്? ആ കസേരയിലേക്കിരിക്കാം. (ഇരിക്കുന്നു)

മാത്യു-അടുത്ത ദിവസം ഒരു തമാശ് ഉണ്ടായി; അച്ചൻ അറിഞ്ഞോ?

ഫാ. സി-ഇല്ല

മാത്യു-മി. കോളിയാർ സ്റ്റീഫൻ വഴിപിശകി വീട്ടിൽ ഒന്നു കയറിച്ചെന്നു.

ഫാ. സി-ചിത്താർദാ ആഴ്ചപ്പതിപ്പിൽ ആ കഥ എഴുതിയിരിക്കുന്ന കോളിയാറോ?

മാത്യു-അതെ, അതെ അവൻതന്നെ.

ഫാ. സി-ആ കഥ വായിച്ചപ്പോഴേ എനിക്കു തോന്നി മി. കോളിയാറിനു ഏതോ അക്കിടി പറ്റിയിട്ടുണ്ടെന്നു്. ഇപ്പോഴല്ലെ അതിന്റെ രസംവന്നതു്. കേൾക്കട്ടെ, കേൾക്കട്ടെ.

മാത്യു-കഥ എന്തോന്നാ അച്ചാ?

ഫാ: സി-ദാ നോക്കു (ചിത്താർദാ എടുത്തുകൊടുക്കുന്നു) "കൈവിഷം" എന്നാണു തലക്കെട്ടു് മൂശേട്ട എന്നൊരു ക്രിസ്ത്യൻ സ്ത്രീ പങ്കമ്മ എന്നൊരു ഹൈന്ദവസ്ത്രീയെ കൈവിഷംകൊടുത്തു മയക്കി മാർഗ്ഗത്തിൽ ക്രട്ടാൻ ശ്രമിക്കുന്നതാണു കഥ.

മാത്യു-കൊത്തും കോളും ഒപ്പിച്ചു് അവർ കഥവാത്തിട്ടുണ്ടു്. അവനെന്തുപറഞ്ഞെന്നുകൂടി ഞാനൊന്നു പറയട്ടെ.

ഫാ. സി-അതിലല്ലെ രസമിരിക്കുന്നതു്; പറയൂ

മാത്യു-കഴിഞ്ഞ ആഴ്ചയിൽ ഒരു ദിവസം അവൻ മോളിയെകാണാൻ പോയപോക്കിനു്, വഴിതെറ്റി എന്ന ഭാവത്തിൽ വിലസാൻ അങ്ങോട്ടൊന്നു കയറി. ശോശാമ്മയും, ഭാഗീരഥിയമ്മയും അവിടെയുണ്ടായിരുന്നു. അവർ രണ്ടുംകൂടി അവനെ ആട്ടിപുറത്തുചാടിക്കയും ചെയ്തു. അതിന്റെ പകവീട്ടാനല്ലെ ഈ കഥ.

ഫാ. സി–ഓഹോ അപ്പോൾ ഈ കഥ നമ്മുടെ ശോശാമ്മയേയും ഭാഗീരഥിയമ്മയേയുംകുറിച്ചാണു്. നമ്മുടെ മോളിയെപ്പറ്റി എന്തറിയാം?

മാത്യു–മോളിമൂലം എന്തെല്ലാം അനർത്ഥങ്ങളാണു് ഉണ്ടാകാൻ പോകുന്നതെന്നെനിക്കറിഞ്ഞുകൂടാ. പ്രണയക്കാരുതന്നെയുണ്ടോരുഡസണിൽ കുറയാതെ. അവരോ, അറുവഷളന്മാരും.

ഫാ. സി–ചെറുപ്പത്തിൽ അവൾ എത്രയോ നല്ല ഒരു കുഞ്ഞായിരുന്നു! അവൾ ഇങ്ങനെ അധഃപതിച്ചുപോകാൻ കാരണം അവളുടെ പുതിയ പുസ്തകങ്ങളാണെന്നാണെന്റെ അഭിപ്രായം.

മാത്യു–സംശയമില്ലച്ചാ. ഞാനവളെ കാണുമ്പോഴൊക്കെയും അവളുടെ കയ്യിലുണ്ടു് വളരെ ഉഷാറുള്ള ഗ്രന്ഥങ്ങൾ. അതെല്ലാം വായിച്ചുവായിച്ചു് അവളുടെ തലതിരിഞ്ഞുപോയി. അളിയൻ അതിനു സഹായവും നിന്നിരുന്നു.

ഫാ. സി–പുരോഗമനസാഹിത്യകാരന്മാരെന്നു പറയുന്നവരുടെ ഗ്രന്ഥങ്ങൾ എല്ലാംതന്നെ ചീത്തയല്ലെ?

മാത്യു–അങ്ങനെ പൊതുവിൽ വിധിക്കുന്നതു് സാഹസമാണെന്നതോന്നുന്നു. അവരുടെ ആവിർഭാവത്തോടുകൂടി ഭാഷയ്ക്കു് ഒരുണർവുണ്ടായിട്ടുണ്ടെന്നുസമ്മതിക്കണം. പല നല്ലകാര്യങ്ങളും അവർ പറയുന്നുമുണ്ടു്.

ഫാ. സി–അവർ പറയുന്ന നല്ലകാര്യങ്ങൾ ഏതെല്ലാമാണു്?

മാത്യു–മുതലാളികളും ധനികന്മാരും പലപ്പോഴും വളരെ നിഷ്ഠുരമായും ക്രൂരമായും സാധുക്കളോടു പെരുമാറുന്നില്ലെ? അതുപോലെതന്നെ വൈദികരും ഹൃദയശൂന്യരെപ്പോലെ വർത്തിക്കാറില്ലെ?

ഫാ. സി–ചില മുതലാളികളും ചില വൈദികരും ഇങ്ങനെ ഒക്കെ പ്രവർത്തിക്കുന്നുണ്ടായിരിക്കാം; ഞാൻ സമ്മതിക്കുന്നു. നേരേമറിച്ചും പ്രവർത്തിക്കുന്നവരില്ലെ അക്രൂട്ടത്തിൽ?

മാത്യു–അതുണ്ട്.

ഫാ. സി–എന്നാൽ അവരുടെ ലേഖനങ്ങളും പ്രസ്ഥങ്ങളും ജനതാമദ്ധ്യത്തിൽ ഒരു വലിയ തെറ്റിധാരണ ഉളവാക്കുന്നുണ്ട്. അതായതു്, എല്ലാമുതലാളികളും എല്ലാവൈദികരും അക്രമികളും ദുഷ്ടന്മാരുമാണെന്നു്.

മാത്യു–എല്ലാവരും അങ്ങനെയാണെന്നു് അവർ ഒരിക്കലും പറയാറില്ലല്ലൊ അച്ചാ.

ഫാ. സി–അവർ പ്രത്യക്ഷത്തിൽ അങ്ങനെ പറയുന്നില്ലായിരിക്കാം. എങ്കിലും സ്ഥാലീപുലാകന്യായമനുസരിച്ചാണു് സാധാരണ ജനങ്ങളുടെ വിധി.

മാത്യു–അതൊന്നുകൂടി വിശദമാക്കണം.

ഫാ. സി–അടുപ്പത്തിരിക്കുന്ന പാത്രത്തിൽനിന്നും ഒരു ചോറെടുത്തുനോക്കിയാണല്ലൊ മറ്റുള്ളതിന്റെ വേവുനിശ്ചയിക്കാറുള്ളതു്. ഇതുപോലെ സാധാരണ ജനങ്ങൾ പുസ്തകത്തിലോ, ലേഖനത്തിലോ കാണുന്ന ഒരാളിൽനിന്നും ആ സെറ്റിനെ മുഴുവനെപ്പറ്റിയും ഒരുവിധിഎഴുതിത്തള്ളുന്നു. അതു വാസ്തവത്തിനു വിരുദ്ധമായിരിക്കയില്ലെ?

മാത്യു–പുരോഗമനസാഹിത്യകാരന്മാർ അതൊരു നല്ല ഉദ്ദേശത്തോടുകൂടി ചെയ്യുന്നതെങ്കിൽ ക്ഷന്തവ്യമല്ലേ?

ഫാ. സി–ആളുകളെ മനഃപൂർവം തെറ്റിധരിപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ നല്ല ഉദ്ദേശമെന്നൊന്നു മറഞ്ഞിരിക്കുമെന്നു വിചാരിക്കുന്നതുതന്നെ അബദ്ധം.

ഇനി അതു സമ്മതിച്ചാൽതന്നെയും അവരുടെയു നല്ല ഉദ്ദേശം എന്താണു്?

മാതൃ-അടിമത്വം അനുഭവിക്കുന്ന സാധുക്കൾക്കു് സ്വാതന്ത്ര്യവും രക്ഷയും ലഭിക്കണമെന്നുള്ളതു്.

ഫാ. സി-അതു ഉദ്ദേശം നല്ലതുതന്നെ. പക്ഷേ അതു ഉദ്ദേശത്തിൻെറകൂടെ മറെറാരുകൂട്ടരെ നശിപ്പിക്കണമെന്നും ലാക്കുണ്ടെങ്കിലോ?

മാതൃ-മുതലാളികളെ നശിപ്പിക്കണമെന്നുള്ള ഉദ്ദേശം അവർക്കുണ്ടായിരിക്കാം. ഒരു കൂട്ടർ നശിക്കാതെ മറെറാരുകൂട്ടർക്കു് അഭിവൃദ്ധിയുണ്ടാകയില്ല എന്നുകാണുന്നതുകൊണ്ടല്ലെ അതു്?

ഫാ. സി-ഒരുകൂട്ടരെ നശിപ്പിക്കണമെന്നുള്ള ഉദ്ദേശം എങ്ങനെയായാലും സാധൂകരിക്കത്തക്കതല്ല.

മാതൃ-ഇത്രകാലവും മർദ്ദിക്കപ്പെട്ടും ചൂഷണം ചെയ്യപ്പെട്ടും മൃഗതുല്യം ജീവിച്ചിരുന്ന മൂകലക്ഷങ്ങളോടുള്ള കൂട്ടുതൽ അനുകമ്പയായിരിക്കുന്നതേ അവരുടെ ഈ മനഃസ്ഥിതിക്കുകാരണം?

ഫാ. സി-എന്നാൽ ഒരു ചോദ്യം. മുതലാളികളെന്നും തൊഴിലാളികളെന്നും രണ്ടു വർഗ്ഗക്കാരെ ദൈവം ഇനംതിരിച്ചു സൃഷ്ടിക്കുന്നുണ്ടോ?

മാതൃ-അതില്ല.

ഫാ. സി-എന്നാൽ മുതലാളികളും തൊഴിലാളികളും എങ്ങനെ ഉണ്ടായി ലോകത്തിൽ?

മാതൃ-ചൂഷണം ചെയ്യുവൻ മുതലാളിയായി; ചൂഷണം ചെയ്യപ്പെട്ടവൻ തൊഴിലാളിയും.

ഫാ. സി-അങ്ങനെയെങ്കിൽ എനിക്കൊരു സംശയം.

മാതൃ-എന്തായിരിക്കുമോ അതു്?

ഫാ. സി–കുറേകാലങ്ങൾക്കുമുമ്പു് ഒരേ സാമ്പത്തികസ്ഥിതിയിൽ ജീവിച്ചിരുന്ന രണ്ടു തൊഴിലാളികളെ ഞാൻ അറിയും. ഒരേജോലിയും ഒരേ കൂലിയും അവർക്കു ദിവസവും ഉണ്ടായിരുന്നു. രണ്ടും കല്ലുവെട്ടുകാർ. ഒരുത്തൻ വീട്ടിലെ ന്യായമായചെലവുകഴിച്ചു് ബാക്കിവരുന്ന തുക ബാങ്കിൽ നിക്ഷേപിച്ചിരുന്നു. മറവൻ കിട്ടുന്നതും അതിലപ്പുറവും ചെലവാക്കി കള്ളുകുടിയും നടത്തിയിരുന്നു. മരനീരു് ക്ഷീണം തീർക്കാൻ നല്ലതാണെന്നായിരുന്നു അവന്റെ വേദാന്തം. ഇങ്ങനെ കാലങ്ങൾ മുന്നോട്ടുനീങ്ങി. ആദ്യത്തവനു് ഒരു നല്ലപുരയും കുറെകൃഷിസ്ഥലങ്ങളും ഇപ്പോൾ സ്വന്തമായുണ്ടു്. അപരൻ ഒരിരപ്പാളിയായും ജീവിക്കുന്നു. ഇതിൽ ചൂഷണം ചെയ്തതു് ആരു്; ചൂഷണം ചെയ്യപ്പെട്ടതു് ആരു്; ഒന്നു പറയാമോ?

മാതൃ—അച്ഛാ, ഞാനിങ്ങനെ ഇതിനു മുമ്പൊരിക്കലും ചിന്തിച്ചിട്ടുണ്ടായിരുന്നില്ല. അച്ഛന്റെ യുക്തി തുളഞ്ഞുകയറുന്ന ഒന്നുതന്നെയാണു്.

ഫാ. സി–അവർ ഈ പെരുമ്പറ അടിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ലെന്നു് ഇപ്പോൾ തോന്നുന്നുണ്ടല്ലൊ?

മാതൃ–ഇപ്പോൾ അങ്ങനെ തോന്നുന്നു.

ഫാ: സി–ഇനിയുമുണ്ടു്. അവരുടെ സാഹിത്യം ഒരു വരാഹത്തെപ്പോലെ ചെളിക്കുണ്ടുകളിൽ കിടന്നു പിടഞ്ഞുരസിക്കയല്ലെ ചെയ്യുന്നതു്?

മാതൃ–ചിലരുടേതുവെറും ആഭാസത്തരത്തിന്റെ മുച്ചീട്ടുകളിയാണു്.

ഫാ. സി–"നാലു ചീഞ്ഞകഥകൾ" എന്ന പുസ്തകം കണ്ടില്ലെ?

മാതൃ–എൻറച്ഛാ, ഞാനതൊന്നേനോക്കിയുള്ളു. എന്റെ തല മരവിച്ചുപോയി. മനുഷ്യകുലത്തിന്റെ

ഒരുപമാനസ്തംഭമായി അതെന്നും നിലനില്ക്കുമെന്നാ ണെന്റെ ബോധ്യം.

ഫാ. സി— താങ്കൾ ഒരുപുരോഗമന സാഹിത്യ കാരനല്ല എന്നെനിക്കിപ്പോൾ മനസ്സിലായി.

മാത്യൂ–അതെങ്ങനെ?

ഫാ. സി–ഒരുപുരോഗമന സാഹിത്യകാരൻ പ റയുമായിരുന്നവാചകം കേൾക്കണമോ?

മാത്യൂ – എങ്ങനെ ആയിരിക്കും?

ഫാ.സി—'നാലുചീഞ്ഞകഥകൾ, എന്നപരിപാവ നമായഗ്രന്ഥം മനുഷ്യമാഹാത്മ്യത്തിന്റെയും തുലികാ സ്വാതന്ത്ര്യത്തിന്റെയും ആദ്യത്തെ മൈൽക്കുറ്റിയും, മതത്തിന്റെ ചട്ടക്കൂട്ടിൽനിന്നും അടിമത്തത്തിന്റെ ഇരുട്ടറയിൽനിന്നും മനുഷ്യൻ മികച്ചുകയറി അഭികാ മ്യമായ സ്വാതന്ത്ര്യത്തിന്റെ വിശാലമായമടിത്തട്ടിൽ ചവിട്ടി നിൽക്കുന്നതിന്റെയും ശാശ്വതസ്മാരകമായി നിതരാം വിലസുന്നതാണു':

മാത്യൂ.—അസലായിരിക്കുന്നു. ഇപ്പോൾ അച്ച നാണു പുരോഗമന സാഹിത്യകാരൻ.

ഫാ. സി–യഥാർത്ഥപുരോഗമനത്തോട്ട് വൈദി കർ ഒരിക്കലും എതിരല്ല. ഇന്നത്തെദ്ധ്വംസം വമി ക്കുന്ന കഥകളും ഗ്രന്ഥങ്ങളും കൊണ്ടു് അവർ മനു ഷ്യസമുദായത്തിന്റെ സാന്മാർഗ്ഗിക നരമ്പുകൾക്കു് ക ത്തിവയ്ക്കുയാണു ചെയ്യുന്നതു്.

മാത്യൂ – അതുതന്നെയോ. ദൈവമില്ല,മതംവേ ണ്ടാ എന്നിങ്ങനെയുള്ള കമ്മ്യൂണിസ്റ്റ് ആദർശങ്ങളാ ണു് അവരുടെസാഹിത്യത്തിന്റെ തായിത്തടിയാ യിവിളരുകയും ചെയ്യുന്നതു്.

ഫാ. സി–ദൈവം ഇല്ല എന്നുപറയുവാനും അ പ്രകാരം അന്യരെ പഠിപ്പിക്കുവാനും ഒരാൾക്കുകഴി

ഞ്ഞു എന്നവരാം. പക്ഷേ ദൈവത്തെ ഇല്ലാതാക്കുവാൻഒരുതരം സാഹിത്യത്തിനോ ഒരുജനസമൂഹത്തിനോ കഴിയുമെന്നു വ്യാമോഹിക്കുന്നതു് മൂഢതയുടെ മൈൽക്കുറ്റികളുടെ വർദ്ധിപ്പിക്കലല്ലെ?

മാതൃ – ദൈവം ഇല്ലഎന്നു പറയുന്നതു് ഒരുതരം പരിഷ്കാരമായിട്ടാണു ഇപ്പോഴത്തെ ചിലയുവാക്കന്മാർ കരുതുന്നതു്

ഫാ. സി–ദൈവത്തെ ക്രൂടാതെ ഒരു സാഹോദര്യം സ്ഥാപിച്ചു കളയാമെന്നു് അവർ വിചാരിക്കുന്നു. വിഡ്ഢിത്തങ്ങൾ അട്ടിഅട്ടക്കിവച്ചുകൊണ്ടല്ലയോ അവർ മുകളിലേക്കു കൈനീട്ടുന്നതെന്നും നോക്കുക.

മാതൃ — അച്ഛാ, മനുഷ്യസമുദായത്തിനു് ഒരുമഹാരോഗം പിടിപെട്ടിട്ടുണ്ടെന്നു സമ്മതിക്കണം. അതിനുള്ള പ്രത്യൗഷധം എന്താണു്?

ഫാ. സി–മഹാരോഗംഎന്നുപറഞ്ഞാൽ!

മാതൃ – ഉച്ചനീചത്വങ്ങൾ അധികരിച്ചു സമുദായത്തിനു് അസഹനീയമായ ഒരു വയറു വേദനതന്നെ ഉണ്ടായിരിക്കുന്നു. അതിനുപറ്റിയ ഔഷധം എന്താണെന്നാണു ഞാൻ ചോദിക്കുന്നതു്?

ഫാ. സി –അതായതു് ധനവാനും ദരിദ്രനും ഉണ്ടാകാതിരിക്കുന്നതിനു് നാം എന്തുപദ്ധതിയാണു നടപ്പിൽ വരുത്തേണ്ടതു്, എന്നല്ലെ?

മാതൃ – അതുതന്നെ.

ഫാ. സി–അതിനു് ഒറ്റപദ്ധതിമാത്രമേയുള്ളൂ

മാതൃ – അതല്ലെ എനിക്കു കേൾക്കേണ്ടതു്.

ഫാ. സി–കേട്ടുകൊള്ളൂ. നാം മേച്ചിലോടവാക്കാൻ ഉപയോഗിക്കുന്നതരത്തിലുള്ള ഒരച്ചു് ദൈവം മനുഷ്യനെസൃഷ്ടിക്കുവാൻ ഉണ്ടാക്കണം. ലോകത്തിൽ ജനിക്കുന്ന എല്ലാമനുഷ്യർക്കും ഒരേനീളം, ഒരേവണ്ണം,

ഒരേനിറം, ഒരേആകൃതി, ഒരേബുദ്ധി, ഒരേപ്രകൃതി എന്നിവഉണ്ടായിരിക്കണം. എല്ലാവർക്കും ആരോഗ്യവും ഒന്നുപോലെ. അതുപോരാ ഭൂമിയെ സംബന്ധിച്ചും ഒരുപോലെ ആവശ്യമായിവരും. അതായത് എല്ലാസ്ഥലത്തും ഒരേരീതിയിൽ ഫലപുഷ്ടിയുണ്ടായിരിക്ക. ഒരേതോതിൽ ചൂടും മഞ്ഞും തണുപ്പും വർഷവും ഉണ്ടായിരിക്ക; എന്നിങ്ങനെ.

മാതൃ – അപ്പോൾനെന്താണ് ഈ നടപ്പില്ലാത്ത കാര്യമൊക്കെ പറയുന്നത്?

ഫാ. സി – എന്റെ സ്നേഹിതാ, നടപ്പില്ലാത്ത കാര്യങ്ങൾ നടത്തണമെന്നു ചിലർ നിർബന്ധിക്കുമ്പോൾനടപ്പില്ലാത്ത ഒരുപദ്ധതിയേ അതിനു വേണ്ടി കണ്ടുപിടിക്കാൻ കഴിയൂ.

മാതൃ — എന്നാൽ റഷ്യയിൽ ഇതെങ്ങനെ സാധിക്കുന്നു?

ഫാ. സി – റഷ്യയിലെകാര്യം പറഞ്ഞപ്പോൾ ഒരു ഡ്രിൽമാസ്റ്ററുടെകാര്യമാണു ഞാൻ ഓർത്തത്.

മാതൃ – ഡ്രിൽ മാസ്റ്റർ എന്തുചെയ്തു?

ഫാ. സി – ആ ഡ്രിൽമാസ്റ്റർക്കു കുട്ടികൾ പല പൊക്കക്കാരായിരിക്കുന്നതുഇഷ്ടമില്ലായിരുന്നു കുട്ടികൾ നിൽക്കുമ്പോൾ ഒരുഭിത്തിയുടെ മുകൾ പരപ്പുപോലിരിക്കണമെന്നാണു അയാളുടെ അഭിപ്രായം. അതുകൊണ്ടു കുട്ടികളെ എല്ലാം അയാൾ ആദ്യംപൊക്കം അനുസരിച്ചു നിറുത്തിയിട്ടു ഏറ്റവുംപൊക്കം കുറഞ്ഞകുട്ടിയെ പെരുവിരലേൽകുത്തിഉയർത്തിനിറുത്തും മറ്റുള്ളവരെല്ലാവരും ആ പൊക്കംഅനുസരിച്ചു നട്ടവളഞ്ഞും കാലുവളച്ചും പൊക്കം ക്രമപ്പെടുത്തിക്കൊള്ളണം.

മാതൃ – എത്രനേരം ആ കുട്ടികൾ അങ്ങനെ നിൽക്കും?

ഫാ. സി–അയാളുടെ വടികാണുമ്പോൾ കുട്ടികൾ വളഞ്ഞും വലിഞ്ഞും പൊക്കംക്രമപ്പെട്ടുത്തും. വടിതാഴെവയ്ക്കുമ്പോൾ കുട്ടികൾക്കെല്ലാം പൊക്കംപലവിധത്തിൽ. ഇതാണ് റഷ്യയിലെസ്ഥിതി.

മാത്യൂ – അങ്ങനെയെങ്കിൽ സാധുക്കൾ എന്നും നരകിച്ചു കാലംകഴിക്കണമെന്നാണോ അച്ചൻപറയുന്നതു"?

ഫാ. സി–അങ്ങനെ ഞാൻ ഒരിക്കലും പറയുകയില്ല. അവരെസംരക്ഷിക്കേണ്ടതുനമ്മുടെ കടമയാണു".

മാത്യൂ – അവരെ എങ്ങനെ സംരക്ഷിക്കണം?

ഫാ. സി–ക്രിസ്തുനാഥന്റെ ഉൽബോധനമനുസരിച്ചു" ഓരോവ്യക്തിയും പ്രവർത്തിക്കണം

മാത്യൂ–അങ്ങനെ ക്രിസ്ത്യാനികളല്ല, കത്തോലിക്കർപോലും ചെയ്യാത്തതുകൊണ്ടല്ലെ കമ്മൂണിസ്റ്റുകാർ ഒരു പ്രതിവിധികണ്ടിരിക്കുന്നതു"?

ഫാ. സി–കമ്മൂണിസ്റ്റുകാരുടെ ഗ്രന്ഥങ്ങളിൽ നമുക്കു പലതും കാണാൻകഴിയും. സാധുക്കളുടെ ദയനീയസ്ഥിതിയെപ്പറ്റി അവർ വളരെ പേജുകൾ എഴുതിനിറച്ചിട്ടുണ്ടായിരിക്കും. എന്നാൽ ഒന്നു ചോദിക്കട്ടെ; ഇവരിൽ ഒറ്റഒരുവൻപോലും ഒരഗതിമന്ദിരം സ്ഥാപിക്കുവാനോ, ഒരനാഥശാല നടത്തുവാനോ ശ്രമിച്ചിട്ടുണ്ടോ? വേണ്ട, അത്തരം ഏതെങ്കിലും ഒരു സ്ഥാപനത്തിനു" ധനസഹായം ചെയ്യാൻപോലും സന്നദ്ധതപ്രകടിപ്പിച്ചിട്ടുണ്ടോ?

മാത്യൂ–എന്റെ അറിവിൽ ഇല്ലെന്നു പറയണം..

ഫാ. സി–അതുംപോകട്ടെ, അവരുടെ ലേഖനങ്ങളിലോ, പ്രസംഗങ്ങളിലോ ഇത്തരം സ്ഥാപനങ്ങളെപ്പറ്റി സൂചിപ്പിക്കയെങ്കിലും ചെയ്തിട്ടുണ്ടോ?

മത്യൂ–അതും ഇല്ലെന്നാണു തോന്നുന്നതു".

ഫാ. സി–ഇതിൽനിന്നും ഒരനുമാനത്തിൽ നമുക്കു നിഷ്പ്രയാസം ചെന്നെത്താം. അതായത്, അവരുടെ ഈ പ്രവർത്തനങ്ങളെല്ലാം വഞ്ചനനിറഞ്ഞതും ദുരുദ്ദേശത്തോടുകൂടിയതുമാണെന്നു്.

മാത്യു—സാധുതൊഴിലാളികളെക്കൊണ്ടു പണിമുടക്കിച്ചു് അവരുടെവയറ്റത്തടിക്കയാണു് ഇപ്പോൾ കമ്മ്യൂണിസ്റ്റുകാരുടെ പ്രധാനതൊഴിൽ.

ഫാ. സി—എന്റെ വാദഗതി ശരിയാണെന്നു് ഇപ്പോൾ തോന്നുന്നുണ്ടല്ലൊ?

മാത്യു—തീർച്ചയായും ഉണ്ടു്.

ഫാ. സി–ഫ്രാൻസിൽ മാർസെൽ ഗ്രഡാർട്ടു് എന്നൊരുമഹാൻ ജീവിച്ചിരിപ്പുണ്ടു്. അദ്ദേഹം ഒരുകോടീശ്വരന്റെ പുത്രനാണു്. ഫ്രഞ്ചുതൊഴിലാളികളുടെ ദയനീയ സ്ഥതികണ്ടു് അദ്ദേഹം അതിനൊരു പരിഷ്കാരം ഉണ്ടാക്കാൻ നിശ്ചയിച്ചു. കമ്മ്യൂണിസ്റ്റുതന്ത്രങ്ങൾ അദ്ദേഹത്തെമാർക്സിന്റെ ഒരനുയായിയാക്കിത്തീർക്കയാണുചെയ്തതു്. എന്നാൽ ഗ്രഡാർട്ടു് പ്രവൃത്തിരംഗത്തുപ്രവേശിച്ചപ്പോൾ ശക്തരായി പൊതിഞ്ഞ കമ്മ്യൂണിസ്റ്റു വിഷം എന്താണെന്നു മനസ്സിലാക്കി. അതുകൊണ്ടു് അദ്ദേഹം കത്തോലിക്കാസഭയിൽ പ്രവേശിച്ചു എന്നുമാത്രമല്ല ഒരു ഈശോസഭാ വൈദികനുംകൂടി ആയിത്തീർന്നു ഇപ്പോൾ അദ്ദേഹം ഫാദർ മാർസെൽഗ്രഡാർട്ടു് എസ്. ജെ. ആണു്. ഫ്രാൻസിൽ ഇടവകകൾതോറും വിൻസൻഡിപോൾ സംഘങ്ങൾ സ്ഥാപിച്ചു് സാധുജനസംരക്ഷണമാണു് ഇപ്പോൾ അദ്ദേഹം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതും. സാമുദായികരോഗത്തിനു് അദ്ദേഹത്തിന്റെ പ്രതിവിധി എന്താണെന്നു മനസ്സിലായല്ലൊ?

മാത്യു—വിൻസൻഡിപോൾ സംഘടനകൾ.

ഫാ. സി–അതെ, നാമും അങ്ങനെയാണു് ഈ രോഗത്തിനൊരുപശാന്തി വരുത്തേണ്ടതു്.

മാത്യു–ഇത്രയും പറഞ്ഞതുവളരെ ഉപകാരമായി അച്ഛാ.

ഫാ. സി–കൊള്ളാം. മി. മത്യൂസു്, നാളത്തെ തൊഴിലാളിമീറ്റിംഗിൽ താങ്കളെ ഒരു പ്രസംഗകനായി ക്ഷണിച്ചിട്ടുണ്ടെന്നു ഞാൻ പത്രത്തിൽനിന്നും നേരത്തെ അറിഞ്ഞു. അതുകൊണ്ടാണു് ഞാൻ ഇത്രയും സംഗതികൾ വിശദമായിപറഞ്ഞതു്. അതുകൊണ്ടു്പോകുക. സത്യംഎവിടെയും തുറന്നുപറയുക.

മാത്യു—ഒരു തൊഴിലാളിമീറ്റിംഗിൽ പ്രസംഗിക്കാൻപോകുന്നു എന്നുകേട്ടാൽ അച്ഛൻ വഴക്കുപറഞ്ഞേക്കുമെന്നുദ്ദേശിച്ചാണു് ആദ്യമേ ഞാനതുപ്രസ്താവിക്കാഞ്ഞതു്.

ഫാ. സി—ഇങ്ങനെ എന്തെല്ലാം മൻവിധികൾ ഓരോരുത്തർ തലയിൽ താങ്ങിക്കൊണ്ടുനടക്കുന്നു! തൊഴിലാളി സംഘടനകളിൽ കത്തോലിക്കർ പ്രവേശിച്ചു് തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും കമ്മ്യൂണിസ്റ്റുവിപത്തിൽനിന്നും അവരെ സംരക്ഷിക്കയും ചെയ്യണം. അതു നമ്മുടെ കടമയാണു്.

മാത്യു—എനിക്കു വളരെ ആശ്വാസമായി അച്ഛാ. ഇതേപ്പറ്റി അല്പം പഠിക്കുന്നതിനായിരുന്നു ഞാൻ ഇങ്ങോട്ടുവന്നതു്.

ഫാ.സി- (വാതിലിൽ കൂടെനോക്കിയിട്ടു്) ആരാതു്? കടന്നുവരൂ (പോസ്റ്റ്പ്യൂൺ പ്രവേശിച്ചു് രണ്ടു മൂന്നെഴുത്തുകൾ കൊടുക്കുന്നു.)

ഫാ. സി–(ഒരെഴുത്തെടുത്തു നോക്കിയിട്ടു്) മി. മാത്യു ഇതുഎഴുത്താരുടേതാണെന്നു പറയാമോ?

മാത്യു- (കൈപ്പടനോക്കിയിട്ട്) നമ്മുടെ ഫ്രാൻസീസിന്റെ കൈപ്പടപോലിരിക്കുന്നു.

ഫാ. സി-(പൊട്ടിച്ചു നോക്കുന്നു) അതു തന്നെ. അടുത്തെങ്ങാനും അവിടെഎഴുത്തു കിട്ടിയോ?

മാത്യു- ശോശമ്മയ്ക്കും ഭാഗീരഥിയമ്മയ്ക്കും ഓരോന്നുവന്നിരുന്നു.

ഫാ. സി-അതിലെന്തായിരുന്നു വിശേഷം?

മാത്യു-പ്രത്യേകിച്ചൊന്നുമില്ലായിരുന്നു. ഇക്കൊല്ലം എം. ബി. ബി. എസ്സ് അവസാനത്തെ കോഴ്സാണല്ലൊ. പഠിക്കാൻ വളരെയുണ്ട്. അതുകൊണ്ടു നീണ്ടഎഴുത്തെഴുതി സമയം കളയുന്നില്ലെന്നുമാത്രം പറഞ്ഞിരിക്കുന്നു. അച്ഛനുള്ളതിൽ പ്രത്യേകംവല്ലതും പറഞ്ഞിട്ടുണ്ടോ?

ഫാ. സി-ഇതിലും അങ്ങനെ വിശേഷമൊന്നും പറഞ്ഞിട്ടില്ല. നാലുമാസം കൂടികഴിഞ്ഞു് വെക്കേഷൻ തുടങ്ങുമെന്നുണ്ടു്. പിന്നെവിവാഹത്തിനു് സംബന്ധം ഒരുതടസ്സമായിവരുമോ എന്നു് ചോദിച്ചിരിക്കുന്നു.-മാത്യൂസും ഭാസ്കരമേനോനും തമ്മിൽ എത്രാം തലമുറക്കാരാണു്.

മാത്യു - ഞങ്ങൾ നാലാം തലമുറക്കാരാണു്.

ഫാ. സി—നിങ്ങളുടെ കുടുംബങ്ങൾ തമ്മിൽ ഇത്രമൈത്രിയിൽ കഴിഞ്ഞുകൂടുന്നതു വലിയ അത്ഭുതമായിഎനിക്കുതോന്നുന്നു. നിങ്ങൾ മറുപലകും ഒരു മാതൃകയാണു്.

മാത്യു - മതപരിവർത്തനം മൂലം വീടുമാറിപോയി എങ്കിലും ഞങ്ങൾ തമ്മിലുള്ള ബന്ധത്തിനു് ഒരു മാറ്റവും വന്നിട്ടില്ല.

ഫാ. സി-കൊള്ളാം. ഫ്രാൻസീസും ഒരു ദൈവാനുഗ്രഹമുള്ള ആളാണു്. അദ്ദേഹം ജനോപകാരിയാ

യ ഒരു ഡോക്ടർ ആയിത്തീരുമെന്നാണു് എന്റെ പ്രതീക്ഷ.

മാതൃ – അതിനു വേണ്ടി അച്ഛൻ പ്രാർത്ഥിക്കുകടി ചെയ്യണം.

ഫാ. സി – സംശയമുണ്ടോ. ഇപ്പോൾ മനുഷ്യതപത്തെ പണത്തൂട്ടുകൾ കൊണ്ടാണു് സാധാരണ ഡോക്ടറന്മാർ തൂക്കിനോക്കാറുള്ളതു്. നാണയങ്ങളുടെ കിലുകിലാരവം കേട്ടേ അവർ ഉറക്കത്തിൽനിന്നും ഉണരുകയുള്ളൂ. ക്രിസ്തീയഅനുപമ നിറഞ്ഞ ഡോക്ടറന്മാരെയാണു നമുക്കിന്നാവശ്യം.

മാതൃ – വളരെ വാസ്തവമാണച്ഛാ. നേരം അതിക്രമിച്ചിരിക്കുന്നു. ഞാനിറങ്ങട്ടെ.

ഫാ. സി–അതുശരി. എന്നാലാവട്ടെ. (മാതൃസ് സ്തുതിചൊല്ലി പോകുന്നു.)

(കർട്ടൻ)

രംഗം 6

പബ്ളിക്കു പാർക്ക്

(പൂച്ചെടികൾക്കിടയിൽ ഒരു ചാരുബഞ്ചു് കിടക്കുന്നു. കോളിയാർസ്റ്റീഫൻ ശൃംഗാര വേഷത്തിൽ കയ്യിൽ ഒരു സഞ്ചിയും തൂക്കി പ്രവേശിക്കുന്നു)

സ്റ്റീഫൻ- (പാടിക്കൊണ്ടുനടന്നുവരുന്നു)

"ഇരുവണ്ണമൻപൊടുവളർന്നഥ നിൻറെയംഗ–
മാവിഷ്ക്കരിച്ച ചിലഭംഗികൾ മോഹനങ്ങൾ,
ഭാവംപകർന്ന വദനം, കവിൾ കാന്തിയാർന്ന,
പൂവേ! യതിൽ പുതിയ പുഞ്ചിരിസഞ്ചരിച്ചു."

ഹാ! അവളിങ്ങെത്തിയില്ലല്ലൊ, ഇതുവരെയായിട്ടും. അവളിരുന്നുമുഷിഞ്ഞു മൂളിപ്പാട്ടുംപാടി ഇരിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്നതല്ലെ സ്റ്റൈൽ! എന്നുവച്ചഞാൻ വഴിക്കു് ഒന്നരണ്ടു ഓൾഡ്ഫ്റൺഡ്സിനെക്കുടി കണ്ടുകളഞ്ഞു. ഏതായാലും ഉള്ളസമയം പാഴാക്കുന്നില്ല. അപ്പറുഡേറു ആയിട്ടൊന്നു ചമയട്ടെ. (സഞ്ചിയിൽനിന്നും ചീപ്പും കണ്ണാടിയും എടുത്തു് മുടിചീകിത്തുടങ്ങുന്നു. അതിനിടയിൽ പാട്ടു്)

"ആ രോമലാമഴകു,ശുദ്ധി, മൃദുത്വ,മാഭ,
സാരള്യമെന്നസുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ,യാമൃദുമെയ്യിൽ നവ്യ
താരുണ്യമേന്തിയൊരു നിൻനിലകാണണം
താൻ."

(ഏതോസ്വരംകേട്ടു് ഞെട്ടി കണ്ണാടിയും ചീപ്പും സഞ്ചിയിലിറക്കിയിട്ടു് സൂക്ഷിച്ചു ചുറുംനോക്കുന്നു) സ്റ്റീ-(സ്വഗതം) ഓ, അതൊരു കാക്കവന്നു് ആ കമ്പിക്കാലേൽ ഇരുന്നതാണല്ലൊ. ഒന്നുഞെട്ടിപ്പോയി. ഞാൻ ഇവിടെവച്ചു ചീകിമിനുക്കുന്നതു് അവൾ കണ്ടാൽ എന്റെനേരെ മൂക്കുചൊറിഞ്ഞുകാണിച്ചു് അവൾ ചിരിച്ചുകളയും. ഒരു വല്ലാത്ത പെൺകുട്ടിയായാണവൾ. (വീണ്ടും ചീപ്പും കണ്ണാടിയും എടുത്തു് ഓക്സ്ഫോർഡ്ഫാഷനിൽ ചീകുന്നു പാട്ടുന്നു.)

ശീലിച്ചുഗാനമിടചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥമനുമായ്നീ
ഈ ലോകതത്ത്വമയേ! തെളിവാൻതാര-
ജാലത്തൊടുന്മുഖതയാൻ പഠിച്ചുരാവിൽ."

ഇതാണു് ഇപ്പോഴത്തെ സ്റ്റൈൽ. (കണ്ണാടിയിൽ

നോക്കി തന്നത്താൻ രസിക്കുന്നു) ഇതുകണ്ടാൽ ഏതു കിളവിയും ഒന്നുനോക്കിപ്പോകും. അതങ്ങനെ - ശരിപ്പെട്ടു. ഇനി ഇത്തിരി സുഗന്ധമാണു വേണ്ടതു്. (സഞ്ചിയിൽനിന്നും സെൻറുകുപ്പിയെടുക്കുന്നു) ഇതിന്റെ ഗന്ധം അരമൈലിനുള്ളിലുള്ള ഏതു ചിത്രശലഭത്തെയും ആകർഷിച്ചുകളയും. (തലയിൽപൂശുന്നു) സ്റ്റീ-(പാടുന്നു)

മെല്ലെന്നസുരഭവുമൊട്ടുപരന്നുലോക-
മെല്ലാം മയക്കി മരുവുന്നളവന്നുനിന്നെ
തെല്ലോ കൊതിച്ചുനഭവാത്ഥികൾ ചിത്രമല്ലാ-
തില്ലാക്കിരീടമണിവുമേവമകത്തുതോന്നും."

ഇനി മുഖമാണു മിനുക്കേണ്ടതു്. പൗഡർ ഇട്ടുന്നു-പാടുന്നു)

"അന്നൊപ്പമാണഴകുകണ്ടുവരച്ചിടും നീ-
യെന്നോത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം,
എന്നല്ല ദൂരമതിൽ നിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ"

ഈ കുട്ടിക്കുറാ പൗഡർ ഒന്നാംക്ലാസ്സാണു്. (സ്വർണ്ണച്ചെയിൻ ഉള്ളിൽനിന്നും വലിച്ചെടുത്തു് കണ്ണാടി ഷർട്ടിനുമീതെ ഇടുന്നു. ചിത്രത്തയ്യലുള്ള ഒരു തൂവാല പോക്കറ്റിൽനിന്നും തുങ്ങിക്കിടക്കത്തക്കവണ്ണം വയ്ക്കുന്നു. കണ്ണാടിനോക്കി രസിച്ചിട്ടു്) ഇപ്പോഴാണു് മി. കോളിയാർ സ്റ്റീഫനെ കാണേണ്ടതു്! ഏതു ദമയന്തിയും ഒന്നു നോക്കിനിന്നുപോകും. എങ്ങനെ എന്നുവച്ചാൽ-

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ യേറ്റ
വൈരിക്കുമുമ്പുഴറിയോടിയഭീരുവാട്ടെ
നേരെ വിടർന്നവിലസീടിനനിന്നെനോക്കി-
യാരാകിലെന്തു? മിഴിയുള്ളവർ നിന്നിരിക്കാം"

ഇനി ഒരു പുസ്തകമെഴുതാൻ തലചൊട്ടാലോചിക്കുന്നു
മട്ടിൽ ഞാൻ ഇതിലെ ഒരുകോവാത്തെട്ടക്കട്ടെ. സ
ഞ്ചി ഒരു കല്ലിനരികിൽ വച്ചിട്ട് അങ്ങോട്ടും ഇ
ങ്ങോട്ടും നടക്കുന്നു) ഈ ഘട്ടത്തിലാണ് എന്റെ
പ്രണേശ്വരി നാഥാ എന്നുവളിച്ചുകൊണ്ടു കയറി
വരേണ്ടതു്! (പരവശനാകുന്നു) ആരോ വരുന്നുണ്ടു്,
തക്കസമയം. (സൂക്ഷിക്കുന്നു) അതു രണ്ടുമൂന്നുപേരു
ണ്ടെന്നതോന്നുന്നല്ലൊ–ഹാ! രസമെല്ലാം കളഞ്ഞു. ക
ടമ്പയ്ക്കൽവച്ചു കുടമുടഞ്ഞപോലായി. തനിയെ ഇ
ങ്ങെഴുന്നെള്ളിയാൽ വല്ല കാട്ടുമാക്കാനും കൊണ്ടു
പൊയ്ക്കളയുമോ? (നോക്കുന്നു–പരിഭ്രമിക്കുന്നു) അ
താളുമാറിപോയല്ലൊ–ഭഗ്ഗുകുനംതന്നെ–അ മുടിഞ്ഞ
കാക്കയാണുകാരണം– ഹയ്യോ അതു ചെകുത്താൻ പാ
ച്ചുവും! (ഓടി ഒരുചെടിക്കിടയിൽ മറയുന്നു. ശോ
ശാമ്മ, ഭാഗീരഥിയമ്മ, പാച്ചു എന്നിവർ പ്രവേ
ശിക്കുന്നു)

ശോശാ–രാവിലെ അയത്തുകൊണ്ടു് ഇവിടം വിജ
നമായിരിക്കുന്നല്ലൊ. അതുനന്നായി. നമുക്കു് അ
ബഞ്ചേലിരുന്നു് അല്പം സംസാരിക്കാം. അ
ല്ലേ ഭാഗീരതിയമ്മേ?

ഭാഗീ–നിന്റെ ഇഷ്ടംപോലെ. പാച്ചു എ
ന്തുപറയുന്നു?

പാച്ചു– പപാച്ചു എന്തോ പപറയാനാ?

ഭാഗീ–പാച്ചു ഇങ്ങനെ വല്ലതും പറഞ്ഞോച്ചാൽ
മതി

പാച്ചു–നിനിങ്ങക്കു ചിചിരിക്കാനല്ലെ? (ഇരുവ
രുംചിരിക്കുന്നു)

ശോശ– നീ ഇവിടെങ്ങാനും ഇരുന്നൊന്നാശ്വ
സിക്കു്. ഞങ്ങൾഅങ്ങോട്ടുപോകുന്നു.

പാച്ചു- കെകെടാത്തനീ കകല്ലേലിരുന്നോളാം. (ഇരിക്കുന്നു)

ഭാഗീ- (ബേഞ്ചിൽ ഇരുന്നുകഴിഞ്ഞു്) രഹസ്യം പഠയുവാൻ പററിയ ഒരവസരമാണു്, ഇല്ലെ ശോശാമ്മ?

ശോശാ- രഹസ്യം ഉള്ളവക്കല്ലേ ഇത്തരം ഒരവസരം അന്വേഷിക്കേണ്ടൂ.

ഭാഗീ- എന്നാൽ ഞാൻ നിന്നോടൊരുകായ്യം ചോദിക്കട്ടെ?

ശോശാ- ഒന്നുവേഗംചോദിയ്യു.

ഭാഗീ- ഭാവിജീവിതത്തെപ്പററി നിന്റെറെ ദ്ദേശമെന്താണെന്നു ഞാൻ പലപ്പോഴും ചോദിച്ചിട്ടും നീ ഇതുവരെയും പറഞ്ഞില്ലല്ലൊ. ആക്കാ വാക്കു കൊടുത്തിട്ടുണ്ടെന്നുമാത്രം ചിലപ്പോൾ സൂചിപ്പിക്കാറുണ്ടു്. ഞാൻ ആലോചിച്ചുനോക്കിയിട്ടു് ആ ആൾ ആരാണെന്നു് ഒരുരൂപവും കിട്ടുന്നില്ല.

ശോശാ- ഭാഗീരഥി എന്തിനാണിത്രധൃതിക്കൂട്ടുന്നതു്? ഫ്റാൻസിസു് അച്ചായൻ ഇങ്ങുവന്നുകഴിഞ്ഞു് ഞാൻ അതുവെളിപ്പെട്ടുത്താമെന്നു പറഞ്ഞിട്ടില്ലേ?

ഭാഗീ- എന്റെറ കുഞ്ഞിനി ഫ്റാൻസിസ് അച്ചായനെയാണോ കല്ല്യാണം കഴിക്കാൻ പോകുന്നതു്?

ശോശാ- ഓ, ഈ ഭാഗീരഥിയുടെ ഒരുതമാശു്. (പുറത്തുപിച്ചുന്നു) എന്നാൽ ഞാൻപറയണോ കായ്യം?

ഭാഗീ- വേണ്ടാ, വേണ്ടാ. ഇപ്പോൾ ഒന്നടങ്ങി ഇരിക്കു്. (ശോശാമ്മയുടെ കവിളിൽ പിച്ചുന്നു)

പാച്ചു- (വിളിച്ചുപറയുന്നു) കൊകൊച്ചമ്മേ, തേതേണ്ടൊരുതഞ്ചി.

ശോശാ– സഞ്ചിയോ? ഇങ്ങുകൊണ്ടുവാ. (സഞ്ചികൊണ്ടുവരുന്നു. കോളിയാർ വിറയ്ക്കുന്നു)

ഭാഗീ– ഈ സഞ്ചി എങ്ങനെ ഇവിടെവന്നു? നിനക്കിതെവിടെ ഇരുന്നുകിട്ടി?

പാപ്പു– തേതേ ആ കകല്ലിന്റെ ചോട്ടിലു്

ശോശാ– (നോക്കിയിട്ടു്) ഒന്നുകിൽ ഇതാരെങ്കിലും ഇവിടെ വച്ചുമറന്നുപോയതു്; അല്ലെങ്കിൽ ഒരുകള്ളൻ നമ്മളെ കണ്ടുകൊണ്ടു് ഇവിടെങ്ങാനും ഒളിച്ചിരിപ്പുണ്ടു്; അങ്ങനെയല്ലെ?

ഭാഗീ—അതാണെനിക്കും തോന്നുന്നതു്. ആ കട്ടെ, ഇതാരുടേതാണെന്നറിയാൻ വഴിയുണ്ടോ?

ശോശാ --അതിനു സൂത്രമുണ്ടു്. അതിൻറകത്തെന്തുണ്ടെന്നു നോക്കു പാപ്പൂ, (പാപ്പു സാമാനങ്ങൾ ഓരോന്നായി വലിച്ചെടുക്കുന്നു)

പാപ്പു—(പൗഡർ എടുത്തിട്ടു്) ഹ ഹ ഹ മൂമൂക്കു പൂശണ പപ്പടർ! ആ ആരാണ്ടു ച്ചച്ചുകരിക്കാൻ കൊ കൊണ്ടോന്നതാ. (ഭാഗീരഥി വാങ്ങി ബഞ്ചിൽ വയ്ക്കുന്നു)

ഭാഗീ—മിടുക്കൻ! അവനുകായ്യം മനസ്സിലായി. വേറെ എന്തൊക്കെയുണ്ടു്. എല്ലാം എടുക്കു്.

പാപ്പു—(കണ്ണാടി എടുത്തിട്ടു്) കകണ്ണാടി, കകണ്ണാടി. (ശോശാമ്മ വാങ്ങി ബഞ്ചിൽ വയ്ക്കുന്നു)

പാപ്പു—(ചീപ്പെടുത്തിട്ടു്) ചീചീപ്പു്, കകണ്ടോ. (പാപ്പു അതു ബഞ്ചിൽ വയ്ക്കുന്നു)

പാപ്പു—(സെൻറുകുപ്പിഎടുത്തിട്ടു്) തേതേൻറു് (മണത്തുനോക്കീട്ടു്) കെട്ടവാട. (വയ്ക്കുന്നു ബഞ്ചേൽ)

ശോശാ—കകണ്ടിട്ടു് ഇതെല്ലാം ഒരു വേവേശ്യയുടെ വകയാണെന്നു തോന്നുന്നു.

(പാച്ചു കീണ്ണപൊത്തി ചിരിക്കുന്നു. ഭാഗീരഥിയും ക്രൂട്ടത്തിൽ ചിരിക്കുന്നു)

ഭാഗീ—ശോശാമ്മ വിക്കി വിക്കി പാച്ചുവിന്റെ ഇണയാകുമെന്നു തോന്നുന്നല്ലൊ.

ശോശാ—പാച്ചു എന്താ ഒരു കൊച്ചുമിടുക്കനല്ലെ? കണ്ടില്ലെ കോളിയാർപോലും അവന്റെ മുമ്പിൽ കിടന്നു പിടച്ചതു്.

പാച്ചു—പാപാച്ചു ഒരു പൊപൊടിച്ചൊണയനാ.

ഭാഗീ—ഇനിയും വല്ലതുമുണ്ടോ പാച്ചൂ, അതിന്റകത്തു്?

പാച്ചു—ഒരൊന്നുല്ല (കൂലുക്കുന്നു)

ഭാഗീ—ഒന്നുമില്ലെ, ഞാനൊന്നു നോക്കട്ടെ. ഇങ്ങു തരൂ.

പാച്ചു—നോനോക്കിക്കോ. (കൊടുക്കുന്നു)

ഭാഗീ—(ഉള്ളിൽ കൈകടത്തി ഒരു പുസ്തകം വലിച്ചെടുക്കുന്നു.) കണ്ടോ, ഇതാണു് ആളു്. ഒളിച്ചിരിക്കയായിരുന്നു.

ശോശാ—എന്തോ പുസ്തകമാണതു്.

ഭാഗീ—(പേരു നോക്കിയിട്ടു്) 'നാലു ചിന്ത കഥകൾ'

ശോശാ—ഉടമസ്ഥ ആരെന്നു നോക്കിയാട്ടെ.

ഭാഗീ—(താൾ മറിച്ചിട്ടു് വായിക്കുന്നു) കോളിയാർ സ്റ്റീഫൻ! ഇപ്പോൾ വേശ്യ ആരെന്നു മനസ്സിലായല്ലൊ?

ശോശാ—ഇത്തരം സാധനങ്ങൾ ഒരു പുരുഷൻ കൊണ്ടു നടക്കുമെന്നു ഞാൻ വിചാരിച്ചില്ല.

ഭാഗീ—പുരോഗമനക്കാരുടെ കാലമല്ലെ ഇതു്? ഇപ്പോൾ ഇത്തരം സാധനങ്ങൾ ആണുങ്ങളാണു കൂട്ടത്തിൽ ഉപയോഗിക്കുന്നതു്.

പാച്ചു-കൊകൊച്ചമ്മേ, കോകോളിയാരെന്നോ?

ശോശാ—അതെ, അതെ, കോളിയാർ നിന്റെ പഴയ സ്നേഹിതൻ.

പാച്ചു—(കോപകലുഷിതനാകുന്നു) ആഅപട്ടി! ഒ ഒന്നു നോക്കട്ടെ കൊച്ചമ്മേ?

ശോശാ—അയാൾ ഇവിടെങ്ങാനും ഒളിച്ചിരിപ്പുണ്ടായിരിക്കണം.

ഭാഗീ—എലിയെപ്പോലെ വല്ല മാളത്തിലും.

ശോശാ—എന്നാൽ പാച്ചു അയാളെ പിടിച്ചു നമ്മുടെ മുമ്പിൽ ഹാജരാക്കട്ടെ. അയാളുടെ കഥ എഴുത്തു് ഇന്നുകൊണ്ടവസാനിപ്പിക്കണം.

ഭാഗീ—പൊത്തിൽ കയറിയ പാമ്പിനെ ഏന്തിനു വലിച്ചു ചാടിക്കുന്നു? അയാൾ അയാളുടെ വഴിക്കു പോകട്ടെ. ആ കഥകൊണ്ടു നമുക്കു ദോഷമൊന്നും വന്നില്ലല്ലോ.

ശോശാ—നമുക്കൊന്നും പറ്റിയില്ലെങ്കിലും തരത്തിനു കിട്ടുമ്പോൾ ഒന്നു ചോദിക്കേണ്ടതല്ലെ?

ഭാഗീ—പകരം വീഴ്ച ദൈവത്തിനുള്ളതാകുന്നു എന്നല്ലെ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു്.

ശോശാ—ഞാൻ തോറ്റിരിക്കുന്നു. എന്നാലും അയാൾ ശ്വാസംമുട്ടി പുറത്തു ചാടുന്നതുവരെയെങ്കിലും നമുക്കിവിടെ താമസിക്കരുതോ? രസികനെ ഒന്നു കണ്ടുവിടാമല്ലൊ.

ഭാഗീ—വടിയുടെ മുമ്പിൽ സാധാരണ പട്ടികൾ പ്രത്യക്ഷപ്പെടുകയില്ല. പാച്ചു ഇവിടെ ഉള്ളപ്പോൾ കോളിയാറെ കാണാമെന്നു് ആശിക്കേണ്ട.

പാച്ചു—ആ അങ്ങനെ പറ കൊടുക്കാച്ചുമ്മേ.

ഭാഗീ—ടെയിൻ വരുന്ന സമയമായിട്ടുണ്ട്. നമുക്കധികം താമസിക്കാനും പാടില്ല.

ശോശാ—എന്നാൽ ഈ സഞ്ചി എന്തു ചെയ്യണം?

ഭാഗീ—എടുത്തതെല്ലാം തിരിച്ചതിലിട്ട് അതിരുന്നപോലങ്ങുവച്ചേക്കണം.

ശോശാ—എന്റെറ ഭാഗീരഥീ, അതെല്ലാം ഞാൻ സമ്മതിക്കുന്നു. എന്നാൽ ആ അതിനികൃഷ്ടമായ പുസ്തകം മാത്രം അതിലിട്ടു വയ്ക്കരുതു്.

ഭാഗീ—പിന്നെ അതെന്തു ചെയ്യണമെന്നാണു പറയുന്നതു്?

ശോശാ—അതിങ്ങു തന്നേക്കു്. നമ്മൾ പോകുന്നവഴി കടലിൽ എറിഞ്ഞുകളയാം. കടൽജന്തുക്കൾക്കു് അതൊരു പറ്റിയ ഗ്രന്ഥമായിരിക്കും.

ഭാഗീ—കൊള്ളാം. അങ്ങനെ ഒരു സമുദ്ധാരസേവനം നിർവഹിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു.

(സഞ്ചിയിൽ സാമാനങ്ങളിട്ടു് പാച്ചുവിനെ എല്പിക്കുന്നു) ഇതെവിടെ നിന്നും എടുത്തോ അവിടെ വച്ചേയ്ക്കു്.

പാച്ചു-(കണ്ണാടി എടുത്തിട്ടു്) ഇ ഇതു കൊ കൊടാത്തനു്.

ഭാഗീ-വേണ്ടാ. വേണ്ടാ. ഒന്നും എടുക്കണ്ട. പോയി വച്ചിട്ടു വേഗം വരൂ. (പാച്ചു സഞ്ചി കൊണ്ടുപോയി വയ്ക്കുന്നു. ശോശയും ഭാഗീരഥിയും നടക്കുന്നു. പാച്ചു പുറകെ ഓടുന്നു)

സ്റ്റീഫൻ-(അവർ പോയോ എന്നു ക്രുടെക്രുടെ എത്തിനോക്കുന്നു. പോയി എന്നു നിശ്ചയം വന്ന

പ്പോൾ സാവധാനം ഇഴഞ്ഞിറങ്ങി വന്നു് നിവന്നു നടന്നുപോയി സഞ്ചി കയ്യിൽ എടുക്കുന്നു. സപ്രഗതം) അമ്പടീ, ആ മൂശേട്ട എന്റെ പുസ്തകം കൊണ്ടുപൊയ്ക്കളഞ്ഞല്ലൊ. ഞാനെന്റെ മോളിക്കു സമ്മാനം കൊടുക്കാൻ കൊണ്ടുവന്ന പുസ്തകം! (സഞ്ചിയിൽ നിന്നു ചീപ്പും കണ്ണാടിയും എടുത്തു് മുടി ഒന്നുക്രുടി ചീകി മിനുക്കുന്നു. പാടുന്നു)

"ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ
വരുന്നതൊക്കെയുമവനെന്നതോന്നും"

ഇതുപോലല്ലെ എനിക്കു പറഞ്ഞിയതു്. അമ്പടാ, ആ തടിയൻ പാച്ചുനു് എന്റെ കണ്ണാടി വേണംപോലും! കൈനിവത്തു് അവനിട്ടു് ഒന്നു കൊടുക്കാൻ തോന്നി. അവന്റെ പല്ലടിച്ചു വായിലിടാൻ ഇപ്പോൾ എന്റെ കരങ്ങൾക്കു ബലമുണ്ടു്.

(മോളി പ്രവേശിക്കുന്നു; സ്റ്റീഫൻ ചീപ്പും കണ്ണാടിയും ഒളിച്ചുവയ്ക്കുന്നു.)

മോളി-അതുരുടെ പല്ലടിച്ചു വായിലിടാനാണു് തന്റെ കരങ്ങൾക്കു ബലമുള്ളതു്?

സ്റ്റീ-(ഇളിഭ്യനായി) അല്ല, വെറുതെ നേരം പോക്കു പറഞ്ഞെന്നേയുള്ളു. ഇപ്പോൾ ഏതു ഗാമാ എന്റെ നേരെ വന്നാലും ഞാൻ അടിച്ചുമലത്തിക്കളയും. എന്റെ മോളിയുടെ മുമ്പിൽ വച്ചു് പരാജയമെന്നൊന്നെനിക്കുണ്ടാകില്ല.

മോളി-മതിയെടോ, തന്റെ ചെപ്പടിവിദ്യകളൊന്നും എന്റടുത്തു ചെലവാകില്ല എന്നോർത്തുകൊള്ളണം.

സ്റ്റീ-അയ്യോ, ഇതെന്താ? എന്നെ ഒരു കൊച്ചുകുത്തി എടുത്തങ്ങു കുത്തിയേക്കരുതോ, ഇത്തരം വാഗ്ബോമ്പുകൾ എറിഞ്ഞു ദഹിപ്പിക്കുന്നതിനേക്കാൾ.

മോളി–അതെ, അതെ, ബോബ്പെറിഞ്ഞു ദഹി പ്പിച്ചു! താൻ കഴിഞ്ഞ ആഴ്ചയിൽ ശോശാമ്മയുടെ അടുക്കൽ ചെന്നിരുന്നതെന്തിനാണെടോ?

സ്റ്റീ–ഓഹോ, ഇതിനാണോ ഇത്ര വീർപ്പിച്ചു ചീറ്റിയതു്. ഞാനങ്ങോട്ടു പോന്നവഴി ദാഹിച്ചു് ഇത്ര വെള്ളം കുടിക്കാൻ അവിടെ കയറി. ശോശാമ്മ വലിയ പരിശുദ്ധയാണെന്നു ഭവതി പറഞ്ഞിട്ടുള്ള കായ്യം അപ്പോൾ ഓർത്തു. ഒന്നു പരീക്ഷിച്ചുനോക്കാമെന്നു കരുതി. ആളറ്റത്തറിയണം. പൊന്നരച്ചുനോക്കണം എന്നുണ്ടല്ലൊ.

മോളി—പരീക്ഷിച്ചിട്ടെങ്ങനെ ഇരിക്കുന്നു?

സ്റ്റീ–മഹാ അസത്തു്. അവൾക്കു കാമുകന്മാർ പലരാണു്. അതുമല്ല അറിഞ്ഞിട്ടു ഞാനിങ്ങുപോന്നു.

മോളി–ആഹാ, അങ്ങനെയാണോ വലിയ പുണ്യവതിയാണെന്നു ഞങ്ങളൊക്കെ വിചാരിച്ചിട്ടു്.

സ്റ്റീ–പിന്നല്ലാണ്ടോ? വേദപുസ്തകത്തിലെ അരുളപ്പാടനുസരിച്ചു് ജീവിക്കുന്ന ഒറക്കുഞ്ഞു് ഇന്നലോകത്തില്ലെന്നു ഞാൻ സത്യം ചെയ്യാം.

മോളി–എന്റെ പ്രാണനാഥാ, എനിക്കിപ്പോഴാണു് ഉള്ളിൽ ഒരു തരെപ്പു വിണതു്. ശോശാമ്മയും ഇത്തരത്തിലാണെങ്കിൽ പിന്നെ ആക്കാണു് എന്നെ പഴിക്കുവാൻ കഴിയുന്നതു്?

സ്റ്റീ–ഒട്ടും സംശയിക്കേണ്ട. ഭവതി ഇന്നാത്തെ വനിതാമണികളുടെ ഒരു തനിമോഡലാണു്—എന്തിനു്? അതും ഇതും പറഞ്ഞു് കായ്യം വിട്ടുപോയി.

മോളി–എന്തോന്നാണിത്ര വലിയ കായ്യം?

സ്റ്റീ–മോളിയെ കണ്ടപ്പോൾ മേനകാദേവി ദേവലോകത്തുനിന്നും ഇറങ്ങിവരികയാണോ എന്നോർത്തുപോയായിരുന്നു.

മോളി- മേനകയോ!

സ്റ്റീ-അതെ. മേനക, രംഭ, തിലോത്തമ എന്നൊക്കെ കേട്ടിട്ടില്ലെ?

മോളി-എന്നെ കാണുമ്പോഴേ പറയുവാൻ മനഃപാഠമാക്കി വച്ചിരുന്ന വാചകമല്ലായിരുന്നോ ഇതു്? പാവം ഒന്നു തപ്പിപ്പോയി.

സ്റ്റീ-എന്നെ കളിയാക്കാൻ പറഞ്ഞതായിരിക്കും. എങ്കിലും ഭവതിക്കാണു് അതുകൊണ്ടുള്ള ക്ഷീണം.

മോളി-എനിക്കെന്താണു ക്ഷീണം പറയിയതു്?

സ്റ്റീ-സുന്ദരികൾക്കു തിലകമായ ഭവതി മാണിക്കക്കല്ലിനാൽ വിഭ്രഷിതയായ ഒരു സർപ്പമാണെന്നു ധരിക്കേണ്ടിവരുന്നു.

മോളി-എടോ, എന്നെ ഒരു സർപ്പമെന്നു വിളിക്കാൻ തനിക്കു ധൈര്യമുണ്ടോ?

സ്റ്റീ-കണ്ടോ ഇതാണു കാര്യമറിയാതെ കോപിക്കുന്നതു്. സർപ്പത്തിന്റെ തലയിൽ മാണിക്കമുണ്ടു്. എന്നാൽ സർപ്പമതറിയുന്നില്ല. അതുപോലെ ഭവതി ഒരു ത്രിലോകസുന്ദരിയാണു്. എങ്കിലും ഭവതി അതറിയുന്നില്ല.

മോളി-ഓ, എസ്കൂസ്മീ മൈഡിയർ. ഞാനൊന്നു തെറ്റിദ്ധരിച്ചുപോയി. പുരോഗമനസാഹിത്യത്തിലുമുണ്ടോ ദേവലോകവും ദേവസ്ത്രീകളും?

സ്റ്റീ- അങ്ങനെയൊന്നുമില്ല. എങ്കിലും മോളിയെ കാണുമ്പോൾ അതൊക്കെ വാസ്തവമായിരിക്കുമെന്നൊരു തോന്നൽ.

മോളി- എന്റെ സവ്സ്വമേ,-അങ്ങേക്കാണു് യഥാർത്ഥത്തിൽ പ്രണയമുള്ളതു്. ഇനി എനിക്കും സംശയമൊട്ടുമില്ല.

സ്റ്റീ- ഇന്നെങ്കിലും അക്കായ്യം സമ്മതിച്ചു പറഞ്ഞതിൽ എനിക്കതിയായ സന്തോഷമുണ്ട്. ഈ സന്തോഷം നീണ്ടുനിൽക്കണമേ എന്നു പുരോഗമനസാഹിത്യത്തെ സാക്ഷിനിറുത്തി ഞാൻ ആശംസിക്കുന്നു. മോളിയോടല്ലാതെ മറെറാരുത്തരോടും എനിക്കു സ്നേഹം തോന്നിയിട്ടില്ല.

"കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻപരാജയം"

മോളി- എന്റെറ ആത്മവല്ലഭാ,

ഈടാന്നുവായ്ക്കുമനുരാഗനദിക്കുവിഘ്നം
ക്രൂടത്തൊഴിക്കനുവദിക്കുകയില്ലദൈവം"

സ്റ്റീ- ഭേഷ്, അതിൽ ദൈവം എന്ന പദത്തിനേ അല്പം തരക്കേട്ടുള്ളൂ.

മോളി- അതിനെന്താണു്! അന്തഹന്തക്കിന്ത പട്ടെന്നു കേട്ടിട്ടില്ലെ? പാദം പൂരിപ്പിക്കാൻ അർത്ഥമില്ലാത്ത ചില പദങ്ങൾ ചേർക്കുന്നതുപോലെയാണു 'ദൈവം' എന്ന പദവും എന്നുകരുതിക്കൊണ്ടാൽമതി.

സ്റ്റീ-എന്നാലുമുണ്ടതിനൊരുത്തായ്ക. ആകട്ടെ, വീരനുമായി ഒരു രജിസ്റ്റർ വിവാഹം ചെയ്യുവാൻ പോകുന്നു എന്നു കേട്ടല്ലൊ. അതിൽ വല്ല വാസ്തവവുമുണ്ടോ?

മോളി-വീരൻ! ആ പട്ടിക്കു കുറെ എഴുതാൻ അറിയാം; എന്നല്ലാതെ അവനെ കണ്ടാൽ ആക്കാണൊരു സ്നേഹം തോന്നുക? മി. കോളിയാർ സ്റ്റീഫന്റെറ അയലത്തു നിൽക്കുവാൻ അവനെക്കൊണ്ടാക്കുമോ?

സ്റ്റീ-മോളിയെപ്പോലെ കായ്വിവിവരമുള്ളവരെ ഞാനെന്റെറ ആയുസ്സിൽകണ്ടിട്ടില്ല. ഭവതി എന്റെറ തങ്കക്കുടമായിതീരുന്ന ദിവസം ഞാൻ എത്രയോ ഭാഗ്യവാനായിരിക്കും!

മോളി–അതിനെന്താണു്? ഇനിയും സംശയമുണ്ടോ?

സ്റ്റീ–സംശയമില്ല. എങ്കിലും അപൂർവ്വസാധനങ്ങൾക്കു് ആവശ്യക്കാർ കൂടുമല്ലോ?

മോളി–ഏതാവശ്യക്കാർ വന്നാലും എനിക്കു സമ്മതമില്ലെങ്കിലോ?

സ്റ്റീ–വരുന്നവരൊക്കെ തലതാഴ്ത്തി ലജ്ജിച്ചുകൊണ്ടു പൊയ്ക്കോള്ളും.

മോളി–അതുതന്നെ ഞാനും പറയുന്നു. സ്റ്റീഫൻ നിക്കി മറുള്ളവരെല്ലാം ലജ്ജിക്കും. എനിക്കു് ഹൃദയം ഒന്നേയുള്ളൂ. അതുകൊണ്ടു സമ്മതവും ഒന്നു്.

സ്റ്റീ–എന്നാൽ കയ്യടിച്ചു് എനിക്കു വാക്കു തരൂ.

മോളി–ഒന്നല്ല, മൂന്നു പ്രാവശ്യം കയ്യടിച്ചു വാക്കു തന്നേക്കാം.

സ്റ്റീ–എന്നാൽ ആകട്ടെ. (സ്റ്റീഫൻ കൈ നീട്ടുന്നു)

മോളി–ഈ എന്റെ കൈ അങ്ങയുടെ കയ്യിൽ വീഴുന്നതുപോലെ അങ്ങു് എന്റെ ഹൃദയത്തിലും കടന്നിരിക്കുന്നു. സത്യം. (മോളി കൈവയ്ക്കുന്നു. സ്റ്റീഫൻ ആത്തിയോടെ അതു പിടിച്ചു മുത്തുവാൻ ശ്രമിക്കുന്നു. തത്സമയം വീക്കൻ മൊയിലിയാർ പ്രവേശിക്കുന്നു)

മോളി–(രോഷാകുലയായി) വിടടോ എന്നെ. ഞാനെന്റെ വഴിക്കു പോകട്ടെ. (സ്റ്റീഫൻ പിടി വിടുന്നു. മോളി ഓടിമറയുന്നു.)

വീക്കൻ മൊയിലിയാർ–എടാ, ഫാരാംപറന്നോനെ, നമ്മ ഒന്നു ചോദിക്കട്ടേന്നു്; നെനിക്കു പന്നീത്തിന്റെ തീട്ടം വാരിതിന്നാൻ മേലാഞ്ഞോടാ?

സ്റ്റീ–എടാ ഒരു കായ്യം. അസഭ്യം പറഞ്ഞാൽ നിന്റെ മീശ ഞാൻ എണ്ണിഎണ്ണി പറിച്ചുകളയും.

വീ. മൊയി–ഹതൊവ്വോടാ കോമട്ടീ; (അടിക്കുന്നു) നമ്മക്കൊടമ്പടി വച്ച പെണ്ണത്തിന്റെ കയ്യ്മേമ്മേ കേറി പിടിക്കാൻ നെനിക്കെന്തുട്ടാടാ കായ്യോന്നേ? ഒന്നു പറഞ്ഞേ. (വീണ്ടും അടിക്കുന്നു)

സ്റ്റീ–നിനക്കേതു പെണ്ണെടാ? നീ പോയി നിന്റെ പാട്ട നോക്കു്. മോളി എന്റേതാണു്. മനസ്സിലായോ? (ഇടിക്കുന്നു)

വീ: മൊയി–അമ്പടാ നീ ഞമ്മെ ഇടിക്കുവോന്നേ? (ഇരുവരും തമ്മിൽ പിടിക്കുന്നു) എടാ മോളീക്കടെ മോതരം കണ്ടോ നമ്മവെരലുമ്മേ? നീ എന്തരു വഹയ്ക്കു പിന്നെ കടിച്ച മരിക്കാമ്പോണു? (മോതിരം കൊണ്ടു തലയ്ക്കിട്ടിടിക്കുന്നു)

സ്റ്റീ– ഏതു മോതിരമാടാ കരിമ്പോത്തേ?

വീ: മൊയി– എടാ കാട്ടുകഴുതേ, രണ്ടേ നാഴിക ആയോള്ളെന്നേ ഈ മോതിരം നമ്മ അവുത്തുമ്മേവന്നിട്ടു്. നീ ഒന്നു നോക്കിയാട്ടെ?

സ്റ്റീ– കള്ളകാക്കാ, എന്നെ വഞ്ചിക്കാൻ തുടങ്ങുന്നോ? (പിടിമുറുക്കുന്നു–പോലീസു് ഇൻസ്പെക്ടറുംഒരു കാൺസ്റ്റബിളും ക്രുദ്ധരായി പ്രവേശിക്കുന്നു.)

ഇൻസ്പക്ടർ– റാസ്കൽസു് പബ്ലിക് പാക്കിൽവച്ചു് അടിപിടി നടത്തുന്നോടാ? (ഇരുവർക്കിട്ടും ലാത്തിച്ചാർജു്. അവർ പിടിവിട്ടു വിറച്ചുനിൽക്കുന്നു.)

പോ: ഇ– എന്താണു വഴക്കിനു കാരണം? പറയൂവേഗം. (ഇരുവരും ശബ്ദിക്കാതെ പരസ്പരം നോക്കുന്നു.)

പോ: ഇ– വായിൽ നാക്കില്ലാത്ത കഴുതകൾ! (ഓരോന്നു കൊട്ടിക്കുന്നു.)

ഇരുവരും– അയ്യോ, നാക്കൊണ്ടേപറയാവേ.

പോ: ഇ– എന്നാൽ പറയൂ. ആ കറുത്ത തടിയൻതന്നെ ആദ്യം പറയട്ടെ.

വീ: മൊയി– പൊന്നോമാന്നേ രക്ഷിക്കണേ. ഈ നിക്കണോൻ നമ്മ കെട്ടിയാരടെ കയ്യമ്മേ പിടിച്ച വലിക്കണ കണ്ടാന്നു.

പോ: ഇ– (സ്റ്റീഫനോട്) എടാ തെണ്ടിപയലേ, നേരാണോ അതു്?

സ്റ്റീ– പൊന്നുസാറെ, ഞാനെന്റെ ഭാര്യയുടെ കൈവിരലേൽ ഒരു മോതിരമിട്ടകയായിരുന്നു. അപ്പോൾ ഈ കാണ്ടാമൃഗം ചാടിവന്നു് എന്നെ ഉപദ്രവിക്കയാണു ചെയ്തതു്.

പോ: ഇ– ഇതു വിചിത്രംതന്നെ.എടാ ക്രൂരൻ, നീ എന്തിനിവിടെ വന്നു?

വീ: മൊയി– നമ്മ ഇല്ലേ പരീതിന്റെ അനന്തരത്തീനെ കാണാൻ പോകാന്നേന്നേ.

പോ: ഇ– അവൾ നിന്റെ ആരാണു്?

വീ: മൊയി– ഞങ്ങ അടുപ്പക്കാരാണു്?

പോ:ഇ–അപ്പോൾ നിന്റെ ഭാര്യ ആരാണെടാ?

വീ: മൊയി– പാര്യാണു ഇവിടേന്നങ്ങാ ഓടിപോയതു്.

പോ: ഇ– അവൾ നിന്റെ ഭാര്യയായതു് എന്നുമുതൽ?

വീ: മൊയി– ഞങ്ങ രണ്ടാളുക്കൂടി ഒടമ്പടിവച്ചു മോതരം മാറീട്ടു നാഴിക രണ്ടേ ആയോള്ളു.

പോ: ഇ– എടാ മറവൻ, അവൾ നിന്റെ ഭാര്യ ആയതെന്നുമുതൽ?

കോ:സ്റ്റീ- അവൾ പണ്ടുമുതലേഎന്റെ പ്രാണ വല്ലഭയാണു്.

പോ: ഇ-എടാ മനുഷ്യകീടമേ, ചോദിച്ചതിനുശേ ഷംപറയൂ. അവൾ എന്നുമുതൽ നിന്റെ ഭാര്യയായി?

വീ: മൊയി- യേമാന്നു് ഇപ്പം തിട്ടായില്ലൊ ന മ്മ പറേണതാസത്യോന്നു്.

പോ: ഇ- ഹും, മിണ്ടരുതു്.

സ്റ്റീ- ഭാര്യയാകുവാൻ വാക്കുപറഞ്ഞുകൊണ്ടു നി ൽക്കയായിരുന്നു.

പോ: ഇ- അവൾ നിങ്ങൾക്കിരുവർക്കും പറഞ്ഞ ആൾതന്നെ. അവൾ എവിടെ?

വീ: മൊയി- അതപ്പടീം പേടിച്ചു് ഓടി യേച്ചു.?

പോ:ഇ-അവൾ ഏതുമതത്തിൽ പെട്ടആളാണു്.

സ്റ്റീ- അവൾക്കു ദൈവവും മതവും ഇല്ല.

പോ: ഇ- കൊള്ളാം,അങ്ങനെ വരട്ടെ കായ്യങ്ങ ൾ-നിന്റെ മതമേതാണു?

സ്റ്റീ- ദൈവത്തെയും മതത്തെയും ഞാൻ ഉപേ ക്ഷിച്ചിരിക്കയാണു?

പോ:ഇ- നിനക്കോടാ?

വീ:മൊയി- ഞമ്മക്കുമില്ല ആ വല്യാഒന്നും.

പോ:ഇ- നിങ്ങളെല്ലാം ദൈവമില്ലാത്ത ഒരുത രംകെട്ടമൃഗമാണു്, അല്ലെ? എടോ 117?

117-ഉത്തരവു്

പോ:ഇ-ഇവർ രണ്ടുപേരുടെയും കൈക്കുവില ങ്ങുവയ്ക്കു(വിലങ്ങുവയ്ക്കുന്നു) ഇനി നിങ്ങൾ തിരിഞ്ഞു നില്ക്കു. എബൗട്ടേൻ (അവർ തിരിഞ്ഞു നിൽക്കുന്നു. ഇൻസ്പക്ടർ ഒരുവടിയുമായി സമീപ്പിച്ചു) എടാ നി ന്റെ പേരെന്തു്?

സ്റ്റീ-കോളിയാർ സ്റ്റീഫൻ എന്നാണേ.

പോ: ഇ- സ്റ്റീഫൻ എന്നതു് എന്തു പേരാണെടാ?

സ്റ്റീ- ക്രിസ്ത്യാനിയുടെ പേരാണു്.

പോ: ഇ- (ചൂരൽകൊണ്ടു തല്ലുന്നു)നിനക്കു ദൈവമുണ്ടോടാ?

സ്റ്റീ-അയ്യോ, എന്റെപൊന്നുസാറെ,ഒണ്ടേ, ദൈവം ഒണ്ടേ.

പോ: ഇ- എടാ തടിയൻ, നിന്റെ പേരെന്തു്?

വീ:മൊയി- വീക്കൻമൊയിലിയാരെന്നു്.

പോ. ഇ- മൊയിലിയാരെന്നതു് എന്തു പേരാണെടാ?

വീ: മൊയി- അതു തുലുക്കന്റെ പേരാണേ.

പോ: ഇ- (അടിക്കുന്നു) ഇപ്പോൾ അള്ളാ ഒണ്ടോടാ?

വീ. മൊയി- അയ്യയ്യോ, ഒണ്ടേ,അള്ളാവൊഴിഞ്ഞേടം. ഞമ്മ ഇന്നി ഈ കെട്ടവേലക്കു പോകുവേലേ.

പോ: ഇ- അള്ളാ ഇല്ലെന്നുപറയുവാൻ നിന്നോടാരു പഠിപ്പിച്ചു?

വീ: മൊയി- ഇവമ്മാരു പറഞ്ഞു കേറിയതാണേ. പോന്നോമാന്നേ തല്ലല്ലെ.

പോ: ഇ- എടോ 117?

117- ഉത്തരവു്.

പോ: ഇ- ഇവരെ ലോക്കപ്പിൽ കൊണ്ടുപോയി സൂക്ഷിക്കു.

കർട്ടൻ

രംഗം 7

(മാത്യൂസിന്റെ ഭവനം. ഡോക്ടർ ഫ്റാൻസിസ് ഒരു ചാരുകസാലയിൽ കിടക്കുന്നു. പാച്ചു അടുക്കൽ നിന്നു വീശുന്നു)

ഫ്രാൻസിസ്-എന്താ പാച്ചുവിനും മറ്റും സുഖമല്ലെ. വിശേഷം എന്തുണ്ട്?

പാച്ചു-കെകെടാത്തനെന്നും തൊതൊഹാണ്. കൊകൊച്ചുമ്മമാരു രണ്ടിനും കുകായ്ണ്ണ്.

ഫ്രാൻ-പിന്നെ എന്തുള്ള വിശേഷം?

പാച്ചു-വിവിശേഷം ഒന്നുല്ല. പിച്ചിന്നെ ഇന്നാളൊരുത്തൻ വവന്നാന്നും കൊകൊച്ചുമ്മമാരെ കെകെട്ടാൻ.

ഫ്റാൻ-അതേതുവിദ്വാൻ?

പാച്ചു-ആആ കോളർ ചീചിപ്പുനേ.

ഫ്റാൻ-ആങ്, കോളിയാർ സ്റ്റീഫൻ, അല്ലെ?

പാച്ചു—അഅതെ, ആ അവൻതന്നെ.

ഫ്റാൻ—എന്നിട്ടെന്തുപറഞ്ഞയച്ചു അവനെ?

പാച്ചു—കെകെടാത്തനവന്റെ പെപെടലിക്കു വളയിട്ടുവിട്ട.

ഫ്റാൻ—നീ മിടുക്കൻ. കൊച്ചുമ്മമാരു നിനക്കു സമ്മാനമെന്തുതന്നു?

പാച്ചു—പാപാച്ചുനോടവക്കിട്ടമാ. അതുമതി.

ഫ്റാ—നീ ചെന്നു ശോശാമ്മയോടിങ്ങുവരാൻ പറയൂ. (പാച്ചു പോകുന്നു)

ഫ്റാ—(സ്വഗതം) ശോശാമ്മ എന്റെ ഒരു ഭാഗ്യനക്ഷത്രാതന്നെ അവളുടെ സാന്നിദ്ധ്യംകൊണ്ട്

അമ്മയുടെ വിയോഗത്തിലുള്ള ദുഃഖംപോലും ഞാൻ അറിയുന്നില്ല. അവളെയും എന്റെ ഭാഗീരഥിഅമ്മയേയും പിരിഞ്ഞിരിക്കുന്നതായിരുന്നു എനിക്കു പ്രാണസങ്കടം. (ശോശാമ്മ പ്രവേശിക്കുന്നു)

ഫ്റാൻ—ആ കതകിന്നു കൊളുത്തിട്ടിട്ടുപോര്. ചില രഹസ്യങ്ങൾ പറയുവാനുണ്ട്. (ശോശാമ്മ കൊളുത്തിടുന്ന ഭാവം കാണിക്കുന്നു. വരുന്നു)

ശോശാ—അച്ചായൻ രഹസ്യം പറയുവാനാണോ വിളിച്ചതു്?

ഫ്റാൻ—അല്ല, നിന്നെ ഒന്നുകാണാൻവേണ്ടി!

ശോശാ—ദീർഘയാത്ര കഴിച്ചുവന്നതല്ലെ. ഒന്നുറങ്ങിക്കൊള്ളട്ടെ എന്നു വിചാരിച്ചാണു് ഇങ്ങോട്ടു വരാതിരുന്നതു്.

ഫ്റാൻ—ദീർഘയാത്ര കഴിച്ചു; ക്ഷീണമുണ്ടു്; ശരി എത്ര ദിവസം ഉറങ്ങിയാൽ ക്ഷീണം തീരും.

ശോശാ—ഇതായിരുന്നോ എം. ബി. ബി. എസ്. പരീക്ഷയ്ക്കുള്ള ചോദ്യം.

ഫ്റാൻ—അതുകട്ടെ, നമ്മുടെ ഭാഗീരഥിയമ്മ എപ്പോൾ വരും?

ശോശാ—വരേണ്ട സമയമായിട്ടുണ്ടു്. ധൃതിയാണെങ്കിൽ ഞാൻ ചെന്നു വിളിച്ചുകൊണ്ടുവരാം.

ഫ്റാൻ—അതു ധൃതിയില്ല. നീ അവിടെ ഇരിക്കു്. (കതകിൽ മുട്ടു കേൾക്കുന്നു.)

ശോശാ—കണ്ടോ? ഇരുത്തുമോ, വന്നതു കണ്ടില്ലെ. ഞാൻ ചെന്നു കതകു തുറക്കാം. ഒരു സൂത്രമുണ്ടു്. (ശോശാമ്മ പോകുന്നു)

ശോശാ—ആരാണതു്? അച്ചായൻ ഇവിടില്ല.

ഭാഗീ—നല്ല കള്ളി! അച്ചായൻ ഒണ്ടോ എന്നു വല്ലവരും ചോദിച്ചോ?

ശോശാ—(ഫ്രാൻസിസിനോട്) കേട്ടോ അച്ഛായാ, അച്ഛായനെ കാണണ്ടെന്നു്.

ഭാഗീ—നീ വാതിലു തുറക്കു പെണ്ണേ, കൊളുത്തിട്ടകത്തിരുന്നാണു വർത്തമാനം. വല്ല രാജദ്രോഹക്കായ്വുമാണോ പറയുന്നതു്? (ശോശാമ്മ തുറന്നു കയറിയിട്ടു് വീണ്ടും കൊളുത്തിടുന്നു)

ശോശാ—ഹേ, അവിടെ നില്ലു്. കയറണമെങ്കിൽ പാസു് കാണണം. അതെടുക്കണം വേഗം.

ഭാഗീ—ഹെ, ചെക്കർ ക്ഷമിക്കണം, എന്റെ പാസു് അവിടിരിക്കുന്ന ആ ഡോക്ടരുടെ കയ്യിലായിപ്പോയി. ഞാൻ വാങ്ങിച്ചുതരാം. ഇപ്പോൾ വിടൂ.

ശോശാ—ഓ. എന്നാലാകട്ടെ (ഇരുവരുംവരുന്നു)

ഫ്റാൻ—നിങ്ങളിരിക്കു. ഇവിടത്തെ വിശേഷങ്ങൾ കേൾക്കട്ടെ.

ഭാഗീ—എനിക്കൊരുകായ്വും പറയാനുണ്ടു്.

ഫ്റാൻ—എന്തു വേണമെങ്കിലും പറയരുതോ.

ഭാഗീ-നമ്മുടെ ശോശാമ്മയ്ക്കു് ഇപ്പോൾ വയസ്സെത്ര ഉണ്ടെന്നറിയാമോ?

ഫ്റാൻ-ഇരുപതോടടുത്തുവന്നേക്കും; ഇല്ലെ ശോശാമ്മേ?

ശോശാ—ഈ ഭാഗീരഥിയ്ക്കറിയാൻ മേലാത്തതുപോലെ (പിച്ചുന്നു)

ഭാഗീ-നോക്കുനോക്കു്. വെറുതെ ഇരിക്കുന്ന എന്നെ കിള്ളുന്നു.

ശോശാ-ഓ, എൻറമ്മേ, അതും അങ്ങുപറഞ്ഞു.

ഭാഗീ-ശോശാമ്മ വിവാഹപ്രായം കഴിഞ്ഞു നിൽക്കയല്ലേ? എന്നാൽ അക്കായ്വും വല്ലവരും പറയുമ്പോൾ മഹാദ്വേഷ്യമാണു്. ആക്കോ വാക്കു കൊട്ട

ത്തിട്ടുണ്ടെന്നു ചിലപ്പോൾ സൂചിപ്പിക്കും. ആരാണെന്നു ചോദിച്ചാൽ ഒട്ടു മിണ്ടുകയുമില്ല.

ഫ്റാൻ–നേരാണോ ശോശാമ്മേ?

ശോശാ–ഭാഗീരഥിയമ്മ മുഴുവനും പറഞ്ഞുതീരട്ടെ.

ഭാഗീ–മിനിയാന്നു ഞാൻ ചോദിച്ചു ഇതിന്റെ രഹസ്യമെന്താണു്. ഫ്റാൻസീസു് അച്ചായൻ വന്നുകഴിഞ്ഞു് രഹസ്യം വെളിപ്പെടുത്താമെന്നാണു് അപ്പോൾ എന്നോടുപറഞ്ഞതു്.

ഫ്റാൻ–എന്നാൽ ഇതുണല്ലൊ പറ്റിയ അവസരം. രഹസ്യം കേൾക്കട്ടെ ശോശാമ്മേ.

ശോശാ–രഹസ്യമൊന്നുമില്ല. അച്ചായനു് എന്നോടു വളരെ സ്നേഹമുണ്ടെന്നെനിക്കറിയാം.

ഫ്റാൻ–അതറിയാൻ പാടില്ലാത്തതായി വല്ലവരുമുണ്ടെന്നു നിനക്കു സംശയമുണ്ടോ?

ശോശാ–അറിയേണ്ടവക്കെല്ലാം അതറിവുണ്ടെന്നു് എനിക്കു ബോധ്യമുണ്ടു്.

ഫ്റാൻ–പിന്നെ നിന്റെ രഹസ്യമെന്താണു്?

ശോശാ—ഈ ഭാഗീരഥിക്കു ഞാൻ വിവാഹം കഴിച്ചുകണ്ടാൽ കൊള്ളാമെന്നു വളരെആഗ്രഹമുണ്ടു്.

ഫ്റാൻ—അതു് നിനക്കില്ലാത്ത ഒരാഗ്രഹമാണോ!

ശോശാ—വിവാഹാന്തസ്സിൽ പ്രവേശിക്കുവാൻ എനിക്കിഷ്ടമില്ല.

ഫ്റാൻ—എന്നാൽ നീ വാക്കുകൊടുത്തിട്ടുണ്ടെന്നു പറയുന്നതു് ആരെ സംബന്ധിച്ചാണു്?

ശോശാ—യഹൂദന്മാരുടെ രാജാവായ നസ്രായക്കാരൻ യേശുവിനെക്കുറിച്ചു്. (എല്ലാവരും കുനി

ഞ്ഞിരുന്നു ബാഷ്പകണങ്ങൾ തുടയ്ക്കുന്നു. കതകിൽ ആരോ മുട്ടുന്ന ശബ്ദം)

ഭാഗീ-ആരോ വാതിലിൽ മുട്ടുന്നുണ്ട്. ഫാദർ അയിരിക്കും. ഇങ്ങോട്ട വരുന്നുഎന്നെന്നോട പറഞ്ഞിരുന്നു.

ഫ്റാൻ—ആര്, ഭാസ്കരമേനോനോ?

ഭാഗീ—അതെ.

ഫ്റാൻ—എന്നാൽ ഞാൻതന്നെ പോയിക്കൂട്ടിക്കൊണ്ടുവരാം. (പോകുന്നു. ശോശയും ഭാഗീരഥിയും എഴുന്നേറുനിൽക്കുന്നു. ഭാസ്കരമേനോനും മാതൃസും പ്രവേശിക്കുന്നു. ഫ്റാൻസിസ് പിറകെ)

ഭാസ്കരമേനോൻ—ഹോ, വേണ്ടപ്പെട്ട ആളുകൾ എല്ലാവരും ഉണ്ടല്ലൊ ഇവിടെ.

മാതൃ—അതുകൊണ്ട് കായ്ക്കുൾക്കൊരു തീരുമാനം വേഗം ഉണ്ടാക്കാമല്ലൊ. (എല്ലാവരും ചുററി ഇരിക്കുന്നു)

ഭാസ്ക-ഫ്റാൻസിസിനെ കാണുവാൻ ഇങ്ങോട്ടിറങ്ങണമെന്നുവിചാരിച്ച് ഒരുങ്ങാൻ തുടങ്ങിയിട്ട് രണ്ടുമണിക്കൂറായി.

മാതൃ—ഇങ്ങോട്ടിറങ്ങാൻ ഇത്രമാത്രം ഒരുങ്ങണമെന്നുണ്ടോ? നാം തമ്മിൽ സംബന്ധക്കാരും വീട്ടുകാരും അയൽക്കാരും കൂടിയല്ലെ?

ഭാസ്ക—അതൊക്കെശരി; എങ്കിലും നമ്മുടെ ഫ്റാൻസീസ് എം. ബി. ബി. എസ് പരീക്ഷയുംമറും ജയിച്ചുവന്നിരിക്കുമ്പോൾ ഔദ്യോഗികമായിട്ടുവേണ്ടേ കാണുവാൻ.

മാതൃ—അവൻ അങ്ങോട്ടുവന്നു മി. മേനവനെയും വല്യമ്മയേയും കാണുവാൻ തീയതി നിശ്ചയിച്ചുവച്ചിരിക്കയായിരുന്നു.

ഭാസ്ക—കുറിച്ച തീയതിമാറേറണ്ട. വീട്ടിൽ ഞാനും ഗൗരിക്കുട്ടിയും കുഞ്ഞുങ്ങളും ഫ്റാൻസീസിനെ കാണാൻ കാത്തിരിക്കയാണു്.

മാത്യു—എന്നാൽ ഫ്റാൻസീസ് നാളത്തന്നെ അങ്ങു പോയേക്കു.

ഫ്റാൻ—നാളത്തന്നെ പോകാൻ ഉദ്ദേശിച്ചിരിക്കയാണു്.

ഭാസ്ക-എന്നാൽ ഇന്നുനമുക്കു് ആ കായ്യം കൂടി അങ്ങുപറഞ്ഞു വച്ചേക്കാം; ഇല്ലെ മി. മാത്യൂസ്?

മാത്യു-എല്ലാം ഭാസ്കരമേനോന്റെ ഇഷ്ടം പോലെ. അവർ ഇരുവരെക്കുറിച്ചും ഒന്നും പറയേണ്ടതില്ലല്ലൊ.

ഭാസ്ക-അതെന്തുപറയാനാണു്? കുറേനാളുകളായിഭാഗീരഥിയമ്മ വി. കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതമാരു് വായിച്ചുകൊണ്ടിരിക്കുന്നതു്. കൊച്ചുത്രേസ്യാ എന്നുള്ള പേരാണു് അവൾക്കിഷ്ടമെന്നു കൂടിഗൗരിക്കുട്ടി പറഞ്ഞുകേട്ടു. (ശോശാമ്മയും ഭാഗീരഥിയമ്മയും പരസ്പരം നോക്കി പുഞ്ചിരിതൂകുന്നു.)

മാത്യു-അക്കായ്യമെല്ലാം ഭാഗീരഥിയമ്മയുടെ ഇഷ്ടത്തിനാണു വിട്ടുകൊടുക്കേണ്ടതു്. നമുക്കാർക്കും അതിൽ കൈകടത്തുവാൻ അവകാശമില്ല.

ഭാസ്ക-സ്നേഹത്തിനാണു ഞാൻ വിലകല്പിക്കുന്നതു്. മഹാകവി വള്ളത്തോൾ പാടിയിരിക്കുന്നതു കേട്ടിട്ടുണ്ടോ?

മാത്യു-എന്തോ, പറഞ്ഞാൽ അറിയാം.

ഭാസ്ക-

"പരസ്പരം സഹായിപ്പിൻ, പരസ്നേഹം
പരത്തുവിൻ,
നിരക്ഷരലിഖിതമിതീശ ശാസനം.
സോദരരേ മാനുഷരായ് ജാതർനമ്മൾ
പതിക്കുമോ
സോദരംഭരികളായി തിര്യഗ്വഴ്ത്തിൽ"

മാതൃ- വിശിഷ്ടമായ ആശയങ്ങൾ! നാം എല്ലാവരും ഇങ്ങനെ പ്രവർത്തിക്കുന്നെങ്കിൽ പരസ്പര വൈരവും വൈരാഗ്യവും ഉണ്ടാകയേഇല്ല.

ഭാസ്ക-ഇതിനെക്കാൾ ഒരു മാറു ക്രൂടിയുള്ള ഒരാശയം ഞാൻ അടുത്തദിവസം ഒരു പുസ്തകത്തിൽ വായിച്ചു.

മാതൃ-അതിന്റെ പോക്കെങ്ങനെ.

ഭാസ്ക-"നാം എന്തിനു കലഹിക്കുന്നു? ചുരുങ്ങിയ കാലത്തെ ഒരു ലോകജീവിതത്തിനുശേഷം നമുക്കൊരു നിത്യത്വം. ഒന്നുകിൽ നാം ഒരേ സ്ഥലത്തു് നിത്യമായി ജീവിക്കണം. അല്ലെങ്കിൽ രണ്ടു സ്ഥലത്തു്. ഒരേ സ്ഥലത്തുതന്നെ നാം നിത്യമായി കഴിഞ്ഞുകൂടേണ്ടവരാണെങ്കിൽ നാം എന്തിനു സ്വല്പകാലത്തേക്കു കലഹിച്ചു ജീവിക്കുന്നു? മറിച്ചു്, നാം രണ്ടു സ്ഥലങ്ങളിലേക്കായി പിരിഞ്ഞുപോകുന്നെങ്കിൽ അല്പകാലത്തേക്കെങ്കിലും സൌഹാർദ്ദമായും സ്നേഹമായും ജീവിക്കാം." എന്നെ വളരെ സ്പർശിച്ച ഒരാശയമാണിതു്.

മാതൃ-അതു ബഹുവിശേഷംതന്നെ.

ഭാസ്ക-ഞാൻ ഇനി കൂടുതലായി ഒന്നും പറയണമെന്നില്ലല്ലൊ.

മാതൃ-വിവാഹത്തിയതി ക്രൂടെ അങ്ങു നിശ്ചയിച്ചേക്കരുതോ?

ഭാസ്ക-അതുടെ തടസ്സം? പറയത്തതേ അവരുടെ സന്തകയ്യം.

മാതൃ-പറഞ്ഞതു കേട്ടോ ഫ്റാൻസീസെ?

ഫ്റാൻ - അടുത്ത മാസത്തിലാകുന്നതുകൊണ്ടു സൌകയ്യക്കേടില്ല.

മാതൃ-ഭാഗീരഥിയമ്മ എന്തു പറയുന്നു.

ഭാഗീ-എനിക്കങ്ങനെ ഒരു പ്രത്യേകഅഭിപ്രായമുണ്ടോ?

ഭാസ്ക-എന്നാൽ അടുത്ത മാസത്തിൽത്തന്നെ ആകട്ടെ. നമുക്കു പോകാം മാതൃസ്.

മാതൃ-കാപ്പികുടി കഴിഞ്ഞിട്ട്.

ഭാസ്ക-ഓഹോ, വിരോധമില്ല. പോകാം. (എല്ലാവരും പോകുന്നു)

കർട്ടൻ.

രംഗം 8.

(വീരന്റെ ഭവനം. വീരൻ ഒരു കസാലയിൽ ഉറങ്ങിക്കിടക്കുന്നു. ഉറക്കത്തിൽ രണ്ടുമൂന്നുപ്രാവശ്യം ഞെട്ടുന്നു. ഒടുവിൽ ഞെട്ടി എഴുനേൽക്കുന്നു)

വീരൻ-(സ്വഗതം) ഒരു ദുസ്വപ്നം! ജീവിതത്തിലെ കൈക്കുന്ന ചില അനുഭവങ്ങളുടെ ഭയാനകമായ ചിത്രം! പ്ളാപ്പൊത്തിലിരുന്നൊരു നത്തു് കരച്ചു് രാത്രിയുടെ നേരിയ ഞരമ്പുകളെ പിടപ്പിക്കുന്നു. നക്ഷത്രങ്ങൾ ഓടിയടുത്തു് തങ്ങളിൽ കൂട്ടിയടിച്ചു്

ഒരു മഹാവിപ്ലവം ഉണ്ടാക്കുന്നു—എന്താണിതിന്റെ ഒക്കെ അർത്ഥം? വൈകുന്നേരം നാലുമണിക്കു് അലസനായി കിടന്നുറങ്ങിയതിനുള്ള ശിക്ഷയായിരിക്കും. അനീതി നിറഞ്ഞ അന്തരീക്ഷം ഞെളിപിരികൊണ്ടു് ഞരങ്ങുന്നതു കേൾക്കുവാൻ ഇന്നെന്റെ ശ്രവണേന്ദ്രിയങ്ങളല്ലാതെ മറെറന്തുണ്ടു്. (ഒരു ബീഡി കത്തിച്ചു വലിച്ചുകൊണ്ടു് ചിന്താമഗ്നനായി ഉലാത്തുന്നു.) ഹ, ഹ, എന്റെ തുലികകൊണ്ടു ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു. ഹിറ്റ്ലർ ഖഡ്ഗംകൊണ്ടു ലോകത്തെ കയ്യടക്കുവാൻ ശ്രമിച്ചുനോക്കി. പക്ഷേ നിരാശയും ആത്മഹത്യയും അദ്ദേഹത്തിനു ശേഷിച്ചു. ഹിറ്റ്ലർ ഒരു രണ്ടാംലോകമഹായുദ്ധത്തിനു പടയൊരുക്കം നടത്തിയതിനു മുമ്പുതന്നെ ഞാൻ എന്റെ തൂലിക കയ്യിൽ എടുത്തതാണു്. ഹിറ്റ്ലറും ജർമ്മൻ സാമ്രാജ്യവും തുലഞ്ഞു. എന്റെ തൂലികയോ, ഇപ്പോഴും അക്ഷയഭാസ്സോടെ വിരാജിച്ചുകൊണ്ടിരിക്കുന്നു. ഇംഗ്ലണ്ടിൽ ജോർജ്ജ് ബർണാർഡ് ഷാ, എച്ച്. ജി. വെൽസ് എന്നിവർക്കും, അമേരിക്കയിൽ ഫ്റാങ്ക്ളിൻ റൂസ്വെൽറ്റ്, അപ്ടൻ സിൻക്ലെയാർ എന്നിവർക്കും കൈവന്നിട്ടുള്ള സ്ഥാനമാണു് ഇന്നു മലയാളക്കരയിൽ ഈ വീരൻ സമാർജ്ജിച്ചുകഴിഞ്ഞിരിക്കുന്നതു്. അഗ്നിയും പുകയും വമിച്ചുകൊണ്ടിരിക്കുന്ന ഒരഗ്നിപർവതമാണു് അപ്ടൻ സിൻക്ലെയാർ. അത്തരം ഒരഗ്നിപർവതമായിട്ടാണു് ഇവിടത്തെ യുവാക്കന്മാർ, അല്ല യുവതികളും എന്നെ പരിഗണിച്ചിരിക്കുന്നതു്. അവരുടെ പ്രശംസകളിലും പ്രോത്സാഹനങ്ങളിലും നീന്തിത്തുടിച്ചു രമിക്കയത്രേ ഈയുള്ളവന്റെ കൃതാർത്ഥത. മറെറാന്നുകൂടി. ചില പഴഞ്ചൻ ചരക്കുകളുംപേറിക്കൊണ്ടു നടക്കുന്ന യാഥാസ്ഥിതികന്മാരുടെ ചങ്കത്തു മുള്ളു തറച്ചു രസിക്കുക എന്നുള്ളതും.

എനിക്കഭിമാനിക്കുവാൻ ഒന്നുണ്ട്. ദൈവത്തെയും മതത്തെയും വലിച്ചെറിഞ്ഞ ഒരു ഗണം യുവജനങ്ങൾ എന്റെ ആരാധകന്മാരായിത്തീർന്നിരിക്കുന്നു എന്നുള്ളതു്. സവ്ശക്തനായ തുലികയേ, നിനക്കു നമസ്കാരം. എന്റെ ദൈവവും എന്റെ മതവും നീതന്നെ. (ഭൂരെ നിന്നും ആരോ വരുന്നതു സൂക്ഷിക്കുന്നു) ആരായിരിക്കും അതു്! തുണി തുള്ളച്ചിട്ട ക്ട്ടരാശം ഈ വഴിയെ അവരുടെ കുടവണ്ടിയും തള്ളി നടക്കാറില്ലല്ലൊ. (വീണ്ടും സൂക്ഷിക്കുന്നു) ഓഹോ, അതൊരു കള്ളക്കത്തനാരുതന്നെ. വരട്ടെ ഇങ്ങു്. ഇവന്മാരെ ഒക്കെ ഒന്നു പഠിപ്പിക്കുവാനുണ്ടു്. പള്ളിയുടെ അകം പുറം മുഴുക്കി പടാത്ത ക്രൂരന്മാർ! . (ഫാദർ സിറിയക്കു് സമീപിക്കുന്നു)

വീ-എടോ പട്ടക്കാരാ, താൻ ഇതിലെ എവിടേക്കു പോകുന്നു?

ഫാദർ സിറിയക്കു്—ഇതിലെ പള്ളിയിലേക്കു പോകാൻ ഒരെളുപ്പവഴിയുണ്ടെന്നു വീക്കൻമൊയിലിയാരു പറഞ്ഞു.

വീ-(ആത്മഗതം) മൊയിലിയാരു മിടുക്കൻ! ഇത്തരം പരദ്രോഹികൾ എന്റെ കുറെ ചവിട്ടു വാങ്ങിക്കട്ടെ എന്നു കരുതിയാണു്. എന്നാൽ കൊട്ടത്തുതന്നെ അയക്കാം.

വീ: (പ്രകാശം) എടോ പെണ്ണുങ്ങളുതാമസിക്കുന്ന വീടിന്റെ മുറത്തുകൂടിയാണോ തന്റെ വഴി?

ഫാ. സി-എന്റെ കുഞ്ഞേ, അങ്ങനെയൊന്നും പറയരുതു്. നമ്മുടെ ബ്രിജീത്തായ്ക്കു ദിനം അത്യന്തമായി ഡോക്ടർ ഫ്റാൻസീസിന്റെ ആശുപത്രിയിൽ കിടക്കുന്നു. ഞാൻ കാണാൻ പോയിട്ടു വരികയാണു്.

. വീ-എടോ തനിക്കു സാഹിത്യത്തിന്റെ ഗന്ധം പോലുമുണ്ടോ?

ഫാ.സി–എന്റെ കുട്ടിപ്പിറപ്പേ, മറ്റൊരാളെ ഇങ്ങനെ നിന്ദിക്കരുത്. ദൈവകോപമുണ്ടാകും.

വീ– തന്റെ ദൈവകോപം! ദൈവമെന്നു പറയുന്ന അയാളെ മനുഷ്യത്വത്തിന്റെ പടിക്കുവെളിയിൽ ചാടിച്ചുകഴിഞ്ഞു. പിന്നെയാണയാളുടെകോപം?

ഫാസി– എന്റെ കുഞ്ഞേ, എനിക്കു നിങ്ങളോടെക്കെ പറയാൻ പ്രയാസമാണു്. എനിക്കൊരുപകാരം ചെയ്യുമോ?

വീ– "?" കാപ്പിയോമറ്റോ വേണമായിരിക്കും!

ഫാ.സി– ഞാൻ ഈ വെയിലത്തു് അങ്ങോട്ടും ഇങ്ങോട്ടും നടന്നതുകൊണ്ടു വലിയ ദാഹം, ഒന്നു കുടിക്കാൻ ഒരു കോപ്പ പച്ചവെള്ളം തരുമോ?

വീ–എടാ പാളേങ്കോടൻ കുത്തനാരേ, തനിക്കു വെള്ളമെടുക്കാൻ തന്റെവേലക്കാരനിവിടെയുണ്ടോ?

ഫാ: സി—എനിക്കാരും എടുത്തുതരേണ്ട എന്റെ കുഞ്ഞേ; ഞാൻ ആ കിണറുകരെ പോയി ഇത്തിരി കോരി കുടിച്ചുകൊള്ളാം. ഒന്നനങ്ങിച്ചേച്ചാൽ മതി.

വീ—അതെ, അതെ, കിണറുവരെ പോകുന്നു! (വിളിക്കുന്നു) മോളിയേ.

മോളി–എന്തോന്നാ (പ്രത്യക്ഷപ്പെടുന്നു)

വീ—നീ അവിടെ കിടക്കുന്ന പാളയും കയറും എടുത്തു് അടുക്കളയിൽ കൊണ്ടുവയ്ക്കു്. ഇവന്മാക്കൊക്കെ പച്ചവെള്ളം കൊടുത്തിട്ടുള്ള പുണ്യം നമുക്കു വേണ്ടാ.

മോളി—എടോ താനെന്തൊരു പിശാചാണു്! ദാഹിച്ചുവരുന്ന ഒരു മനുഷ്യനു പച്ചവെള്ളം കൊടുക്കരുതെന്നു്!

വീ–അതെ, അതുതന്നെ ഞാൻ പറയുന്നു. മതത്തിന്റെ പേരു പറഞ്ഞു സാധുക്കളെ ചൂഷണം ചെയ്യുന്ന ഇത്തരം മനുഷ്യകീടങ്ങളെ എനിക്കു കണ്ടുകൂടാ. വെള്ളത്തിനു പകരം തൊഴിയാണിവർക്കു കൊടുക്കേണ്ടതു്.

മോളി—താൻ തൊഴിക്കയോ ഇടിക്കയോ എന്തെങ്കിലും ചെയ്യൂ; അതു തന്റെ കാര്യം. ഞാൻ അട്ടേഫത്തിനു കുറേ വെള്ളം കൊടുക്കുവാനാണു നിശ്ചയിച്ചിരിക്കുന്നതു്.

ഫാ: സി—എന്റെ മകളെ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. നിങ്ങൾ തമ്മിൽ പിണങ്ങീട്ടു് എനിക്കു വെള്ളം വേണ്ടാ കുഞ്ഞേ. ഞാൻ പോകുന്നു. (മോളി മറയുന്നു)

വീ—ഛേ, താനെന്തു പറഞ്ഞു? ഈ വീട്ടിൽ വച്ചു ദൈവത്തിന്റെ നാമം മിണ്ടിപ്പോയാൽ താൻ ജീവനംകൊണ്ടു ഇവിടെ നിന്നും പോകയില്ല, ഓമ്മയിരിക്കട്ടെ.

ഫാ: സി–എന്റെ കുഞ്ഞേ, എന്നായാലും നമ്മള മരിക്കേണ്ടതല്ലോ? അതിവിടെവച്ചുതന്നെ വേണമെന്നാണെങ്കിൽ ഞാൻ അതിനും തയാറാണു്. (ഒരു യുവാവു് പ്രവേശിക്കുന്നു)

വീ—നമസ്കാരം മി. കൃഷ്ണപിള്ളേ.

കൃ: പിള്ള—നമസ്കാരം. വീരൻസാറിന്റെ ഉയർന്ന സ്വരം കേട്ടതുകൊണ്ടാണു് ഇങ്ങോട്ടു കയറിയതു്.

വീ–വൈകുന്നേരം ഒരിരകിട്ടി.

കൃ: പി—ഈ നിൽക്കുന്നതെന്തു സ്ത്രീമാണു്?

വീ–ഇതാണു് കത്തനാരെന്നു പറയുന്ന ജീവി.

കൃ: പി–ഇയ്യാളുടെ തൊഴിൽ?

വീ-കന്യകാമഠങ്ങളിൽ കയറിയിരുന്ന കന്യകാവ്രതം അനുഷ്ഠിക്കയാണു പ്രധാനം. പിന്നെ പടാത്ത പറഞ്ഞു സാധുക്കളുടെ കണ്ണിൽ പൊടിത്തുകി വയറുപിഴപ്പും.

കൃ: പി-ആടിന്റെ വേഷത്തിൽ വരുന്ന ചെന്നായ്ക്കളാണ് പുരോഗമനസാഹിത്യകാരന്മാർ എന്നു് ഈ കത്തനാരാണോ ഏതോ ഒരു പള്ളിയിൽനിന്നു കുരച്ചുതു്?

ഫാ. സി-ഞാൻ പോകുന്നു. എനിക്കു പറഞ്ഞു നിൽക്കാൻ നേരമില്ല.

വീ-ഭയമായിത്തുടങ്ങി. അതാണു് ഓടാൻ ഭാവിക്കുന്നതു്.

ഫാ: സി-അതൊന്നുമല്ല. കുരിശുമണി കൊട്ടുന്നതിനു മുമ്പേ പള്ളിയിൽ എത്താൻ വേണ്ടിയാണു്. (പോകുന്നു)

വീ-(തടഞ്ഞിട്ടു്) നിൽക്കെടോ അവിടെ. തന്നെ വിടാനുള്ള സമയം ഞങ്ങൾക്കറിയാം. തന്റെ പേരെന്തു്?

ഫാ: സി-സിറിയക്കെന്നു്.

കൃ: പി-ആങ്ങു്, സിറിയക്കു്, സിറിയക്കു്. ഇതുതന്നെ ആൾ. ഇയ്യാളെ ഞാനൊന്നന്വേഷിച്ചിരിക്കുകയായിരുന്നു.

വീ-ആളെ ഇപ്പോഴല്ലെ എനിക്കും മനസ്സിലായതു്. അല്ലെങ്കിൽ ചെകിട്ടത്തു രണ്ടു കൊട്ടുത്തുകഴിഞ്ഞേ കുശലം ചോദിക്കുമായിരുന്നുള്ളു.

കൃ: പി—ഈ ബകൻ എന്തിനാണു് ഇതിലേ വിലസാൻ വന്നതു്? നമ്മുടെ മോളിയുമായി പരിചയം വല്ലതുമുണ്ടോ?

വീ—വെള്ളം കുടിക്കാനെന്നുള്ള ഭാവത്തിലാണ് വരവ് അസേ, ആ 'ബകൻ' പ്രയോഗം വളരെ നന്നായിരിക്കുന്നു.

കൃ. പി–അതെ, അതു ഞാൻ കരുതിക്കൂട്ടി പ്രയോഗിച്ചതാണു്. കൊക്കിന്റെ രൂപം ധരിച്ചു് ഒരസുരൻ കൃഷ്ണനെ കൊല്ലാൻ ഒരുങ്ങുകയും എന്നാൽ കൃഷ്ണൻ ആ കൊക്കിന്റെ കൊക്കുപിളർന്നു് അവനെ വധിക്കുകയുംചെയ്ത ഓമ്മയുണ്ടായിരിക്കുമല്ലൊ?

വീ–അസുരനും കൃഷ്ണനുമൊക്കെ എന്താഹേ? വെറും തട്ടിപ്പല്ലേന്നു്. എങ്കിലും ബകൻ ഇവിടെ അസലാണ് കേട്ടോ.

കൃ: പി—കൊള്ളുന്നതുകൊള്ളിക്കുക, കൊള്ളുന്നതുമാത്രം എടുക്കുക. ഇതെല്ലാം നമ്മുടെ ആദർശം!

വീ—അപ്പോൾകൊക്കു് അല്ലെങ്കിൽ "ബകനാണു്" ഈ വെള്ളയങ്കികൊണ്ടു മൂടിപ്പുതച്ചു നിൽക്കുന്നവൻ. കൃഷ്ണപിള്ള അയാളെ കൊല്ലുന്നവനുംആയല്ലേ?

കൃ.പി–വേണമെങ്കിൽ അങ്ങനെയും എടുക്കാം.

വീ— എന്നാൽ നമുക്കു കുറെ ചോദ്യങ്ങൾ അങ്ങുചോദിച്ചു കൊടുക്കാം.

കൃ: പി– അതെ, അയാൾ അങ്ങനെ ഒരു അധരവ്യായാമമെങ്കിലും നടത്തട്ടെ.

വീ—എടോ താനാണൊ പുരോഗമനസാഹിത്യകാരന്മാരെ ആക്ഷേപിച്ചു് പള്ളിയിൽ പടാത്ത പൊട്ടിക്കാറുള്ളതു്?

ഫാ.സി–സത്യം എവിടെയും തുറന്നുപറയും. ഞാൻ ആരെയും ആക്ഷേപിക്കാറില്ല.

വീ—ആക്ഷേപിക്കാറില്ലെന്നോ! ആടിന്റെ വേഷത്തിൽ വരുന്ന ചെന്നായ്ക്കൾ എന്നു പറയുന്നതു് ആക്ഷേപമല്ലയോടോ?

ഫാസി-യേശു അങ്ങനെ പറഞ്ഞിട്ടുണ്ട്. അതു കൊണ്ടുഞാനും പറയുന്നു.

കു.പി—ഓഹോ, ഇപ്പോൾ മനസ്സിലായി. യേശുവിനെ പ്രത്യക്ഷരം അനുകരിക്കുന്ന ഏകവിശ്വാസിയാമി! അന്റെ കുപ്പായത്തിനു എത്ര കോൽ നീളമുണ്ടേടോ?

ഫാ:സി- എന്റെ ക്രൂടപ്പിറപ്പുകളെ, എന്തിനു് ഈ വേണ്ടാത്ത ചോദ്യമൊക്കെ ചൊദിക്കുന്നു.?

വീ-ച്ചും,വേണ്ടാത്ത ചോദ്യമെന്നോടോ?(വീരൻ അടിക്കുന്നു-ഫാദർ വീഴുന്നു.]

ഫാ: സി-പിതാവെ,ഇവർ ചെയ്യുന്നതെന്തെന്നു് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കേണമേ.

കു: പി-അമ്പടാ അയാളടെ ഒരു പരനിന്ദ കണ്ടില്ലെ? നമ്മെളെല്ലാം ശുദ്ധപോക്കിറികളാണന്നല്ലെ ആ കണിയാരാപൊട്ടിക്കലിന്റെ ധ്വനി? ഒരു ചവുട്ടു കൊടുക്കു വീരൻ.

വീ—ഇനിയും ഇവിടെകിടന്നാൽ അപകടമുണ്ടു്. (ഉച്ചത്തിൽ) എഴുന്നേറു് ഓടെടോ.

(ഫാദർ വലിഞ്ഞെഴുന്നേൽക്കുന്നു. അപകടമൊന്നുമില്ലെന്നു മനസ്സിലായപ്പോൾ) ഓടാൻ പറഞ്ഞാൽ കേൾക്കില്ല. പട്ടി! നുവോ, പിടി, നുവോ, പിടി, പിടി) കൈകൊട്ടുന്നു. പട്ടിഅകത്തുനിന്നു കുരയ്ക്കുന്നു. ഫാദർ വേച്ചു വേച്ചു പോകുന്നു.)

കു: പി- എന്റെ ജീവിതകാലത്തിൽ ഇതിനു മുമ്പു് ഇത്തരം രസമുള്ള ഒരു രംഗം ഞാൻ കണ്ടിട്ടില്ല. വീരൻ കീജേയ്! ഇവന്മാരെ ഒക്കെ ചവുട്ടി എണക്കു തിരിച്ചു വേണം മര്യാദ പഠിപ്പിക്കുവാൻ. നടക്കുന്നു വേഷവുംകൊണ്ടു്!

വീ–എന്റെ അമ്മേ, ഇതുകൊണ്ടായില്ല, നമുക്കൊരു കഥകൂടി എഴുതണം.

കൃ: പി– എന്തുകഥ?

വീ.–വരണം, ഇരിക്കണം.അതിന്റെ പ്രോട്ടോക്കെ തലയിൽ കയറിക്കഴിഞ്ഞു.

(ഇരുവരും ഒരു ബഞ്ചിൽ ഇരിക്കുന്നു)

കൃ. പി– വീരൻ അസൽ പുള്ളിയല്ലേ. കേൾക്കട്ടെ.

വീ– 'പാളേന്തോടൻ' എന്നാണു് കഥയുടെ പേരു്.

കൃ: പി–അതാളിന്റെ പേരോ, പാളേന്തോടൻ പഴത്തിന്റെ പേരോ?

വീ– ഹെയ്, അപ്പോൾ കൃഷ്ണപിള്ളയ്ക്കു മനസ്സിലായില്ലെന്നുപറയൂ.

കൃ: പി– ഇപ്പോൾ അങ്ങനെ സമ്മതിച്ചേക്കാം.

വീ:– പാളേന്തോടൻ എന്നതു് ഒരു കുത്തനാരുടെ പേരാണു്.

കൃ:പി– ഇപ്പോൾ പോയ ആളിന്റെ പേരു് സിറിയക്കു് ആണെന്നല്ലെ പറഞ്ഞതു്?

വീ– കൃഷ്ണപിള്ളയ്ക്കെന്തറിയാം?അയാളെപ്പറ്റി കഥ എഴുതിയാൽ ശോഭിക്കയില്ല. അതുകൊണ്ടു പുരോഹിതവർഗ്ഗമടച്ചു കാച്ചുണം. വായിക്കുന്നവരൊക്കെ, അതിങ്കേരായിരിക്കുമേ, ഇതങ്കേരായിരിക്കും എന്നെല്ലാമുള്ള വിചാരവിപ്ലവത്തിൽ കൂടി പതച്ചു നടക്കണം. അപ്പോഴാണു നമ്മുടെ വിജയം.

കൃ: പി– ഞാൻ അതുയ്ക്കു വിചാരിച്ചില്ല. എന്നാൽ ഫാദർ പാളേന്തോടൻ എന്നു പേരുതന്നെ ഉത്തമം.

വീ- കഥയുടെ പ്ലോട്ട് ഏതു വിധത്തിലായിരിക്കുമെന്നാണു് കൃഷ്ണപിള്ളയുടെ ഊഹം?

കൃ: പി- വീരന്റെ മുമ്പിൽ ഉത്തരം എഴുന്നള്ളിക്കുവാൻ ഭയമാണു്. വീരന്റെ പ്ലോട്ടും എഴുത്തും ആരും ഊഹിക്കാത്ത തരത്തിലാണെന്ന പ്രസിദ്ധമാണല്ലൊ.

വീ- എന്നാൽ കേട്ടുകൊള്ളു. പാളേന്തോടൻ എന്നൊരു കത്തനാരു്-വ്യാകരണമില്ല, സാഹിത്യമില്ല, ഉച്ചാരണസ്ഫുടതയില്ല- എന്നാലും നാലാളെ ഒരുമിച്ചു പള്ളിയിൽ കണ്ടുപോയാൽ ഉടൻ പടാത്ത-മരിച്ചുവരെ ഓക്കണം, ചാത്തം വെക്കണം, ഒപ്പീസും അന്നീദായും കഴിപ്പിക്കണം എന്നാണു പടാത്തയുടെ മാറാപക്കമേളം. കാണാൻ കൊള്ളാവുന്ന പെണ്ണുങ്ങളുള്ള വീടുകളിലൊക്കെ മാറിമാറിയാണു് അയാളുടെ വൈകുന്നേരത്തെ കാപ്പികുടി—ഇങ്ങനെ അങ്ങു പോകുന്നു പ്ലോട്ട്.

കൃ: പി— എന്റെ സ്നേഹിതാ, ഇതൊരഗ്നിപർവതം തന്നെ. പല ഇടത്തും പൊട്ടലുകളും ചീറ്റലുകളും ഉണ്ടാകും.

വീ— ഒന്നു തീർച്ചയാണു്. ഒരിടത്തല്ലെങ്കിൽ മറെറാരിടത്തുകൊള്ളും. ഇല്ലെന്നുണ്ടോ?

കൃ: പി— അക്കാണു സംശയം? വീരന്റെ ഉന്നം പിഴച്ചുകേട്ടിട്ടില്ലല്ലൊ.

വീ- ലോകത്തെ അജ്ഞതയിൽനിന്നും അടിമത്തത്തിൽനിന്നും സമുദ്ധരിക്കുവാൻ ചെറുകഥകൾക്കുള്ള സാദ്ധ്യതകൾ അജയ്യമാണു്.

കൃ: പി— ചെറുകഥകളായിരുന്നാൽ പോര്. അതെഴുതുന്ന ആളിന്റെ വിലയാണു നോക്കേണ്ടതു്. (വീരൻ കൃഷ്ണപിള്ളയ്ക്കു് ഒരു ബീഡി കൊടുക്കുന്നു. ഒന്നു വീരനും എടുക്കുന്നു.)

വീ-വലിക്കണം അല്ലേ, ആ പൊട്ടക്കത്തനാരുമായി പറഞ്ഞുനിന്നുപോയതുകൊണ്ട് ഒന്നു വലിക്കുന്ന കാര്യമേ മറന്നുപോയി, (ബീഡിയും കത്തിച്ചു വലിക്കുന്നു)

കു. പി-കഥയെവിടെ പബ്ലീഷ് ചെയ്യാനുദ്ദേശിക്കുന്നു?

വീ-എനിക്കുതരണേ, എനിക്കു തരണേ, എന്നു പറഞ്ഞാണ് ഓരോ പത്രക്കാരും മാസികക്കാരും എഴുത്തയയ്ക്കുന്നതു്. ഒരു കഥയ്ക്ക് ഒരു മുപ്പതെങ്കിലും തരുന്നവർക്കു കൊടുക്കും.

കു.പി—"ചിത്താർദ്രാ"യിൽ പലപ്പോഴും കഥകൾ കാണുന്നുണ്ടല്ലോ.

വീ—ചിത്താർദ്രായിൽ ഒരു ഷെയർ എനിക്കും ഉണ്ടു്. അതാരെ് ലോഭംകൂടാതെ അങ്ങോട്ടു കൊടുത്തേക്കുന്നതു്.

കു.പി—ഇതും ചിത്താർദ്രായിലായിരിക്കും ആദ്യം വരുന്നതു്; അല്ലേ?

വീ—അടുത്തദിവസംതന്നെ ചിത്താർദ്രായിൽ വരും. പിന്നീടു നമുക്കു് അതൊരു ഗ്രന്ഥത്തിന്റെ ഉദരം വീർപ്പിക്കാനും എടുക്കാം. അങ്ങനെ രണ്ടു വഴിയിലും കുറെ പണവും.

കു.പി—അതെയതെ, അതാണു വേണ്ടതു്. മാസികയും പത്രവുമൊക്കെ ആളുകൾ ഒന്നു വായിച്ചു തള്ളിക്കളയും. പുസ്തകങ്ങളാണു് ഉറച്ചിരുന്നു ജോലിനടത്തുന്നതു്.

വീ—ആ പാഠം ഞാൻ ഗുരുവിനെ കൂടാതെ തന്നെ പഠിച്ചിട്ടുണ്ടു്.

കു.പി—നമ്മുടെ കഥകൾ ക്രിസ്ത്യാനികളുടെ ഇടയിൽ കൂടുതൽ പ്രചരിപ്പിക്കാൻ നോക്കണം.

വീ—അപ്പോൾ മി. കൃഷ്ണപിള്ളയ്ക്കു ലോകത്തെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടെന്നുവരുന്നു.

കൃ.പി—അതെന്താണു്?

വീ—ഇപ്പോൾ കൃസ്ത്യൻയുവാക്കന്മാരല്ലെ കുത്തനാന്മാരെ ക്രൂരമായി ദ്വേഷിക്കുന്നതു്?

കൃ:പി-അങ്ങനെ വിചാരിക്കാൻ ഞാൻ ഒരു ന്യായവും കാണുന്നില്ലല്ലൊ.

വീ-വാസ്തവം പറഞ്ഞാൽ ഇപ്പോൾ ഹിന്ദുക്കൾക്കും മറുമാണു് കുത്തനാമ്മാരോടു ഭക്തി.

കൃ.പി-ഇതു വെറുതെ അങ്ങനെ പറയുന്നു എന്നല്ലാണ്ടെന്താ?

വീ-അതല്ല മിസ്റ്റർ, ഞാൻ ഒരു സംഭവം പറയട്ടോ?

കൃ.പി-കഥയോ ഉണ്ടായതോ?

വീ-ഉണ്ടായ സംഭവം.

കൃ.പി-എന്നാൽ കേൾക്കട്ടെ.

വീ-ആ ഭാസ്കരമേനോന്റെ മകൻ ഗോവിന്ദമേനോൻ ബി. എ. ബി. എൽ-നെ അറിയുമോ?

കൃ.പി—അറിയുമെന്നോ! അദ്ദേഹം എന്റെ ഒരു സഹപാഠിയല്ലെ. എന്താണദ്ദേഹത്തെ സംബന്ധിച്ചു്?

വീ-കേൾക്കുക. ഒരു കന്യാസ്ത്രീമഠത്തിൽ ഒരു ദിവസം ഒരു മോഷണം നടന്നു.

കൃ.പി-അവരുടെ "നിത്യാരാധനയും" കൊണ്ടയുമായിരിക്കും വല്ലവരും തട്ടിയെടുത്തതു്?

വീ—അതല്ല. ചെമ്പുകലം, ഉരുളി, ചട്ടകം മുതലായവ. മോഷ്ടാവിന്റെ പേരിൽ അവരൊരു കേസും ഫയലാക്കി.

കു.പി-കന്യാസ്ത്രീയമ്മമാരുടെ കേസാകുമ്പോൾ ശിക്ഷ തീർച്ചയല്ലെ.

വീ-കേസിലല്ല രസം; സാക്ഷിയിൽ.

കു.പി-സാക്ഷി ആരായിരുന്നു?

വീ—അതു് ആ മഠത്തിലെ കപ്പ്ലോൻ കത്ത നാരുതന്നെ.

കു.പി-ഇപ്പോൾ രസച്ചരടു കിട്ടി. വേഗം പറ.

വീ-കണ്ടോ, കൃഷ്ണപിള്ള എത്രനല്ല ഒരു സഹൃദയനാണെന്നു്! തുമ്പു കാണിച്ചപ്പോഴേ സംഗതിയിൽ കടന്നു പിടിച്ചില്ലേ. എന്നാൽ സഹൃദയത്വം എന്നതു തൊട്ടുതേച്ചിട്ടില്ലാത്ത ഒരു മനുഷ്യനാണു് മി. ഗോവിന്ദമേനോൻ. ആ പ്രതി കാലക്കേടിനു് അദ്ദേഹത്തിനാണു് വക്കാലത്തു കൊടുത്തതു്.

കു. പി. അദ്ദേഹത്തെ എനിക്കറിയാം. അതു മണ്ടനും മറുമല്ല.

വീ-ആ വിദ്വാൻ ചെയ്തതെന്താണെന്നു കേട്ടിട്ടു വിധിപറയൂ മനുഷ്യാ.

കു. പി-മുഴുവനും കേൾക്കട്ടെ എന്നാൽ.

വീ-എന്റെ ഒരു ഉറ്റമിത്രമായ മീ. തോമസ് വക്കീലിനെ അറിയുമോ?

കു. പി-കേസില്ലാത്ത ഒരു എം.എ. ബി.എൽ. കാരൻ ശനിയാഴ്ചവക്കീൽ, അല്ലേ?

വീ-അളിതുതന്നെ. വീട്ടിൽ മുതലുള്ളവനെന്തിനു കേസിന്റെ പുറകേ തുങ്ങുന്നു.

കു. പി-അതെല്ലാം അഭിപ്രായവ്യത്യാസങ്ങൾക്കു വിട്ടുകൊടുക്കേണ്ടതാണു്. എങ്കിലും സ്നേഹിതൻ വക്കീൽ എന്തുചെയ്തു?

വീ-ഒരുദിവസം മി. തോമസ് മി. ഗോവിന്ദമേനോന്റെ വീട്ടിൽ ചെന്നു് ആ കപ്പ്ലോൻകത്ത

നാരെ സൂചിമേൽ നിറുത്തി വിസ്തരിക്കേണ്ടതെങ്ങനെയാണെന്നൊക്കെ പറഞ്ഞുകൊടുക്കുകൂടി ചെയ്തു.

കു. പി–എന്തെല്ലാമാണു പറഞ്ഞുകൊടുത്തതു്?

വീ–അതല്ലേ ബഹുരസം. മി. തോമ്മസ് നല്ല ഒരു സഹൃദയനാണു്. ചോദിക്കേണ്ട ചോദ്യങ്ങൾ അയാൾ പറഞ്ഞുകൊടുത്തതിങ്ങനെയാണു്. കപ്പലോൻ കത്തനാരുടെ ജോലികൾ എന്തെല്ലാം? രാത്രിയിൽ കത്തനാരുടെ താമസമെവിടെ? കത്തനാക്കു് അമ്മമാരുടെ അടുക്കളസാമാനങ്ങൾ സൂക്ഷിക്കേണ്ട ചുമതയുണ്ടോ? എന്നും മറ്റും മറ്റും.

കു. പി–എന്തുശിരുള്ള ചോദ്യങ്ങൾ! അങ്ങനെയെല്ലാമാണോ മി. ഗോവിന്ദമേനോൻ ചോദിച്ചതു്?

വീ–അതല്ലേ ഞാൻപറഞ്ഞതു്, ആ മേനോൻ ഒരിതില്ലാത്ത മനുഷ്യനാണെന്നു്. അയാൾ മി. തോമസ്സിനോടു പറയുകയാണു്, "എന്റെ സു് നേഹിതാ! ഇത്തരം നാറിയ ചോദ്യങ്ങൾ ചോദിക്കുവാൻ എന്റെ നാക്കു പൊങ്ങുകയില്ല. എനിക്കു കുറെ അന്തസ്സും മാനവും ഉണ്ടു്" എന്നു്.

കു. പി– കഷ്ടം, ആ പച്ചപ്പരമാത്മാ അതിന്റെ രസച്ചരടു പൊട്ടിച്ചുകളഞ്ഞല്ലൊ. അത്തരം ചോദ്യങ്ങൾ ചോദിച്ചിട്ടു് കോർട്ടിൽനിന്നും അന്തസ്സിനു് തലപ്പാവും വച്ചിറങ്ങേണ്ടിയിരുന്നു. മി. മേനോൻവക്കീൽ അപ്പോൾ ആരായിരുന്നോനേ.

വീ–ഇന്നാത്തെ യുവലോകത്തിന്റെ ഹീറോ. അതല്ലാതെ മറെന്തു്?

കു. പി–അയാളുടെ ഒരന്തസ്സും മാനവും. എന്താണു് ഈ അന്തസ്സും മാനവും എന്നൊക്കെപറയുന്നതു്?

വീ– അതാണു ഞാനും ചോദിക്കുന്നതു്? ഇത്ത

രം നിരർത്ഥകങ്ങളായ പദങ്ങൾക്ക നിഘണ്ടുക്കളിൽ സ്ഥാനം അനുവദിക്കാനേ പാടില്ല.

കൃ. പി. കേട്ടാൽ പത്തുപേർ ഒരുമിച്ചു പള്ളവീർപ്പിച്ചു ചിരിക്കത്തക്ക വിധത്തിൽ കാര്യങ്ങൾ പറയണം. ഹോട്ടലിൽ കൊണ്ടുപോയി ഒന്നു സൽക്കരിക്കാനും തുള്ളണ്ടാകണം. ഇതല്ലേ അന്തസും മാനവും.

വീ-അതുതന്നെ മി. കൃഷ്ണപിള്ളേ മനുഷ്യനായെന്നാൽ കിഴുത്തിരിവു വേണ്ടേ.

കൃ. പി. അയാൾ ഇതുയ്യോ ഭോഷനാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഒരു കത്തോലിക്കൻ ആത്മാർത്ഥമായി പറഞ്ഞുകൊടുത്തതു ചോദിക്കുവാൻ അയാൾക്കു മാനക്കേട്!' അതെന്തൊരുകേടാണെപോലും! ഒന്നു പറഞ്ഞാൽ കേട്ടോ അസേ, ഈ കത്തോലിക്കർ ഒരുക്രൂരരാണ്' എന്തിനും ചുണയുള്ളവർ.

വീ-സംശയമുണ്ടോ? ഞാൻതന്നെ അതിനൊരു മോഡലല്ലേ?

കൃ. പി-അങ്ങു സർവോപരി വിജയിച്ചാലും! ഇനി. ഞാൻ ഇറങ്ങട്ടെ വല്ലാത്ത ദാഹം; ആ കടയിൽ കയറി ഒരു പാത്രം ചായ കുടിക്കണം.

വീ-നിൽക്കു സ്നേഹിതാ അൽപം വല്ലതും അനത്തിക്കിട്ടുമോ എന്നു പരിക്ഷിച്ചുകളഞ്ഞാലോ.

കൃ. പി-മോളിയുടെ തുട്ടുകൊള്ളുമ്പോൾ ഞാനുംകൂടി ഇവിടെ വേണമെന്നുണ്ടോ?

വീ-അവളുടെ ധിക്കാരമൊക്കെ അവസാനിപ്പിക്കുവാൻ ഈ വീരനു കെൽപില്ലെന്നാണോ കൃഷ്ണപിള്ളയുടെ വിചാരം?

കൃ:പി-എങ്ങനെ വിചാരിക്കാതിരിക്കും? ഞാൻ പലപ്പോഴും കണ്ടിട്ടുള്ളതല്ലേ?

വീ–ഏതായാലും നമുക്കൊക്കെ ഒരു ദോഷമുണ്ട്. അതു സമ്മതിക്കണം.

കു: പി–എന്തു ദോഷം?

വീ–വീട്ടിൽ ഒരു സൈ്വരമില്ല.

കു: പി – വീട്ടുകാരൻ ചുണയില്ലാത്തവനാണെങ്കിൽ സൈ്വരമുണ്ടാകയില്ല.

വീ–എന്നാൽ നാളെ കൃഷ്ണപിള്ള നോക്കിക്കൊള്ളും. ഇന്നൊരു കണ്ടകത്തിക കളിച്ചുവയ്ക്കാൻ നിശ്ചയിച്ചിരിക്കയാണു്.

കു.പി–കണ്ടകത്തികയോ?

വീ–അതെ, ഒരെലിയുടെ ശല്യം. പതിയെ സംസാരിക്കു.

കു:പി–അക്കായ്ക്കും മോളിയെ അങ്ങോട്ടിച്ചാൽ പോരേ?

വീ–ഓഹോ, മതി, മതി. (വിളിക്കുന്നു) മോളിയേ.

മോളി–(പ്രവേശിച്ചു്)എന്താണു് പറയൂ കായ്ക്കും.

വീ–നമ്മുടെ കൃഷ്ണപിള്ളക്കേ ഇത്തിരി ദാഹമുണ്ടെന്നു പറയുന്നു.

മോളി–പാളയും കയറും അടുക്കളയിൽ ഇരിക്കുന്നു. എടുത്തുകൊണ്ടു പൊയ്ക്കോള്ളണം.

വീ–കാപ്പിപ്പൊടി ഇരിപ്പില്ലെ?

മോളി–ഈന്തിനു്?

വീ–ഇതു വെള്ളം കാച്ചാൻ.

മോളി—കാച്ചിയ വെള്ളം കാപ്പിക്കടയിലുണ്ടല്ലൊ. വാങ്ങിക്കൊടുത്തുകൊള്ളണം.

കു.പി—ഞാൻ പറഞ്ഞതല്ലെ വെറുതെ മഞ്ഞള പറിക്കുമെന്നു്.

വീ—വിറകും മറവും ഇല്ലായിരിക്കും. എന്നാൽ വേണ്ടാ. ഞങ്ങൾക്കു പോകാൻ ധൃതിയായി.

മോളി—എവിടേയ്ക്കാണ് ഇത്ര വെമ്പലൊട്ടത്തോടുന്നത്?

വീ—ഞങ്ങൾ ബുക്ക്സ്റ്റാൾവരെയൊന്നു പോകുന്നു. ഇന്നു തിരിച്ചുവരുന്നകാര്യം സംശയം. വൈകുന്നേരമായിട്ടും നീ ആ പട്ടിയെ അഴിച്ചുവിടാത്തതെന്താ? ഒരു കുറുക്കനെ ഓടിക്കാൻ ഞാൻ അവനെ വിളിച്ചിട്ടു കണ്ടില്ലല്ലൊ.

മോളി—കുറുക്കൻ വരുന്നതു രാത്രിയിലല്ലെ?

വീ—ഇപ്പോൾ പകൽ കുറുക്കന്മാരുണ്ടെടീ. നിനക്കെന്തറിയാം?

മോളി—പട്ടിയെ സമയത്തഴിച്ചുവിടാൻ എനിക്കറിയാം. തനിക്കതുപോലുമറിഞ്ഞുകൂടല്ലൊ.

വീ—ഇതയിടെ ആയിട്ടു നീ കുറെ എതിർക്കുണ്ടല്ലൊ. ഞാനൊന്നും പറയുന്നില്ല. ഞങ്ങൾ പോകുന്നു. അതിനെ അഴിച്ചുവിട്ടേക്ക്. (മോളി പോകുന്നു)

കൃ.പി—മോളിയുടെ പ്രകൃതം ഒരു വല്ലാത്ത തരത്തിലായിട്ടുണ്ടല്ലൊ. എന്താണു കാരണം?

വീ—അവൾക്കു വേറെ ചിലരോടൊക്കെ ഇഷ്ടമുണ്ടെന്നൊരു സംശയം.

കൃ.പി—ഒരു വിശ്രുപനും ഒരു സുന്ദരിയും തമ്മിൽ വിവാഹം നടന്നാൽ ഇത്തരം അനിഷ്ടസംഭവങ്ങൾ ധാരാളമുണ്ടാകും.

വീ—(വിഷണ്ണനാകുന്നു) ഞാൻ ഒരു വിശ്രുപനാണെന്നാണോ കൃഷ്ണപിള്ളയ്ക്കു തോന്നിയിട്ടുള്ളതു?

കൃ.പി—ഹോ, ഞാനിവിടത്തെ കാര്യംകൊണ്ടു പറഞ്ഞതല്ല. വിശ്രുപനായിരുന്നെങ്കിൽ കഴിഞ്ഞ

ആഴ്ചയിൽ ആ റെയിൽവെ പ്ലാറ്റ്ഫാറത്തിൽ ആ യിരക്കണക്കിനാളുകൾ മി. വീരനെ ഒരുനോക്കു കാണുവാൻ തിക്കിക്കൂട്ടുമായിരുന്നോ!

വീ—കൈകൊടുക്കൂ മി. കൃഷ്ണപിള്ളേ. (കൈ കൊടുത്തു കുടയുന്നു) താങ്കൾക്കു് ആണുങ്ങളെ അറിയാം. ആ കെട്ട ജന്തു ഇതു വല്ലതും അറിയുന്നുണ്ടോ? അവളെ ഇന്നൊരു പാഠം പഠിപ്പിക്കുന്നുണ്ടു്.

കൃ.പി—അതിനെന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

വീ—കൃഷ്ണപിള്ള പോകണം. ഞാനിവിടെ പതിയിരിക്കാം.

കൃ.പി—എന്നാൽ ഞാൻ ഇറങ്ങട്ടെ; രണ്ടാമതും ചോദിക്കയാണു്.

വീ—എന്റെ കൃഷ്ണപിള്ളേ, എന്റെ കുറവാണോ സ്വല്പം കാപ്പി കുടിക്കാതെ പോകുന്നതു്?

കൃ.പി—അതിനെന്തു്? അതു സാരമില്ല. പോകുന്ന വഴിക്കു ഭാഷാ തീക്കാം.

വീ—ഒരു സേവനം ക്രൂടി ചെയ്യാമോ?

കൃ.പി—കഴിയുന്നതൊക്കെ ചെയ്യാം.

വീ—മി. കോളിയാർ സ്റ്റീഫന്റെ വീട്ടിൽ ചെന്നു് ഒരഭിനയം നടത്തണം. പൊടിപ്പുനയിരിക്കണം. അവനൊരു സംശയവും തോന്നരുതു്.

കൃ.പി—എന്തഭിനയം? പറ; കേൾക്കട്ടെ.

വീ—അവന്റെ വീട്ടിൽ ചെന്നു് കാലു ചവുട്ടിത്തുത്തു തിണ്ണയിൽ കയറിനിന്നുകൊണ്ടു ചോദിക്കണം "മി. സ്റ്റീഫൻ സ്റ്റീഫൻ ഇവിടെ ഇല്ലെ?" കൃഷ്ണപിള്ളയുടെ സ്വരം കേൾക്കുമ്പോൾ അവൻ ചാടി പുറത്തു വരും. അപ്പോൾ നിവർന്നുനിന്നങ്ങു ചോദിക്കണം. "അസേമി. വീരൻ ഇതിലെ ബുക്കസ്റ്റാളിലേക്കു പോകുന്നതു കണ്ടോ?

കൃ.പി-കണ്ടില്ലെന്നു് അവൻ പറയും.

വീ—അപ്പോഴാണു് പിരിയാണി തിരിച്ചിറ ക്കേണ്ടതു്. "ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ അ ന്വേഷിച്ചിട്ടു് പോയെന്നും ഇന്നു വരികയില്ലെന്നും മി സ്സസ് പറഞ്ഞല്ലൊ. എന്നാൽ ഞാനോട്ടന്നു. വഴിക്കു വച്ചു കണ്ടുപിടിക്കാമോ എന്നു നോക്കട്ടെ. "ഇതും കൊള്ളത്തിയേച്ചു കൃഷ്ണപിള്ളയുടെ പാട്ടിനു പൊ യ്ക്കൊള്ളണം. മനസ്സിലായോ?

കൃ.പി-(സ്വഗതം) വീരൻ മഹാബുദ്ധിമാൻതന്നെ. എനിക്കു കാപ്പിയും തന്നില്ലല്ലൊ. അതുകൊണ്ടു് യന്ത്രം പറഞ്ഞ വഴിയേ തിരിച്ചേക്കാം. അവൾ ഒന്നു പഠിക്കട്ടെ. കൃഷ്ണപിള്ളയോടു കളിച്ചാൽ ഇങ്ങനെ ഇരിക്കുമെന്നു്. (പ്രകാശം) മനസ്സിലായി. മനസ്സി ലായി. ഞാൻ പോകുന്നു. (പോകുന്നു)

കർട്ടൻ

രംഗം 9.

(വീരന്റെ ഭവനം. മോളി മുഖം പൊത്തി കര ഞ്ഞുകൊണ്ടു് ഒരു മേശയിലേക്കു കുനിഞ്ഞിരിക്കുന്നു)

മോളി — (ആത്മഗതം) എന്റെ ദൈവമേ, ഞാൻ ഈ കുടിയുടെ ക്രൂട്ടിൽ അകപ്പെട്ടിട്ടു മാസ ങ്ങൾ എത്ര കഴിഞ്ഞു! ഒരു ഭൗമികപദാർത്ഥമായെ സ്വപ്നം കണ്ടുകൊണ്ടു് ഞാൻ ആശയുടെ പടക്കു തിരപ്പുറത്തു് ഇരിപ്പുറപ്പിച്ചു. എന്നാൽ ആ കുതിര എന്നേയുംകൊണ്ടു ചാടിയതു് നികൃഷ്ടജന്തുക്കളുടെ വി ഹാരരംഗമായ ഒരു ചെളിക്കുണ്ടിലേക്കു്. എന്റെ നിലവിളി കേൾക്കുവാൻ ഇപ്പോൾ ആരുണ്ടു്! ഇ

പ്പോൾ ഞാനെല്ലാം പഠിച്ചുകഴിഞ്ഞു. പക്ഷേ എന്തു ഫലം? എന്റെ ശോശാമ്മയും ഭാഗീരഥിയമ്മയും എത്ര സൌഭാഗ്യകരമായ ഒരു ജീവിതം നയിക്കുന്നു! അവരെ പഴഞ്ചൻ പ്രമാണക്കാരായി തിരസ്കരിച്ചു ഞാനോ! അയ്യോ, എനിക്കതോർക്കാൻകൂടി വയ്യാ. അവരുടെ പരിപാവനമായ ആദർശങ്ങൾ എനിക്കന്നു് അപരിചിതങ്ങളായിരുന്നു. ഇനി ഞാനെന്താണു ചെയ്യേണ്ടതു്! ഒരു ധൂർത്തപുത്രിയെപ്പോലെ ഇവിടിരുന്നു പ്രലപിച്ചാൽ വല്ല ഗുണവുമുണ്ടാകുമോ. (വീണ്ടും കുനിഞ്ഞിരുന്നു കരയുന്നു. തോമസ് പ്രവേശിക്കുന്നു)

തോമസ്—ഇതെന്തുകളി എന്റെ കുഞ്ഞേ? (മോളി ഞെട്ടി എഴുനേൽക്കുന്നു. മാറി മേശയുടെ അടുക്കൽ ചാരി നിൽക്കുന്നു)

മോളി — അപ്പച്ചൻ അവിടിരിക്കു്. (കണ്ണുനീർ ഒരു തൂവാലകൊണ്ടു തുടയ്ക്കുന്നു. തോമസ് ഇരിക്കുന്നു)

തോമ-മുലകുടിക്കുന്ന കുഞ്ഞുങ്ങളെപ്പോലെ ഇരുന്നു കരയുവാൻ നിനക്കു ലജ്ജയില്ലേ? ഛേ, അവൻ കേട്ടാൽ എന്തു വിചാരിക്കും. പോയി അത്താഴത്തിനു വല്ലതും ശ്രമിക്കു്.

മോളി—ഇത്രനാളും ഞാൻ അപ്പച്ചന്റെ ഉപദേശമനുസരിച്ചു പ്രവർത്തിച്ചു. ഒരു നരകക്കുണ്ടിൽ ഞാൻ പിടഞ്ഞുവീഴുകയും ചെയ്തു. ദയവായി ഇനിയെങ്കിലും എന്നെ അലട്ടാതിരിക്കണം.

തോമ—നീ എന്തു ഭ്രാന്താണീ പറയുന്നതു്? നിന്നെ ഞാൻ എന്റെ എല്ലാ മക്കളെയുംകാൾ കൂടുതൽ സ്നേഹിച്ചു; കോളേജ് വിദ്യാഭ്യാസം കഴിപ്പിച്ചു, അപ്പറുഡേററായി ജീവിക്കുന്നതിനു വേണ്ടി ഏററവും

ആധുനികങ്ങളായ ഗ്രന്ഥങ്ങൾ നിനക്കു ഞാൻ വാങ്ങി അന്നുകൊണ്ടുമിരുന്നു. ഇതിലെല്ലാം ഞാൻ തെറ്റു ചെയ്തു എന്നാണോ നീ പറയുന്നതു്?

മോളി—അപ്പച്ചനു് എന്നെ നശിപ്പിക്കണമെ ന്നുദ്ദേശമില്ലായിരുന്നു എന്നെനിക്കറിയാം. അതുകൊ ണ്ടു് ഒരു തെറ്റുകാരനായും ഞാൻ ഗണിക്കുന്നില്ല.

തോമ—നിനക്കു നാശം വന്നു എന്നാണോ പി ന്നെയും നീ പറയുന്നതു്?

മോളി—എന്റെ അപ്പച്ചാ, ഞാൻ ആയിരം പ്രാ വശ്യം അതുതന്നെ പറയും. നിരീശ്വരനും ദുഷ്ടനു മായ ഒരു മനുഷ്യന്റെ കൂടെയുള്ള ജീവിതം എനി ക്കൊരു സുഖവും നൽകുന്നില്ല.

തോമ—നിന്റെ ഈ ജല്പനങ്ങളൊന്നും എനിക്കു മനസ്സിലാകുന്നില്ല പെണ്ണേ.

മോളി—പുരോഗമനസാഹിത്യത്തിൽ പറഞ്ഞാ ലേ അപ്പച്ചനു മനസ്സിലാകയുള്ളോ?

തോമ—അതിൽ പറയുവാനും അതിൽ ജീവിക്കു വാനുമാണു് നിന്നെ ഞാൻ അഭ്യസിപ്പിച്ചിരിക്കു ന്നതു്.

മോളി—ഞാൻ അഭ്യസിച്ചു; എന്നാൽ ഞാൻ നശിച്ചു എന്നുകൂടി പറയുന്നു.

തോമ—ശ്ശ് മിണ്ടരുതു്. എടീ ഒരു പ്രസ്ഥാ നം വിജയിക്കുന്നതിനു് ആദ്യം വളരെ ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടിവരും. പിന്നീടാണു സുഖം.

മോളി - ഈ പുതിയ പ്രസ്ഥാനത്തിൽ നിന്നും യാതൊരു സുഖവും ഞാൻ പ്രതീക്ഷിക്കുന്നില്ല. പുരോ ഗമനസാഹിത്യകാരന്മാർ മിക്കവരും അവരുടെ നി രാശ പണയം വച്ചു് ഒരു കയർ വാങ്ങി ആത്മഹത്യ ചെയ്യുകയല്ലയോ ചെയ്തിട്ടുള്ളതു്?

തോമ–ആത്മഹത്യ എന്നു പറയുന്നതു് ഒരുവക ധൈര്യമാണു പെണ്ണേ. നീ ഇനിയും പലതും പഠിക്കുവാനുണ്ടു്.

മോളി–അപ്പച്ചനും ആ ധൈര്യത്തിനൊരുങ്ങിയിരിക്കയാണോ?

തോമ–എനിക്കതു കഴികയില്ലാഞ്ഞിട്ടല്ലെ നിന്നെ ഞാൻ ഇവിടെ ബന്ധിച്ചിട്ടതു്?

മോളി–എന്നെ ബന്ധിച്ചിട്ടതുകൊണ്ടു് അപ്പച്ചനു സിദ്ധിച്ച ഗുണം?

തോമ–ഗുണമോ! ഞാൻ ആ കുശുത്ത മൂപ്പുക്കിയുടെ പേരിൽ എഴുതിക്കൊടുത്തിരുന്ന വസ്തുവകകളെല്ലാം നിന്റെ പേരിൽ വന്നതെങ്ങനെ എന്നറിഞ്ഞുക്കൂടെ?

മോളി–എനിക്കു് അപ്പച്ചന്റെ വസ്തുക്കളൊന്നും ആവശ്യമില്ലായിരുന്നു. പ്രത്യേകിച്ചു് ആ ദുഷ്ടയുടെ കൈയിൽ നിന്നു്.

തോമ–എന്തു ചെയ്യാമെന്റെ കുഞ്ഞേ? അവനെന്നെ ചതിച്ചു.

മോളി–എങ്ങനെ ചതിച്ചു?

തോമ–റഷ്യയിൽ നിന്നും മരുന്നു വാങ്ങിത്തരാമെന്നു പറഞ്ഞല്ലെ ഈ രണ്ടുംകെട്ട പൈശാചിനെ അവൻ എന്റെ തലയിൽ കെട്ടിഏല്പിച്ചതു്.

മോളി–റഷ്യയിൽനിന്നും മരുന്നോ!

തോമ–അതേ, അതു സേവിച്ചാൽ മനുഷ്യൻ 150 കൊല്ലം ജീവിച്ചിരിക്കും.

മോളി–അതു റഷ്യയിൽ ഉണ്ടാക്കുന്നുണ്ടോ.

തോമ–ഈ കരിംകുരങ്ങുലേഹ്യംപോലെ ഒരെണ്ണം. ഒരിക്കൽ അങ്ങനെ ഒരു പരസ്യം അവൻ എന്നെ കാണിച്ചു.

മോളി–ഇപ്പോഴല്ലെ കഥ മനസ്സിലായതു്. അതു സേവിച്ചിട്ടാണല്ലൊ ഇന്നയിടെയായി കുറെ മെഴുത്തുവന്നതു്.

തോമ—നീ ഇവിടെ വന്നു കളിയാക്കാനും പഠിച്ചു, അല്ലെ? അതുകൊണ്ടു വേണ്ടാ.

മോളി–മരുന്നകിട്ടിയില്ലെന്നുണ്ടോ പറയുന്നതു്.

തോമ–അതു ഏഭ്യൻ എന്നെ പറഞ്ഞു കബളിപ്പിക്കയെല്ലായിരുന്നോ?

മോളി–കബളിപ്പിച്ചാലെന്തു്? എന്റെ അമ്മച്ചിയേക്കാൾ രൂപലാവണ്യമുള്ള ഒരു യുവതി വന്നതോന്നില്ലയോ?

തോമ–കൊള്ളാം, നല്ല യുവതി!

"അംഗം ഗളിതം പലിതം മുണ്ഡം
ദശനവിഹീനം ജാതം തുണ്ഡം
വൃദ്ധോയാതി ഗൃഹീതദണ്ഡം
തദപി നമുഞ്ചത്യാശാപിണ്ഡം"— എന്നു നീ കേട്ടിട്ടുണ്ടോ?

മോളി—ഞാനതെങ്ങനെ കേൾക്കാനാണു്. പുരോഗമനസാഹിത്യത്തിൽ ഇതു വല്ലതുമുണ്ടോ?

തോമ–ആകട്ടെ, അതിന്റെ അർത്ഥം മനസ്സിലായോ?

മോളി—ഇല്ല.

തോമ–എന്നാൽ കേട്ടുകൊള്ളു. അംഗം, അവയവം. ഗളിതം, അശക്തമായിത്തീർന്നു. അപ്പോൾ അംഗംഗളിതം?

മോളി—അവയവം അശക്തമായിത്തീർന്നു.

തോമ—കൊള്ളാം. മുണ്ഡം, തല. പലിതം, നരച്ചിരിക്കുന്നു. പലിതം മുണ്ഡം?

മോളി–തലമുടി നരച്ചിരിക്കുന്നു എന്നു്.

തോമ–നിനക്കു ബുദ്ധിവൈഭവം ധാരാളമുണ്ടു്. സർ തോമസ് മൂറിനു മാർഗറൈറ്റിനെപ്പോലെയാണു് നീ എനിക്കു്, കേട്ടോ. ഇനി തുണ്ടം, വായിൽ. ദശനവിഹീനം, പല്ലില്ലാതെ. ജാതം, ആയിത്തീർന്നു. ങു്, ദശനവിഹീനംജാതം തുണ്ടം?

മോളി–വായിൽ പല്ലില്ലാതെ ആയിത്തീർന്നു്

തോമ—ഭേഷു്; ദണ്ഡം ഗ്രഹീത്വാ, വടികുത്തിയിട്ടു്. വൃദ്ധ:യാതി, വൃദ്ധ നടക്കുന്നു. അപ്പോൾ വൃദ്ധോയാതി ഗ്രഹീത്വാദണ്ഡം?

മോളി—വൃദ്ധ വടികുത്തിനടക്കുന്നു.

തോമ–ഹാടി ബെല്ലേ. നിന്നെ കുറെ സംസ്കൃതംക്ലാടി പഠിപ്പിക്കേണ്ടതായിരുന്നു. സാരമില്ല. ഇനി തനിയേ ഇരുന്നു പഠിച്ചോണ്ടാലും മതി. ഇനിയത്തേതു്: തദപി, എങ്കിലും. ആശു, ആഗ്രഹം. പിണ്ഡം, ശരീരം. നമുഞ്ചതി, വിട്ടുപോകുന്നില്ല. അതുകൊണ്ടു് തദപി നമുഞ്ചത്യാശുപിണ്ഡം എന്നു വച്ചാലോ?

മോളി—എങ്കിലും ആഗ്രഹം ശരീരത്തെ വിട്ടുമാറുന്നില്ല

തോമ—അർത്ഥഭംഗിയായിരിക്കുന്നു. ഇതല്ലേ എന്റെ ഇപ്പോഴത്തെ ഭാര്യ എന്നു പറയുന്നവളുടെ ചിത്രം?

മോളി—മനസ്സായിട്ടല്ലെ ഈ ചിത്രം മതിയെന്നു വച്ചതു്?

തോമ—ലോകത്തിൽ ആക്കാണൊരബദ്ധം പിണഞ്ഞിട്ടില്ലാത്തതു്?

മോളി—ആ അബദ്ധത്തിൽ നിന്നും പിടഞ്ഞുകയറുന്നതു് എന്റെ മുതുകത്തു കാലുകുത്തിയാണോ?

തോമ–എന്നെ ഏറ്റവും സ്നേഹിക്കുന്ന ഒരാൾക്കല്ലാതെ അങ്ങനെ പൂർണം കൊടുക്കുവാൻ മനസ്സുണ്ടാകുമോ?

മോളി–ഇനി ഞാൻ നിവൃത്തികേടുതന്നെ ചെയ്യും. ഈ ചെളിക്കുണ്ടിൽ നിന്നും എനിക്കു പുറത്തു കടക്കണം.

തോമ–നിനക്കു പരിപൂർണ്ണസ്വാതന്ത്ര്യമല്ലെ ഇവിടെയുള്ളതു്? പിന്നെ ചെളിക്കുണ്ടെന്നും മറ്റും പറയുന്നതു് എന്തർത്ഥമില്ലാത്ത വാക്കാണു്?

മോളി–യഥാർത്ഥസ്വാതന്ത്ര്യം ഇതൊന്നുമല്ലെന്നാണു് എന്റെ ഇപ്പോഴത്തെ അഭിപ്രായം.

തോമ–എന്നാൽ നിന്റെ പുതിയ അഭിപ്രായം എന്താണെന്നു പറയൂ?

മോളി – എനിക്കിഷ്ടമുള്ള ഒരാളെ വിവാഹം ചെയ്തു് അയാളുമായി സ്നേഹിച്ചു് അവസാനംവരെ ജീവിക്കണമെന്നു്.

തോമ– വീരനെ അങ്ങനെ സ്നേഹിച്ചു കൊള്ളണം. എന്തു കുറവാണവനുള്ളതു്.

മോളി–അയാളുടെ പല കുറവുകളും എനിക്കു ക്ഷമിക്കാമായിരുന്നു. പക്ഷേ ഒന്നുണ്ടു്.

തോമ–പക്ഷേ എന്തുണ്ടു്?

മോളി–അയാൾക്കു മനുഷ്യത്വത്തിന്റെ കുറവുണ്ടു്. അതു ക്ഷമിക്കുവാൻ നിവൃത്തിയില്ല.

തോമ–വീരനാണുപോലും മനുഷ്യത്വത്തിന്റെ കുറവു്! അവനെപ്പോലെ മനുഷ്യത്വത്തിനുവേണ്ടി വാദിക്കയും പോരാടുകയും ചെയ്യുന്ന വേറൊരു വ്യക്തിയുടെ പേരു പറയാമോ?

മോളി–മനുഷ്യത്വത്തെ അധഃപതിപ്പിക്കുവാൻ ഇത്രമാത്രം ശ്രമിക്കുന്ന വേറൊരു പിശാചിനെ കാണിക്കാമോ?

തോമ—എന്റെ കുഞ്ഞേ, പണ്ടു കത്തനാമ്മാര് ആരോ പറഞ്ഞുതന്ന കാര്യം ഇപ്പോൾ നിന്റെ തലയിലുണ്ട്. അതാണ് മനുഷ്യത്വത്തെക്കുറിച്ചു നിനക്കുണ്ടായിരിക്കുന്ന തെറ്റിദ്ധാരണകൾ.

മോളി – ഇന്നു വൈകുന്നേരം സിറിയക്കച്ചൻ ഈ വഴി വന്നു പോയതിൽപിന്നീടാണ് എന്റെ അഭിപ്രായങ്ങൾക്കു മാറ്റമുണ്ടായതു്.

തോമ—നീ എന്തിനു് ആ കത്തനാരുമായി സംസാരിച്ചു?

മോളി–ഞാൻ അദ്ദേഹവുമായി സംസാരിച്ചില്ല, അദ്ദേഹത്തിന്റെ പ്രവൃത്തികളാണു് എന്നെ ഹഠാദാകർഷിച്ചതു്.

തോമ–അയാൾ ഇതിലെ വന്ന മാത്രയിൽ എന്തു വലിയ പ്രവൃത്തികളാണെടീ ചെയ്തതു്?

മോളി–എന്റെ അപ്പച്ചാ, എനിക്കാസംഭവം ഓർക്കൻകൂടി വയ്യാ. (കരയുന്നു)

തോമ–എന്തു സംഭവമാണെടീ? പറ, കേൾക്കട്ടെ.

മോളി–ആ പരിശുദ്ധനായ അച്ചൻ വെയിലത്തു നടന്നു ക്ഷീണിച്ചതുകൊണ്ടു് കുറച്ചു പച്ചവെള്ളം കിട്ടുവാൻ ഇതിലേ കയറി.

തോമ–അതിനു നീ കരയുന്നതെന്തിനു്? അയാൾക്കു കുറെ വെള്ളമങ്ങു കൊടുത്തേച്ചാൽ പോരായിരുന്നോ?

മോളി– (ഏങ്ങിക്കരയുന്നു) വെള്ളം കൊടുത്തു വിട്ടില്ലെങ്കിലെന്തു്? അദ്ദേഹത്തെ ഇവിടത്തെ പിശാചും ആ കൃഷ്ണപിള്ളയുംകൂടി അടിച്ചു നിലത്തുവീഴിച്ചതോർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു.

തോമ—അ കത്തനാരു വല്ല അസഭ്യവും അവരെ പറഞ്ഞിരിക്കും.

മോളി—ഞാനെല്ലാം കേട്ടുകൊണ്ടുനിന്നിരുന്നു. അദ്ദേഹത്തിനസഭ്യം പറയുവാൻ അറിഞ്ഞുകൂടാ. ചീത്ത പറഞ്ഞതെല്ലാം അവർ രണ്ടുംകൂടിയാണു്.

തോമ-നി എന്തെല്ലാം പറഞ്ഞാലും ഈ കള്ളക്കത്തനാമ്മാരോടു് എനിക്കു വെറുപ്പാണു്.

"നാകമെന്നും, നരകമെന്നുമുള്ള
രാഗമല്പാതറിഞ്ഞുകൂടാത്തവൻ
ലോകവഞ്ചനമേ തൊഴിലാക്കിയോൻ
ഭീകരനാം പുരോഹിതനല്ലഞാൻ"

എന്നല്ലെ മി. ആർ. ബി. മാരാർ 'ഞാൻ' എന്ന തന്റെ കവിതയിൽ പുരോഹിതന്മാരെപ്പറ്റി എഴുതിയിട്ടിരിക്കുന്നതു്. ഇത്തരക്കാരെല്ലാം ഒട്ടുങ്ങണമെന്നാരു് എന്റെ അഭിവാഞ്ഛ.

മോളി-ഇത്തരം ഒരഭിവാഞ്ഛയുടെ മുമ്പിൽ ഇതുനാളും ഞാൻ തൊഴുകൈയ്യോടെ നിന്നിരുന്നു എന്നപ്പച്ചനറിയാമല്ലൊ

തോമ-അറിയാം. നിനക്കിപ്പോൾ എന്തുപറ്റി എന്നാണെന്റെ വിസ്മയം.

മോളി—വിസ്മയിക്കാനൊന്നുമില്ല. കരടിക്കൂട്ടത്തിന്റെ ഇടയിൽ ഒരു കുഞ്ഞാടിനെ ഞാൻ കണ്ടു. കാട്ടാളരുടെ ഇടയിൽ ഒരു മനുഷ്യനേയും. അതിൽ പിന്നീടാണു് എന്നിൽ ഒരു പരിവർത്തനമുണ്ടായതു്.

തോമ- നീ ഇപ്പോഴും അച്ചന്റെ കാര്യമാണോ പറയുന്നതു്?

മോളി- അതെ, അദ്ദേഹത്തെപ്പറ്റിത്തന്നെയാണു ഞാൻ പറയുന്നതു്. മനുഷ്യത്വത്തെക്കുറിച്ചു ഡോലമടിക്കുന്ന നമ്മുടെ ഗ്രന്ഥങ്ങൾ അ മഹാത്മാവി

ന്റെ മുമ്പിൽ ഇന്ന യാപാരാകളെപ്പോലെ അഗ്നികുണ്ഡത്തിൽ ദഹിക്കയാണ വേണ്ടത്.

തോമ- എന്റെ കുഞ്ഞേ, ഇന്ന ലോകത്തിൽ അത്തരം ഗ്രന്ഥങ്ങൾക്കുള്ള സ്ഥാനം എന്തെന്ന നിനക്കറിഞ്ഞുകൂടേ?

മോളി- എനിക്കറിയാം. ലോകം അത്രയ്ക്ക വഷളായിപ്പോയി എന്നേ അതിനർത്ഥമുള്ള.

തോമ- എനിക്ക നിന്നോട വാദിക്കുവാൻ കഴികയില്ല. പുരോഗമനക്കാരുടെ ഗ്രന്ഥങ്ങൾ വായിച്ച വായിച്ച് ഞാനും അധ:പതിച്ചുപോയി എന്നായിരിക്കും നിന്റെ വിചാരം.

മോളി- വിചാരം മാത്രമല്ല. എന്നെയും ഇത്തരത്തിൽ ആക്കിയതിന അപ്പച്ചൻതന്നെയാണത്തര വാദി.

തോമ- എന്റെ തലയിൽ നീ തീയ് കോരിയിടരുത്. സഹിക്കുവാൻ കഴിയുന്നതിൽ കൂട്ടതലായി ദുഃഖങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്ന.

മോളി- പുരോഗമനസാഹിത്യത്തിൽ പറയുകയും ജീവിക്കയും ചെയ്താൽ ദുഃഖമുണ്ടാകുന്നതെങ്ങനെ അപ്പച്ചാ?

തോമ— ഏട്ടിലപ്പടി പയറിലിപ്പടി എന്ന നീ കേട്ടിട്ടില്ലെ?

മോളി— കേട്ടിട്ടുണ്ട്. അതായത് പുരോഗമനസാഹിത്യകാരന്മാർ എഴുതുകയും പറയുകയും ചെയ്യുന്ന എന്നാൽ അവർ പ്രവത്തിക്കുന്നില്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

തോമ— അതിനുദാഹരണങ്ങൾ നിനക്കുണ്ടല്ലോ. ഇഷ്ടംപോലെ മനസ്സിലാക്കിക്കൊള്ളണം.

മോളി— അപ്പച്ചനു് ഉദാഹരണങ്ങൾ കിട്ടിയിട്ടില്ലെ?

തോമ— ഉണ്ടു്. പക്ഷെ ഇന്നു സമുദായത്തിൽ ഒരു സ്ഥാനം വേണമെങ്കിൽ അവരുടെവഷളത്തങ്ങളെ നാം അനുകൂലിക്കയും അവരുടെ തെമ്മാടിത്തരങ്ങളെ നാം പ്രശംസിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

മോളി— തെറ്റാണെന്നറിഞ്ഞുകൊണ്ടു് അവയെ പ്രശംസിക്കുവാൻ ഞാൻ തയാറില്ല.

തോമ— കൊള്ളാം. പിന്നീടു ദുഃഖിക്കരുതു്. ഞാൻ പോകുന്നു. (പോകുന്നു. മോളി കസേരയിൽ ഇരുന്നു് വീണ്ടും മുഖം പൊത്തി കരയുന്നു)

മോളി— (ആത്മഗതം) ലോകമേ, നിന്റെ വഞ്ചന അസഹ്യംതന്നെ.

(കോളിയാർ സ്റ്റീഫൻ ഒരു ഷൂളമടിച്ചുകൊണ്ടു പ്രവേശിക്കുന്നു)

കോളി— ഭവതി അതൊന്നുകൂടി പറയണം. വിശിഷ്ടമായ ആശയം. (ഒരു സിഗററു് കത്തിച്ചു വലിക്കുന്നു)

മോളി— (സന്തോഷം സ്ഫുരിക്കുന്നു) ഇവിടെങ്ങാനും ഒളിച്ചിരുപ്പുണ്ടായിരുന്നോ?

കോളി— അതൊക്കെ ചോദിച്ചെന്തിനു സമയം കളയുന്നു? പോയാൽ കിട്ടാത്ത സാധനമാണു് ഈ സമയമെന്നു പറയുന്നതു്.

മോളി—ഇപ്പോൾ പഴയ ആളല്ലെന്നു തോന്നുന്നല്ലൊ?

കോളി— പിന്നെ ഞാൻ വെറുതേ ഇരിക്കയാണോ; വളരുന്നില്ലെ?

മോളി—വളരുംവളരും വിവാഹപ്രായം കടന്നുനില്ക്കുന്നു.

കോളി— അങ്ങനെ പറ. എന്നെ കണ്ണുനീരു

കൂടിപ്പിച്ചതിനു് ഇന്നു ഭവതിയുടെ കൂറേ കടംകൊടുക്കേണ്ടിവന്നില്ലെ?

മോളി– തിരിച്ചുകിട്ടാൻവേണ്ടി കൊടുത്തതല്ലെ എത്ര നേരമായി വന്നിട്ടു്.?

കോളി— എത്രനേരമായി! ഞാൻ അവിടെ നടുവു് ക്രച്ചു് ഇരിക്കാൻ തുടങ്ങിയിട്ടു് നാഴിക ഒന്നിൽ കൂറയുകയില്ല.

മോളി— അവിടെ നിവിന്നിരിക്കുന്നതായിരുന്നോ?

കോളി– നിവിന്നിരുന്ന വല്ലവരും കണ്ടുക്രൂടിയാൽ സാമ്പിൽനോക്കുന്നതുമോളിയുടെപുറത്തല്ലല്ലൊ.

മോളി– എന്നാൽ നേരേ ഇങ്ങു കയറി വരുതായിരുന്നോ?അപ്പച്ചനെ ഉണ്ടായിരുന്നുള്ളല്ലൊ ഇവിടെ.

കോളി– അതെ, അതെ അങ്ങനെയൊക്കെ ഇവിടിരുന്നോണ്ടു പറയാം. ഈ മെനക്കെട്ടപണിക്കു നടന്നിട്ടു് ഇനി തോമസ് സാറിന്റെ കുത്തു കൊള്ളാനുള്ളു.

മോളി–കഷ്ടം,വന്നതുഞാൻഅറിഞ്ഞില്ലല്ലൊ.

കോളി– എങ്ങനെ അറിയാനാണു്? അപ്പനും മകളും ക്രൂടി ശ്ലോകം ചെല്ലി അർത്ഥം പറഞ്ഞങ്ങനെ ഇരിക്കയല്ലായിരുന്നോ?

മോളി– വന്നിട്ടുണ്ടെന്നറിഞ്ഞെങ്കിൽ അപ്പച്ചനുമായുള്ള സംഭാഷണം ഞാൻ ചുരുക്കിക്കളയുമായിരുന്നു.

കോളി– അതു സാരമില്ല. ഇന്നുരാത്രി മുഴുവനും നീണ്ടു നിവിന്നു കിടപ്പില്ലെ? ആവശ്യംപോലെ നമുക്കു പറയാമല്ലൊ.

മോളി– മി. വീരൻ ഇവിടില്ലെന്നറിഞ്ഞുകൊണ്ടാണൊ വരവു്, അല്ലെ?

കോളി- സംശയമുണ്ടോ?

മോളി- ആരാണിത്രവേഗം കമ്പി അടിച്ചത്?

കോളി- ഇപ്പോൾ ഏതുചിന്നക്കടയിലും ഫോണുള്ള കാലമല്ലെ?

മോളി- ഫോൺവഴി ആരുപറഞ്ഞു?

കോളി- ആരുപറഞ്ഞെന്നു്! ഒരു പുരോഗമന സാഹിത്യകാരന്റെ കെട്ടുപാടുകൾ എന്തുബലമുള്ളതാണെന്നു് ഇതുവരെ ആയിട്ടും അറിഞ്ഞുകൂടല്ലൊ. ഏതുമുക്കിലും ഉണ്ടു് അവനവനുസ്വന്തം സി. ഐ. ഡികൾ.

മോളി- ഓ, ഇത്രവലിയ കെട്ടുപാടുള്ളകാര്യം അറിഞ്ഞിരുന്നില്ല.

കോളി- അങ്ങനെ, അറിയാതെ ഇനി എന്തുമാത്രം കിടക്കുന്നു?

മോളി- ഇന്നു് ഏതായാലും സന്തോഷമുണ്ടല്ലൊ. ഞാൻ ചില കാര്യങ്ങൾ ചോദിക്കട്ടെ?

കോളി-ഇന്നു് എന്തു വേണമെങ്കിലും ചോദിക്കാം. ഇന്നെനിക്കു വല്ലാത്ത ഒരു ധൈര്യം.

മോളി-കെട്ടുപാടിന്റെ ബലംകൊണ്ടാണോ ഒരിക്കൽ ലോക്കപ്പിൽ പോയി ചെള്ളകടി കൊണ്ടതു്?

കോളി-ഓ, അതൊക്കെ കുഴിഞ്ഞ കാര്യം. എന്തിനതൊക്കെ കുത്തിപ്പൊക്കുന്നു? കെട്ടുപാടിന്റെ ബലംകൊണ്ടു് ഇൻസ്പെക്ടർ മെത്തപ്പാ വിരിച്ചാണു് എന്നെ കിടത്തിയതു്.

മോളി-ആ ഇൻസ്പെക്ടർ തല്ലിയെന്നു് ആരോ പറഞ്ഞുകേട്ടല്ലൊ.

കോളി-എന്നെയോ? മി. കോളിയാർ സ്റ്റീഫനെയോ? അയാളുടെ അപ്പാപ്പൻ വന്നാൽ എന്നെ തല്ലുകയില്ല.

മോളി–തല്ലുന്നതു കണ്ടുകൊണ്ടുനിന്നിരുന്ന ഒരാളാണു പറഞ്ഞതു്.

കോളി–തല്ലിയില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാൻ ഭാവമില്ല. എന്നാൽ രണ്ടുകിട്ടി എന്നതന്നെ ഇരിക്കട്ടെ. അതിനെന്താ? തല്ലുകൊള്ളാത്ത പുരോഗമനക്കാരാരുണ്ടു്?

മോളി–എനിക്കു വലിയ സഹതാപം തോന്നുന്നു.

കോളി–വേണ്ട, വേണ്ട. ആ തല്ലെല്ലാം സഹിക്കുവാൻ എനിക്കു കഴിയും. പക്ഷേ ഒരെണ്ണമാണു് സഹിക്കാൻ മേലാഞ്ഞതു്.

മോളി–എന്താണു സഹിക്കാൻ മേലാഞ്ഞതു്?

കോളി—മിസ്സ് മോളിതോമസിന്റെ ചതിവു്.

മോളി–അവളെങ്ങനെ ചതിച്ചു?

കോളി–അതു മിസ്സസ് മോളിവീരനറിയാം.

മോളി–ഞാൻ ആരെയും ചതിച്ചില്ല. അങ്ങനെയാണു ചതിച്ചതു്.

കോളി—കണ്ടോ, കണ്ടോ, ഇതാണല്ലൊ അരിയും തിന്നു ആശാരിച്ചിയേയും കടിച്ചു് പിന്നെയുമ്മ നായ്ക്കു മുറുമുറുപ്പെന്നു പറയുന്നതു്.

മോളി—എന്നാൽ ഞാൻ ഒന്നു ചോദിക്കട്ടെ?

കോളി–ഒന്നല്ല, രണ്ടുവേണമെങ്കിൽ ചോദിച്ചുകൊള്ളു. ഈ ചോദ്യവും പറച്ചിലുമല്ലേ കോളിയാറിനു ശേഷിച്ചിട്ടുള്ളു.

മോളി–വാക്കു പറഞ്ഞിരുന്ന വരൻ മുഹൂർത്തത്തിൽ ലോക്കപ്പിലും മറ്റും പോയി ഒളിച്ചിരുന്നാൽ മണവാട്ടി എന്തു ചെയ്യും?

കോളി–അതൊരു ചോദ്യമാണു്. സമ്മതിച്ചിരിക്കുന്നു. ലോക്കപ്പിൽ പോയതു് എന്റെ കുറ്റംകൊണ്ടാണോ?

മോളി-പിന്നാരുടെ കുറ്റംകൊണ്ടു്?

കോ—വീക്കൻമൊയിലാക്കു മോതിരം കൊടുത്തതു ഞാനാണോ?

മോളി-ഞാൻ കൊടുത്തു എന്നു് ആ പെരുങ്കള്ളൻ പറഞ്ഞോ?

കോളി-പറയുകതന്നെയല്ല. ആ മോതിരം കൂട്ടി എന്റെ തലയ്ക്കിട്ടൊരടിയുംകൂടി തന്നു.

മോളി-ആരുടെ മോതിരംകൊണ്ടു്?

കോളി-മോളിയുടെ.

മോളി-എന്റേതാണെന്നുള്ളതിനു ലക്ഷ്യം?

കോളി-വി. എം. എന്ന അക്ഷരങ്ങൾ അതിന്മേൽകണ്ടു. വി. എം. എന്നതു് വി. മോളി എന്നല്ലെ?

മോളി - വീക്കൻ മൊയിലിയാർ എന്നതിനും വി. എം. വരികയില്ലെ?

കോളി-ഓഹോ, ശരി, ശരി, എസ്കൂസ്. ഭീമമായ തെറ്റിദ്ധാരണ.

മോളി-(വിജയഭാവത്തിൽ) ഇങ്ങനെയല്ലെ പാവനചരിതരായ പെൺകുഞ്ഞുങ്ങളെ ദുർവൃത്തരായ യുവാക്കന്മാർ അവിശ്വസിക്കുന്നതു്?

കോളി-കഷ്ടം, കഷ്ടം, ഞാൻ ദുർവൃത്തനെന്നോ! ഒറ്റ ഒരാളിനുവേണ്ടി തപസ്സു ചെയ്തുകൊണ്ടിരുന്ന ഈ ഞാൻ!

മോളി-ഞാൻ അങ്ങയെപ്പറ്റിയല്ല പറഞ്ഞതു്.

കോളി-എന്നാൽ വീരനുമായുള്ള മാഷ്യേജിന്റെ കാര്യം മനസ്സിലായില്ലല്ലൊ.

മോളി-'രമണനി'ലെ ചന്ദ്രിക പറഞ്ഞതെന്താണെന്നു കേട്ടിട്ടില്ലെ?

കോ-ചന്ദ്രികയുടെ കൂട്ടുകാരിയായിരിക്കും! എന്നാലും പറ.

മോളി-"എന്തു ചെയ്യാം, മനുഷ്യരല്ലെ, പല ബന്ധമല്ലെ, വിധിയൊഴിക്കാവതോ" എന്നു്.

കോളി-വിധി കൊണ്ടക്കള. ഇതൊന്നും പുരോഗമനസാഹിത്യത്തിൽ ഇല്ല,

മോളി-ഇല്ലായിരിക്കാം.

കോളി-എന്നാൽ വീരനും കോളിയാറിനും അവകാശം ഒന്നുപോലെ.

മോളി-എന്റെ സമ്മതമോ?

കോളി—വീരനെക്കുറിച്ചുള്ള പഴയ അഭിപ്രായങ്ങളെല്ലാം മാറിപ്പോയോ?

മോളി-മാറിയില്ല. ഒന്നുകൂടി ഉറപ്പുകയാണുചെയ്തതു്.

കോളി-എന്നാൽ രണ്ടുംകല്പിച്ചിറങ്ങണം. പോകാം നമുക്കു്.

മോളി-സമയമായില്ല. എന്റെഹൃദയം ഞാൻ അങ്ങേക്കായി സൂക്ഷിച്ചിരിക്കയാണു്. എന്നാൽ എന്റെശരീരം ഉടമ്പടിയിൻകീഴായിപ്പോയി.

കോളി-എന്റെപ്രാണനാഥേ, ഈ വിഭജനം അത്ര പന്തിയല്ല. ഹൃദയംവീരനും ശരീരം എനിക്കുംതരിക.

മോളി-എന്റെ ഹൃദയത്തെക്കാൾവലുതു് ശരീരമാണെന്നോ വിചാരിക്കുന്നതു്?

കോളി-കണ്ണുകൊണ്ടുകാണാൻ മേലാത്തതിലൊന്നും പുരോഗമനവാദികൾക്കു വിശ്വാസമില്ല.

മോളി-എന്നാൽ ഞാൻ എന്തുചെയ്യണമെന്നു പറയുക?

കോളി-ഇവിടെനിന്നും ഇന്നുതന്നെ ഇറങ്ങുമി. കോളിയാറിന്റെ കൂടെ പോരിക. ആ ആധാരവും കൂടി എടുക്കാൻ വിട്ടുപോയേക്കരുതു്.

മോളി-എന്റെ അപ്പച്ചന്റെ പിന്നത്തെ സ്ഥിതി എന്തായിരിക്കും?

കോളി-അപ്പച്ചൻ ആക്കുവേണ്ടിയാണു് ഈ മുതുക്രുത്തുകളിച്ചതു്?

മോളി-അതും വാസ്തവംതന്നെ. തന്നത്താൻ കുഴിച്ചകുഴി.

കോളി—അതല്ലെ ഞാൻപറഞ്ഞതു്. അതിൽ കിടന്നായാൾ ചാകട്ടെ. മോളി എന്തിനു് ഈസൗന്ദര്യവും സഹൃദയതവും നഷ്ടപ്പെട്ടുത്തുന്നു?

മോളി—ഞാൻ അങ്ങയെ അല്ലാതെ മറാരെയും സ്നേഹിച്ചിട്ടില്ല

കോളി—മോളിക്കു കോളിയാറാണുചേരുന്നതു്; വിരനല്ല.

മോളി—ഞാൻ ഇവിടെനിന്നും ഇറങ്ങണമെങ്കിൽ ഒരുകായ്യംചെയ്യണം.

കോളി—ഒരുകായ്യമല്ല; നൂറുവേണമെങ്കിൽ ചെയ്യാം. ഇപ്പോൾ തലകുത്തിനില്ക്കണമോ?

മോളി—അതൊന്നും വേണ്ടാ. ഈദുഷിച്ചഗ്രന്ഥങ്ങളോടെല്ലാംഎനിക്കുവെറുപ്പായിതീന്നിരിക്കയാണു്

കോളി-ഈ കെട്ടപുസ്തകങ്ങളെല്ലാം എഴുതിത്തള്ളുന്നവരുടെ കൈപുഴക്കയില്ലെ എന്നാണല്ലൊ ചോദ്യം. ഞാൻ അതെല്ലാം എന്നേവലിച്ചെറിഞ്ഞു.

മോളി—എന്നാൽ ഇനി അത്തരംപുസ്തകങ്ങളൊന്നും വീട്ടിൽ കയറുകയില്ലല്ലൊ.

കോളി-അ സംശയമോ?ഇനി ഭവതിവാങ്ങിത്തന്ന പുസ്തകങ്ങളേ ഞാൻ വായിക്കൂ. പോരെ!

മോളി—മതി. എനിക്കുസന്തോഷമായി. പക്ഷേ ഇവിടെനിന്നും ഇറങ്ങാൻ ഒരു സങ്കോചം.

കോളി—എന്തുസങ്കോചം? ആരാണാനമ്മെതടയുവാനുള്ളതു്? ഇറങ്ങണം (കൈകളുപിടിക്കുന്നു. ഇരുവരും നടക്കുന്നു. ഒരുകോഴിപറന്നുവീഴുന്നു)

മോളി—ഓ, ഇതെന്തു്? ഒരുകോഴി! ഭുജിക്കണം!

കോളി—കോഴിയെ കാണുന്നതു് ഒന്നാംതരം ശകുനമാണു്. വിജയം നിശ്ചയം. നടക്കാം. (നടക്കുന്നു)

വീരൻ-നിൽക്കടാ അവിടെ. (ഇരുവരും ഞെട്ടുന്നു)

കോളി—എന്റെ മോളീ, ചതിച്ചല്ലൊ.

മോളി-വേഗം ഓടിക്കോ. അല്ലെങ്കിൽചാകണം.

കോളി-എന്റെ കാലിനൊരുതളർച്ച. നടക്കാൻവയ്യാ.

മോളീ—കത്തിയുണ്ടെങ്കിൽ വേഗം എടുക്കു്. നമുക്കരണ്ടുപേർക്കുംകൂടി ചത്തുകളയാം.

മോളി-അയ്യോ, അതോർക്കുമ്പോൾ എന്റെ കണ്ണുചുറ്റുന്നു. (വീരൻ പ്രവേശിച്ചു് കോളിയാറിന്റെ പിടലിക്കുപിടിക്കുന്നു)

വീ-എടാ, പാഷാണകൃമീ; നിന്നെപിടിക്കുടാൻ പലനാളായി ഒരുങ്ങിയിരിക്കുന്നു. ഇന്നു നീ എന്റെ വലയിൽ. ഇനി നീ ജീവനുംകൊണ്ടുപോകാമെന്നു വിചാരിക്കേണ്ട.

കോളി-എന്റെ വീരൻസാറെ, ഇത്തവണകൂടി ക്ഷമിച്ചു് എന്നെ രക്ഷിക്കണെ.

വീ-പലതവണ ഞാൻ ക്ഷമിച്ചു. ഇത്തവണ നീ ചാക്കു. (കഠാരി ഓങ്ങുന്നു)

കോളി-അയ്യോ; ഞാനിനി ഇങ്ങനെപടിക്കുകയുമില്ല. എന്നെകൊല്ലരുതേ ദൈവത്തെഓർത്തു്.

വീ-ഛേ, ദൈവത്തെ ഓർത്തു്! നീ അസഭ്യം പറഞ്ഞതിനു് ഒരു നിമിഷം മുമ്പേ മരിക്കു്. (കുത്തുന്നു. കോളിയാർവീഴുന്നു)

മോളി-(പരിഭ്രമിച്ചു്) ഹയ്യോ,പാവം ഓടിവായോ. കുത്തിക്കൊല്ലുന്നേ!

വീ-(മോളിയെ സമീപിച്ചിട്ടു്) വായ് പൊത്തെടീ. നീവിളിച്ചുകൂവും, അല്ലെ?

മോളി—വിളിച്ചുകൂവും. തന്റെ അക്രമങ്ങൾ ലോകത്തെ ഞാൻ അറിയിക്കും.

വീര-എടീ കുലടേ, നിനക്കു ജാരന്മാർ ഒരു ഡസനിൽകുറയാതെ ഉണ്ടെന്നെനിക്കറിയാം. അവർ ഓരോരുത്തരായി കാലപുരിക്കുപോകും. ഒടുവിൽനീയും.

മോളി-പരിശുദ്ധനായ താൻ എന്നെ എന്തിനിവടെ കൊണ്ടുവന്നു?

വീ-നിന്റെഅപ്പച്ചന്റെനിർബന്ധംകൊണ്ടു്.

മോളി-എന്റെ അപ്പച്ചനെയും എന്നെയും താൻ ചതിച്ചു.

വീ:- ചതിച്ചെന്നോ! രക്ഷിച്ചെന്നു പറയെടീ കുലടേ.

മോളി- ഞാൻ കാരികണ്ടു ഭയപ്പെടുന്നവളല്ല. തന്റെ ഇഷ്ടംപോലെ ഞാൻ പറയുകയില്ല.

വീ:— എന്നാൽ നിയും നിന്റെ ജാരന്റെ അടുക്കൽ കിടന്നു പിടയ്ക്കു. (കുത്തുന്നു. മോളി വീഴുന്നു)

മോളി-ഹാ.....ഒരു നരകമുണ്ടെങ്കിൽ.....

വീ.- ഒരു നരകം! അതെത്രയോ മുമ്പേ ഞാൻ കെട്ടത്തിക്കളഞ്ഞു. മിണ്ടാതെ നീ അവിടെ കിടന്നു ചത്തുകൊള്ളു.

മോളി-ദൈവമേ... ഇയ്യാളുടെ നികൃഷ്ടകൃത്യങ്ങൾ.....

വീ- നരകം പോയി ഇപ്പോൾ ദൈവമായി! ഇനിയും ശമ്പിച്ചുപോയാൽ ഒറക്കുത്തുക്കുടി. അല്ലെങ്കിൽ ഇഞ്ചിഞ്ചായി അവിടെ കിടന്നു തുലഞ്ഞുകൊള്ളൂ.

വീ- (സ്വഗതം) അതങ്ങനെ അവസാനിച്ചു. ഇനി ഞാൻ എന്തിനു ജീവിച്ചിരിക്കണം. രണ്ടുപേരേ കാച്ചിയ എനിക്കു് ഗവമ്മെൻറു് അതിഥിയായിരിപ്പാനുള്ള ക്ഷണം ഉടൻ കിട്ടും. അല്ലെങ്കിൽ ഒളിവിൽ നടക്കണം. എന്റെ മനുഷ്യത്വത്തിനു് അതുരണ്ടും യോജിച്ചതല്ല. അതുകൊണ്ടു ഞാനും മുണയായിട്ടു് അങ്ങു ചാകുകതന്നെ. പുരോഗമനസാഹിത്യകാരന്മാരിൽ പ്രമുഖനായ ഞാൻ ഒരു മാതൃക നൽകേണ്ടതാണല്ലൊ. അല്ല, ഈ പുരോഗമനസാഹിത്യകാരന്മാരിൽ ആരാണു കട്ടിലേൽ കിടന്നു മരിച്ചിട്ടുള്ളതു്? ഒരു കഠാരിയോ, തോക്കോ, കയറോ, വിഷമോ അല്ലേഅവരെ മരണത്തിലേക്കു കൈമാടി വിളിച്ചിട്ടുള്ളതു്. എങ്കിലും ഞാൻ ഇപ്പോൾ എന്തിനു മരിക്കണം—ഓഹോ, ഉണ്ടല്ലൊ ഒരാൾ; മരണത്തെ ഒരു കാമുകനായി പരിഗണിച്ച പാടിയിട്ടുള്ള മി കൃഷ്ണപിള്ള. അദ്ദേഹം ഒരു മഹാൻതന്നെ. (പാടുന്നു)

"ഓമനേ മടിയ്ക്കൊണ്ടു പോരികെ"ന്നെന്നെ-
സ്വയം
പ്രേമസല്ലാപത്തിനായ് ക്ഷണിക്കുംമരണത്തെ,
ഞാനനാദരിച്ചാലോ?-പാടില്ല,വേഗംചെന്നെൻ
പാനഭോജനം കൈയിൽകൊടുപ്പതത്രേ കാമ്യം.
ഞങ്ങൾതൻപരസ്പരപ്രഥമാശ്ലേഷം!-ഞാനാ
മംഗളരംഗംവെറുംമടിയാൽ വൈകിച്ചല്ലൊ!
സംഗീതമയം,നിത്യശാന്തിദം,ഭവദീയ-
സംഗമമുഹൂർത്തം,ഞാൻ കാത്തുകാത്തിരിക്കട്ടെ!"

ഈ വീരന്റെ വീരോചിതമായ മരണം ഭാവി ലോകത്തിനു് ഒരാശാകേന്ദ്രമായിരിക്കട്ടെ. (കഠാരി കുത്തിയിറക്കാൻ ശ്രമിക്കുന്നു. ശ്രമം നിഷ്ഫലം) ഇതെന്തു കഠാരി! എനിക്കുള്ളടത്തോളം ധൈര്യം ഇതിനില്ലല്ലൊ. എന്നാൽ പോകട്ടെ (വലിച്ചെറിയുന്നു) ഒരു കാൽപെരുമാറ്റം കേൾക്കുന്നുണ്ടല്ലൊ. ഇതാണൊരഭിനയത്തിന്റെ സമയം. ചത്തപോലങ്ങു കിടക്കാം. ആളു മാറുമ്പോൾ എഴുന്നേറ്റോടി വല്ല പട്ടാളത്തിലും ചെന്നു ചേരാം. (കിടക്കുന്നു) (തോമസ് പരിഭ്രമം പൂണ്ടു പ്രവേശിക്കുന്നു. ചുറ്റും നോക്കുന്നു)

തോമസ്– [ആത്മഗതം] എന്റെ മോളിയുടെ സ്വരം കേട്ടതുപോലെ തോന്നിയല്ലൊ. എവിടെനിന്നായിരിക്കും. [വിളിക്കുന്നു) മോളിയേ മോളീ. (നടക്കുന്നവഴി കോളിയാറിനെ കണ്ടു ഞെട്ടുന്നു)ഓ, ഇതെന്തു്! ഒരാൾ ഉറങ്ങിക്കിടക്കുന്നോ ചത്തുകിടക്കുന്നോ (സൂക്ഷിക്കുന്നു) കുത്തുകൊണ്ടു മരിച്ചതാണെന്നു തോന്നുന്നു. ഇവനെങ്ങനെ ചാകാൻവേണ്ടി ഇവിടെ വന്നു? (ചുറ്റും നോക്കുന്നു. വീരനെ കാണുന്നു) ഹയ്യോ, എന്റെ വീരാ, നീയും ചത്തുകിടക്കയാണോ (വിളിക്കുന്നു) വീരാ, വീരാ, വീരോ, എന്റെ വീരാ! എന്റെ ദൈവമേ, പോയല്ലൊ. യുവജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്ന നിന്നെ ആരാണു വധിച്ചുകളഞ്ഞതു്! എനിക്കിനി ആരാണൊരാശ്രയം! (ചങ്കത്തലയ്ക്കുന്നു. എഴുന്നേൽക്കുമ്പോൾ മോളിയെ കാണുന്നു) അയ്യോ, ഇതെനിക്കു സഹിക്കാൻ മേലേ. നിനക്കെന്തുപറ്റിയെടീ മോളീ, എന്റെ മോളീ, മോളിയേ! (മോളി ഞരങ്ങുന്നു) മോളീ, എന്റെ മകളെ, നിന്നെ ആരാണിങ്ങനെ ചെയ്തിട്ടുകളഞ്ഞതു്!

മോളി–ഇ...ത്തി...രി...വെ–ള്ളം. (വെള്ളം കൊണ്ടുവന്നു കൊടുക്കുന്നു)

തോമ- എന്റെ മകളെ, നിന്നെ ആരാണിങ്ങനെ കുത്തിക്കളഞ്ഞതു്! (പ്രഥമശുശ്രൂഷകൾ നടത്തുന്നു.)

മോളി- അപ്പച്ചാ, ഒന്നു കമ്പസാരിക്കണം. സിറിയക്കച്ചനെ കൊണ്ടുവരണം.

തോമ—ഓ,കമ്പസാരിക്കുന്നു! എന്തിനുവേണ്ടി? എന്റെ കുഞ്ഞിപ്പോൾ മരിക്കയുംമറും ഇല്ല.

മോളി- അപ്പച്ചാ, എന്റെ ജീവിതകാലത്തിലെ അവസാനത്തെ ആഗ്രഹം. അതു നിറവേറ്റിത്തരുമോ?

തോമ— എന്റെ കുറവില്ല. ഞാൻ കൊണ്ടുവന്നേക്കാം. (പോകുന്നു. കർട്ടൻ പകുതിവന്നുനിൽക്കുന്നു. ഫാദർ സിറിയക്കു് പ്രവേശിച്ചു് മോളിയുടെ മേൽ കൈ ഉയർത്തി ആശീർവദിക്കുമ്പോൾ കർട്ടൻ ഉയരുന്നു.)

മോളി - അച്ചാ, ഒരു കൊടുംപാപിനിയായി ഞാൻ എന്റെ ജീവിതം കഴിച്ചുകൂട്ടി എങ്കിലും ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു. ഇനിയുംഞാൻ ജീവിക്കുന്നെങ്കിൽ ആ പഴയചെളിക്കുണ്ടിലേക്കു പിന്തിരികയില്ല.

ഫാ:സിറിയക്കു്-മകളേ, ദൈവം നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. നീതിമാന്മാർക്കുവേണ്ടിയല്ല, നമ്മുടെ ദിവ്യനാഥൻ ക്രൂശുമരണം അനുഭവിച്ചതു്; പാപികൾക്കുവേണ്ടിയത്രേ. ഒരു പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗം മുഴുവനും സന്തോഷിക്കുമെന്നും താൻ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. കഴിഞ്ഞതിനു് ഒരു പരിഹാരമായിരിക്കത്തക്കവണ്ണം ഇനിയത്തെ ജീവിതം തുടരുക. (പോലീസ് ഇൻസ്പെക്ടർ, 117, ആശുപത്രിപ്യൂൺ പാച്ചു എന്നിവർ പ്രവേശിക്കുന്നു)

പോലീസ് ഇൻസ്പെക്ടർ-നമസ്കാരം ഫാദർ.

ഫാ. സി—നമസ്ക്കാരം

പോ. ഇ—എടോ 117?

117—ഉത്തരവ്.

പോ. ഇ— മൂന്നെണ്ണമേ കിടപ്പുള്ളോ എന്നു നോക്കു. (എണ്ണുന്നു)

117—ഒന്ന്, ഒന്ന്, രണ്ട്, രണ്ട്, മൂന്ന്, മൂന്ന്, മൂന്ന്, മൂന്ന്. (ചുറ്റും നോക്കുന്നു) ഇനി ഇല്ലേ.

117-നാലില്ല യജമാനനെ.

പോ. ഇ-എടോ എത്രയുണ്ടെന്നു നോക്കാനല്ലെ പറഞ്ഞതു്?

117-മൂന്നേ ഒള്ളു.

പോ. ഇ—പാച്ചു?

പാച്ചു—ഒരുത്തരവു്

പോ. ഇ-ആശുപത്രിജോലിതുടങ്ങീട്ടു് കുറേനാളായില്ലെ?

പാച്ചു—അന്നത്തേകത്തിന്റെ കല്യാണം കഴിഞ്ഞപിന്നെ തൊട്ടെതുടങ്ങിയതാ.

പോ. ഇ— ജീവനുള്ളതിനെയും ഇല്ലാത്തതിനെയും കുണ്ടാൽ തിരിച്ചറിയാമോടാ?

പാച്ചു—കൈകൊടാത്തനതു തിതിട്ടമാ.

പോ. ഇ-എന്നാൽ ആ കിടക്കുന്ന മൂന്നിനേം പരിശോധിക്കു്. (പാച്ചു പരിശോധിക്കുന്നു)

പോ. ഇ—എന്റെ അച്ഛാ, ലോകം നശിച്ചിരിക്കയാ. ഇന്നു വെളുത്തിട്ടു് ഇതു് ആറാമത്തെ കൊലക്കളമാണു്. ഞങ്ങൾ നടന്നു നടന്നു വിഷമിച്ചു. ഇപ്പോൾ സ്കൂളിൽ പഠിക്കുന്ന പിള്ളാരും കോളജിൽ പഠിക്കുന്നവരും എല്ലാം കുത്തിക്കൊലയും കെട്ടിഞാന്നുചാകലുമായി.

ഫാ. സി-ഇതിന്റെ എല്ലാം കാരണമെന്തായിരിക്കുമെന്നു തോന്നുന്നു?

പോ. ഇ—ഇപ്പോൾ ഒരു പുതിയ വ്യവസായം ഇറങ്ങീട്ടുണ്ട്. എന്താണെന്നച്ചനറിയാമോ?

ഫാ. സി—ഉഷിച്ചു ഗന്ഥങ്ങളായിരിക്കും.

പോ. ഇ-അതുതന്നെ അച്ചാ. ഇപ്പോഴത്തെ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അതൊക്കെയാണു വായന. എന്നിട്ട് കുത്തും, വെട്ടും, വെഷംതീറിയും. പിന്നെ ഈയൊളേളാരു തൂങ്ങിക്കോ.

ഫാ. സി—ദൈവവും മതവുമില്ലാതായാൽ വരുന്ന ഭവിഷ്യത്തുകളാണ് ഇതെല്ലാം.

പോ.ഇ-എൻറച്ചാ അതൊന്നുകൂടെ പറ. ദൈവമില്ല എന്നും പറഞ്ഞു നടക്കുന്ന തെമ്മാടികളെ കയ്യിൽ കിട്ടിയാൽ ഉടനെ ഒറ്റയടി. ദൈവം ഒണ്ടേന്നു വരപ്പോൾ പറയും. അതാണെന്റെ വിദ്യ.

ഫാ. സി—ബുദ്ധിയില്ലാത്ത കഴുതകൾക്ക് അടികൊടുക്കുകതന്നെ വേണം.

പോ. ഇ—വൈദികരൊന്നു ശ്രമിച്ചാലേ ഇതിനൊരു പ്രതിവിധി ഉണ്ടാക്കൂ.

ഫാ. സി—അതുമാത്രം പോരാ. മതവും രാഷ്ട്രവും കൂടി ഇതിൽ ഒത്തൊരുമിച്ചു പ്രവർത്തിക്കണം. എന്നാൽ ഞാൻ പോകട്ടെ. പിന്നീടു കാണാം. (പരസ്പരം ആചാരം ചെയ്യുന്നു. ഫാദർ സിറിയക്കു പോകുന്നു)

പോ. ഇ—എന്തായീ പാച്ചൂ.

പാച്ചു—ലേലേ അരികോട്ട ചേന്നു കെടക്കണോന്നു കൊകൊറേ ഒണ്ട്.

പോ. ഇ—എന്താണ്ണു കൂറേ ഉള്ളതു്?

പാച്ചു—ചീചീചിവനേ.

പോ.ഇ—മറ്റു രണ്ടുമോ?

പാച്ചു—ആആആ തടിയൻ ചചത്തതാ.

പോ. ഇ-ആ പെണ്ണോ?

പാച്ചു-പെപെണ്ണ ചാചാകേല.

പോ. ഇ-നിനക്കു പോസ്റ്റ്മാർട്ടം ചെയ്യാനറിയാമോ?

പാച്ചു—പോപോത്തുമാക്കറിയാവേ.

പോ. ഇ-എന്നാൽ ആ ശവം കീറു.

പാച്ചു—ഒരുത്തരവു്.

പോ. ഇ-117, അവനെ ഒന്നു സഹായിക്കു. (പോലീസുകാരൻ വീരന്റെ കൈകൾ രണ്ടുംകൂടി വലിച്ചുപിടിക്കുന്നു. പാച്ചു കത്തിയെടുത്തു പിളർക്കാൻ ഭാവിക്കുന്നു)

വീ-ഹയ്യോ, എന്റെ പൊന്നുസാറേ, എന്നെ കൊല്ലല്ലെ. (പോലീസുകാരനും പാച്ചുവും ഞെട്ടുന്നു)

പോ.ഇ-അവൻ ചത്തതല്ലായിരുന്നോടാ പാച്ചൂ? (പാച്ചു ധൈര്യം പ്രാപിക്കുന്നു)

പാച്ചു—യെയെമാന്നേ, ഇവൻ ശശശകപോക്കിരിയാരുന്നു. ഇഇവന്റെ ചകുത്താനാ ഇപ്പം പപറഞ്ഞതു്. ഞാഞാൻ വിട്ടില്ല. (പിടി മുറുക്കി കത്തി വയ്ക്കുന്നു)

വീ—എന്റെ സാറെ, ഞാൻ ചെകുത്താനല്ല. ഞാൻ ചത്തില്ല. എന്നെ കീറരുതെന്നു പറയണേ.

പോ. ഇ—എന്നാൽ വിട്ടു, പാച്ചു അവനെ. അവൻ എഴുന്നേൽക്കട്ടെ. (പാച്ചുവും പോലീസുകാരനും വിടുന്നു. വീരൻ വിറച്ചുകൊണ്ടു് എഴുനേൽക്കുന്നു)

പോ. ഇ—എടോ 117?

117=ഉത്തരവു്.

പോ. ഇ—അവന്റെ കൈക്കു വിലങ്ങുവയ്ക്കു. (117 വിലങ്ങു വയ്ക്കുന്നു. വീക്കൻമൊയിലിയാർ ഒളിഞ്ഞു് എത്തിനോക്കുന്നു)

പോ. ഇ-ആരെടാ അതു്?

117-(നോക്കിയിട്ടു്) വീക്കൻമൊയിലിയാരു്; പണ്ടത്തെ പുള്ളി, ഓടിക്കളഞ്ഞു.

പോ. ഇ-പിടിച്ചുകൊണ്ടുവരു അവനെ ഇവിടെ. (117 വീക്കനെ പിടിച്ചുകൊണ്ടുവന്നു് ഹാജരാക്കുന്നു. വീക്കൻ വിറയ്ക്കുന്നു)

പോ. ഇ-എന്താണെടാ വിറയ്ക്കുന്നതു്?

വീ. മൊ-പൊന്നോമാന്നേ, അള്ളാ ഒണ്ടേ. ന മ്മെ തല്ലല്ലെ.

പോ. ഇ-നീ ഈ മഹസ്സറിൽ ഒരു സാക്ഷി നിൽക്കണം. (വീക്കൻ നേരെ നിൽക്കുന്നു)

പോ. ഇ-എടാ, നിന്റെ പേരെന്തു്?

വീ-വീരൻ എന്നാണു്.

പോ. ഇ—നിനക്കു സംഭവത്തെപ്പറ്റി എന്തറിയാം?

വീ-ആ കിടക്കുന്നോ മനുഷ്യൻ ഇവളെ കൂത്തി. എന്നിട്ടു തന്നാത്താൻ കുത്തി.

പോ. ഇ-പിന്നെ നീ എങ്ങനെ ഇവിടെ വന്നു കിടന്നു?

വീ—ഇവൾ എന്റെ ഭാര്യയാണു്. ഇവളുടെ നിലവിളികേട്ടു ഞാൻ വന്നു.

പോ. ഇ-നീ വന്നിട്ടു് എന്തുചെയ്തു?

വീ-ഞാൻ വന്നതു് ഓക്കുന്നുണ്ടു്. രക്തംകണ്ടു

ബോധംകെട്ട വീണതായിരിക്കണം. അതുകൊണ്ട പിന്നത്തെ സംഭവങ്ങൾ ഒന്നും അറിഞ്ഞുക്കൂടാ.

മോളി-എന്റെ അങ്ങനേ,അതു പാച്ചുക്കള്ളമാണോ. ആ കാട്ടുമൃഗമാണു് ഞങ്ങളെ രണ്ടുപേരെയും കുത്തിയതു്.

വീ-ശവമേ, മിണ്ടരുതു്.

പോ. ഇ-ഇത്ര ധിക്കാരമോടാ! 117?

117-ഉത്തരവു്

പോ. ഇ-ഇവന്റെ തലയിൽ അല്പം മയ്യാദ അടിച്ചുകയറ്റു. (117 ഇടിക്കുന്നു)

വീ-എന്റെ സാറെ, ഇനി അനാവശ്യമൊന്നും പറകയില്ല.

പോ. ഇ—117?

117-ഉത്തരവു്.

പോ. ഇ-പാച്ചുവും വീക്കനുംകൂടി ആ പെണ്ണിനെ ആശുപത്രിയിലാക്കട്ടെ. അവിടെ കിടക്കുന്നവനു് അൽപം ജീവനുണ്ടെന്നു തോന്നുന്നു. ഇവിടെ കാവൽനിന്നു് അവൻ ചത്തുകഴിയുമ്പോൾ പ്രേതം മറവുചെയ്യിച്ചിട്ടു പോരു. ഞാൻ ഇവനെയുംകൊണ്ടു സ്റ്റേഷനിലേക്കു പോകുന്നു.

117-ഉത്തരവു്. (പോലീസ് ഇൻസ്പെക്ടർ വീരനേയുംകൊണ്ടു പോകുന്നു)

വീക്കൻമൊയിലിയാർ (കോളിയാറിനെ സൂക്ഷിച്ചുനോക്കിയിട്ടു്)എടാ, എടാ, നീയാണോയിതു്!? എന്തിരു വഷക്കാന്നേ നീ ഇങ്ങനെ പയ്യംപുററി നടന്നു് ചാവാൻ പോയതു്? കണ്ടില്ലേ നമ്മ നമ്മടെ പാട്ടനോക്കി നടന്നതു്? നീ എന്തിനീവേലക്കു പോയെന്നേ. ഒന്നു പറഞ്ഞേ—നമ്മ പോണു—നീ അവ

ടെ കെട-നമ്മ പോണം. (പാച്ചുവും വീക്കനുംക്രൂടി മോളിയെ താങ്ങി എട്ടുക്കുന്നു)

വീക്കൻ-ഹാ, ആ പട്ടിയെ കണ്ടപ്പഴേ നമ്മ നിച്ചയിച്ചു, ഇതു മോളിയാണു്. എന്റെ മോളീ, അള്ളാ നേരൊള്ളോനല്ലെ. നമ്മ പിന്നേം ഒന്നിച്ചു കണ്ടോ! പടച്ചോനെ, മോളിക്കൊന്നും വരുത്തല്ലെ. (അവർ മറയുന്നു)

117—(രണ്ടുമൂന്നു പ്രാവശ്യം മാർച്ചുചെയ്തിട്ടു്) ഈ ജന്തു ചാകണനോക്കി എത്രനേരം നിക്കണം. മുടിയാനിവനൊക്കെ വീട്ടിൽ കെടന്നു ചാകാൻമേലാഞ്ഞു. (ഒരു പാട്ടു കേൾക്കുന്നു)

എൻറമ്മനെൻറമ്മിയെ കെട്ടിയകാലം
ചീനിക്കെളങ്കുകൊണ്ടാറാട്ടേ
വാരംപെടത്തീട്ടു ചീനിക്കെളങ്കുകൾ
കൊട്ടത്തിലിട്ടങ്ങു കൊണ്ടുപോയീ
എൻറമ്മനെൻറമ്മിയും കൂടിനടന്നു
ചീനിക്കെളങ്കുകൾ തിന്നൊട്ടുക്കി
ഏനന്നെങ്കാരുമൊണ്ടാരുന്നെങ്കീ
നൂറൊന്നുചുട്ടേനും തിന്നുവാന്നേ.

(മുതുക്കൻ ഒരു തുമ്പായും തോളിൽ താങ്ങി പ്രവേശിക്കുന്നു. പോലീസുകാരനെ കണ്ടു തുമ്പാ താഴത്തുവച്ചു തൊഴുന്നു. വീണ്ടും പോകാൻ ഭാവിക്കുന്നു)

117-എടാ മുതുക്കാ, നീ എവിടെ പോണു?

മുതുക്കൻ-ഏൻ ഇല്ലെ അവടെ കൊറേ വാളകുളിച്ചുവക്കാമ്പോണു.

117-എടാ ഈ ശവം കഴിച്ചിട്ടിട്ടുപോയാൽ മതി.

മുതുക്കൻ-എനക്കു മേല തമ്പുരാ; ഏമ്പോണു.

117—ഛേ, നില്ലെടാ അവിടെ. ഇതു കഴിഞ്ഞിട്ട്. നിനക്കു വല്ലതും തന്നേക്കാം.

മുതുക്കൻ—തമ്പുരാക്കന്മാരു പറേവല്ലാണ്ടു് തരികേംമട്ടും ഇല്ല.

117-നിനക്കു രൂപാ ഒന്നു തന്നേക്കാം. പോരെ?

മുതുക്കൻ—ഒരു രൂപാ ചെമ്പുകായോ?

117-അതേടാ, ഒരു രൂപാ ചെമ്പുകാശ്.

മുതുക്കൻ-എവടെ കൊളിച്ചിടണം തമ്പുരാൻ പറഞ്ഞേക്കാൻ.

117—അവിടെ കാണുന്ന ആ പുത്തൻകയ്യാലയ്ക്കു താഴെ. ഇന്നാ പിടിച്ചോ. (രൂപാ ഒന്നു കൊടുക്കുന്നു. മുതുക്കൻ പുഞ്ചിരിതൂകി അതു വട്ടിത്തറയിൽ വയ്ക്കുന്നു. എന്നിട്ടു പോകുന്നു)

117-നീ രൂപായും കൊണ്ടു് എങ്ങോട്ടു പോകുവാ?

മുതുക്കൻ—ഏൻ കൊറച്ചു ബള്ളികൊണ്ടോരട്ടെ.

117-എന്തിനാണെടാ വള്ളി?

മുതുക്കൻ — ഇവത്തിനെ വലിച്ചോണ്ടുപാൻ. പോയി (വള്ളികൊണ്ടുവരുന്നു. 117 മറയുന്നു. മുതുക്കൻ വള്ളി കാലേൽ കെട്ടിവലിക്കുന്നു)

മുതുക്കൻ—ഏലംപിടി- ഹോ, മൂടിഞ്ഞ കനം!- ഏലംപിടി. (പ്രേതം മാറുന്നു)

പ്രേതം-(ഉണർന്നു്) ഓ, ഇതാരെൻറപ്പാ? എന്നെ വലിക്കാതെ.

മുതുക്കൻ-മുണ്ടാല പുള്ളേ. കൊളിച്ചിടാൻ കൊണ്ടുപോവാണ്ണേ

പ്രേതം--എൻെറ വയസ്സാ, ഞാൻ ചത്തില്ല. എന്നെ കുഴിച്ചിടരുതു്.

മൂത്തക്കൻ–അതൊക്കേലെന്നോ. തമ്പുരാൻ പറഞ്ഞിട്ടാ. പിന്നൊയും (വലിക്കുന്നു)

പ്രേതം—ഏയ് തമ്പുരാൻ പറഞ്ഞെടാ ജീവനുള്ളവരെ കുഴിച്ചിടാൻ?

മൂത്തക്കൻ—ഛീ മിണ്ടാണ്ടില്ലെന്നോ. ഒരു രൂപാ ചെമ്പുകായ് തന്നോപ്പാ പറഞ്ഞു. പുള്ള മിണ്ടാണ്ടുകെട. (വലിക്കുന്നു)

കർട്ടൻ

രംഗം 10.

(മൂത്തക്കൻ പ്രവേശിക്കുന്നു)

മൂത്തക്കൻ— (ആത്മഗതം) ഏം പാക്യം പറന്നോനാ. കണ്ടില്ലെ വെരലുക്കെടേല് ഒരു മോതിരം (മോതിരം കാണിക്കുന്നു) ഇതെങ്കനെ കിട്ടീന്നോക്കുവാരിക്കും. ഏം കക്കാനും മട്ടും പോവേല. ഏം പറന്നനേരം നല്ലതാ. അതാ ഇങ്കനെഒക്കെ കിട്ടണെ. മേടമാത്തിരുവൻ നട്ടക്കനെ വെലങ്കിയപ്പഴാ ഏനൊണ്ടായേന്നമ്മി പറഞ്ഞാന്നാ. അതിപ്പം നേരാന്ന്. നക്കും തോന്നണൊണ്ട്. ഇന്ന് ഏനഞ്ചാറു വാളകുളിച്ചവക്കാമ്പോണപ്പം ഒണ്ടൊരു പോലീതുതമ്പുരാൻ നിക്കണ. ആ തമ്പുരാമ്പറഞ്ഞു അവടെ കെടക്കണോനെ കൊണ്ടുപോയി കുളിച്ചുമൂടണോന്ന്. ഒരു റൂപ്പാ ചെമ്പുകായും തന്നു. പിന്നെ ഏനവടെ കെടന്നോനെ കുളിച്ചുമൂടാൻ വലിച്ചോണ്ടു പോകാന്നു. വലിക്കുണപ്പം അതൊണ്ടനങ്കണ. നല്ല കായ്ച്ചയിന്നോനും നിച്ചയിച്ചു. ഏം ബളിതൊടങ്കി. അപ്പം ആ പുള്ള

പറേണ അതു ചത്തില്ലെണ്ണ്. കുളിച്ചിടണേനു് ഒരു രൂവാചെമ്പുകായാ അ പോലീതുതമ്പുരാൻ തന്തതു്. അപ്പം കുളിച്ചുമൂടാണ്ടിരിക്കണോങ്കി എന്നാ പുള്ള തറവോന്നേൻചോദിച്ചു. അപ്പം പുള്ള ഒണ്ണേണ്ണപറഞ്ഞു. നക്കു തമ്മതായീല. ഏം പിണ്ണേം ബളിച്ചു. അപ്പം പുള്ളപറേണ രണ്ടേണ്ണ്. ഏം പിണ്ണേം ബളിച്ചപ്പം മൂണ്ണേണ്ണ പുള്ള പറഞ്ഞു. അപ്പം ഏനങ്കാപറഞ്ഞു: നക്കുറുവായൊന്നും വേണ്ടാ. കൊയിമ്മാറടെ വെറല കെടേലേക്കുട്ട് ഒറു മോധരം ഇങ്കാ തറാൻ. പുള്ള അതു തമ്മതിച്ചു. ഏങ്കൊണ്ടാക്കിയോടത്തുന്നു് ഒറു മോധരോം തന്തു. മോധറോംകൊണ്ടു് ഏനങ്കാ പോറുകേം ചെയ്തു.

ഇന്നു് ഏംമ്മാടത്തിച്ചെല്ലുമ്പം അവളെ ഒന്തു കാണിക്കും. അവളെന്നും ചുത്തം വെട്ടുവാ. ഇല്ലേ കൊയിമ്മാറുതമ്പുരാട്ടികടെ കളത്തേലും ചെവിക്കെടേലും വെറലേലും ഒക്കെകെടന്നു തെളങ്കണ ഇന്തപ്പുന്നാട്ടികണ്ടില്ലെ; തനിക്കെന്നാ ഒന്തൊണ്ടാക്കിക്കൊണ്ടോന്നാലെന്നു്. കളത്തേലോം മോധരോം ഇട്ടുകുളുങ്കാൻ ഈ പെഞ്ചാതീടെകൊതി! ഇന്നു് ഏൻ ഇതങ്കാ കൊട്ടത്തേക്കും അവടെ കൊതിതീരട്ടെ.

മൊകളീ ഇരിക്കണ എന്റെ വല്യമ്മിരോ,ഇങ്കനെ കൊറേ പുള്ളകളെ കുളിച്ചുമൂടാൻ എട വരണേ. എനക്കു പാക്യംകേറിവരണേ.

കർട്ടൻ.

രംഗം 11

ആശുപത്രി.

(ഒരു മേശപ്പുറത്ത് കുഴല്വും കൊമ്പും ഇരിക്കുന്നു. ഒരു വശത്ത് റിക്കാർട്ടുകൾ–മൂന്നുരോഗികൾ നിൽക്കുന്നു. ഡോക്ടർ ഫ്റാൻസിസ് പ്രവേശിച്ച് മേശയുടെ അടുക്കലുള്ള കസേരയിൽ ഇരിക്കുന്നു)

ഫ്റാൻസീസ്–(ഒരു ബുക്കും പെൻസിലും എടുത്തുപിടിച്ചുകൊണ്ട് ഒന്നാമനോട്) നിന്നെ സുഖക്കേടെന്താണ്?

ഒന്നാമൻ–സൊഹക്കേടെങ്ങനെയൊന്നും ഇല്ല. നേരംവെളുത്തെഴുനേറ്റാ ഉടനെ തൊടങ്ങും വയറിനൊക്കെടന്നൊരു കത്തല്. അപ്പം ഒരുപാട്ടം മേല.

ഫ്റാൻ–കത്തൽ എത്രനേരത്തേയ്ക്കുണ്ടായിരിക്കും?

ഒന്നാ–തൊള്ളി കഞ്ഞികുടിച്ചാലുടനെ പോവും.

ഫ്റാൻ––എന്നാൽ എഴുനേൽക്കുമ്പോഴേ കുറേ കഞ്ഞികുടിക്കണം.

ഒന്നാ—അരികിട്ടാനില്ല.

ഫ്റാൻ–അതിനു ആശുപത്രിയിൽനിന്നും എന്തുചെയ്യണം?

ഒന്നാ—സൊഹക്കേടൊള്ളോരെ ഇവിടെ കെടത്തി ചോറും കറീം ഒക്കെ കൊടുക്കുമെന്നു കേട്ടു.

ഫ്റാൻ–(ചിരിക്കുന്നു) സുഖക്കേടുള്ളവരെയാണ് ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതു്. നിനക്കു് ആശുപത്രിയിൽ കിടക്കേണ്ട സുഖക്കേടൊന്നുമില്ലല്ലൊ.

ഒന്നാ—അപ്പം ഇതു സൊഫക്കേടേ അല്ലെന്നാണോ സാറു പറഞ്ഞുവക്കുന്നതു്?

ഫ്റാൻ—ജോലി ചെയ്തു ജീവിക്കുക. അതാണു് ഈ സുഖക്കേടിന്റെ ചികിത്സ.

ഒന്നാ—എന്നാ ഇപ്പം ഈ കുത്തലൊന്നില്ലാണ്ടാക്കാനൊള്ള മരുന്നു തന്നേച്ചാ മതി.

ഫ്റാൻ-അതുകൊട്ടെ, സിസ്റ്റർ കൊർസീനായെ ചെന്നു കണ്ടു വിവരം പറയൂ. (ഒന്നാമൻ ഒരു വലിയ ഭരണിയുമായി പോകുന്നു)

ഫ്റാൻ-(രണ്ടാമനോടു്) നിനക്കെന്താണു സുഖക്കേടു്?

രണ്ടാമൻ—രാത്രിയിൽ ഉറക്കമില്ല. എപ്പോഴും ഭയങ്കര സ്വപ്നങ്ങൾ കണ്ടു ഞെട്ടും.

ഫ്റാൻ-സ്വപ്നങ്ങൾ ഏതുതരത്തിലുള്ളതാണു്? ഓർമ്മിക്കുന്നുണ്ടോ?

രണ്ടാമൻ-ഒരു തടിച്ച വിത്തുകാള കൊമ്പും കുലുക്കി എന്റെനേരെ പാഞ്ഞുവന്നു് എന്നെ കുത്തിയെടുത്തു് ഒരു ചെളിക്കുണ്ടിലേക്കെറിഞ്ഞുകളഞ്ഞെന്നു കാണാറുണ്ടു്.

ഫ്റാൻ-അതുകണ്ടു ഞെട്ടി ഉണരും, അല്ലേ?

രണ്ടാ-അപ്പോൾ വല്ല കട്ടിൽകാലേലും കെട്ടിപ്പിടിച്ചെങ്കിലേ ഭയം നീങ്ങുകയുള്ളൂ.

ഫ്റാൻ-വേറെ സ്വപ്നങ്ങളുണ്ടോ?

രണ്ടാ-വേറെയുമുണ്ടു്. ചിലപ്പോൾ ഒരു പട്ടി എന്റെനേക്കു പാഞ്ഞുവന്നു് ഞാനുടുത്തിരിക്കുന്ന വസ്ത്രമെല്ലാം കടിച്ചുപറിച്ചുകൊണ്ടു പോകുന്നതായി കാണും.

ഫ്റാൻ-അപ്പോഴും ഒരു ഞെട്ടലുണ്ടാകും അല്ലേ?

രണ്ടാ-ഉണ്ടാകും. ഇപ്പോഴൊക്കെ പകൽപോലും ചില പട്ടികളെ കാണുമ്പോൾ ഞെട്ടാറുണ്ട്.

ഫ്റാൻ-അതെന്തിനു പകൽ ഞെട്ടുന്നു?

രണ്ടാ-എന്റെ മുണ്ട് ഉരിഞ്ഞുകൊണ്ടുപോകുമെന്നാണു് അവയെ കാണുമ്പോൾ ഉള്ള ഭയം.

ഫ്റാൻ-ഭയങ്കരങ്ങളായ സ്വപ്നങ്ങൾ! ഇതിനു കാരണം വല്ലതും ഉള്ളതായി അറിയാമോ?

രണ്ടാ-വിശേഷാൽ ഒന്നും അറിഞ്ഞുകൂടാ.

ഫ്റാൻ-കാളയെക്കുറിച്ചോ; പട്ടിയെക്കുറിച്ചോ എന്തെങ്കിലും വായിക്കാറുണ്ടോ?

രണ്ടാ-അങ്ങനെയൊന്നും വായിക്കാറില്ല. പിന്നെ "തീവേദന" വായിക്കുന്നുണ്ട്.

ഫ്റാൻ-അതു ദിവസവും വായിക്കുന്നുണ്ടോ?

രണ്ടാ-ദിവസം രണ്ടുപ്രാവശ്യം വീതം വായിക്കും. അതു രസമുണ്ടതിനു്.

ഫ്റാൻ-നിന്റെ സുഖക്കേടിനു ശമനം കിട്ടണമെങ്കിൽ ആ പുസ്തകം ഉടനെ ചുട്ടുദഹിപ്പിച്ചുകളയണം! ക്രിസ്ത്വനുകരണം എന്ന പുസ്തകം വാങ്ങി അതിൽനിന്നും ഒരദ്ധ്യായം വീതമെങ്കിലും ദിവസവും വായിക്കയും ചെയ്യണം.

രണ്ടാ-അതുടനെ ചെയ്തേക്കാം. വേറെ മരുന്നൊന്നും വേണ്ടേ? കൂപ്പി കൊണ്ടുവന്നിട്ടുണ്ടു്.

ഫ്റാൻ-മരുന്നൊന്നും ഇപ്പോൾ വേണ്ടാ. പറഞ്ഞതുപോലെ ചെയ്തിട്ടു് ഒരാഴ്ചകഴിഞ്ഞു വരൂ. അപ്പോൾ മരുന്നിനു കുറിച്ചുതരാം. (പോകുന്നു)

ഫ്റാൻ-(മൂന്നാമനോടു്) ങ്ഹു് തനിക്കു്?

മൂന്നാമൻ-സാറിനെ ഒന്നു രഹസ്യത്തിൽ കണ്ടുകായ്യം പറയണമെന്നു വിചാരിച്ചുനിൽക്കയായിരുന്നു.

ഫ്റാൻ–ആകട്ടെ, പറഞ്ഞുകൊള്ളു, ഇപ്പോൾ ഇവിടെ ആരുമില്ലല്ലൊ?

മൂന്നാ–എന്റെ വയറു് എപ്പോഴും വീർത്തുവരുന്നതുപോലെ തോന്നുന്നു.

ഫ്റാൻ—താൻ പുരുഷൻതന്നെയാണല്ലൊ; അതോ, വേഷംകെട്ടിവന്നിരിക്കയാണോ?

മൂന്നാ–ഞാൻ പുരുഷനാണു സാറെ. വേഷവും മറുമല്ല.

ഫ്റാൻ–ദിവസം എത്രഇടങ്ങഴി അരിയുടെ ചോറു താൻ തിന്നാറുണ്ടു്?

മൂന്നാ–ചോറുംമറ്റുംഅധികംവേണ്ട. കാലത്തെ ഒരിരുനാഴി അരീടെ കഞ്ഞി; ഉച്ചയ്ക്കു് ഇടങ്ങഴി അരീടെ ചോറു്; നാലുമണിക്കൊരു കാപ്പി; വയ്യിട്ടൊരിരുനാഴി പാലും നാലേത്തക്കായും. ഇതല്ലാണ്ടൊന്നുമില്ല.

ഫ്റാൻ–പിന്നെ ഇടയ്ക്കു് ചില ലഘുഭക്ഷണവും ഇല്ലേ?

മൂന്നാ—അതു കണക്കിൽ കൂട്ടാനില്ലല്ലൊ.

ഫ്റാൻ—അവിടെ കയറി നിവർന്നുകിടക്കു. (ബഞ്ചിൽ കയറി കിടക്കുന്നു) കൊമ്പും കുഴലും വച്ചു നോക്കുന്നു)

ഫ്റാൻ --ഗർഭത്തിന്റെ ലക്ഷണങ്ങളൊന്നുമീല്ലല്ലോടോ. പിന്നെ ഇതെങ്ങനെ വീർക്കുന്നു?

മൂന്നാ—ആ സംശയം വന്നതുകൊണ്ടാണു് സാറിനെ കണ്ടുകളയാമെന്നു വച്ചതു്.

ഫ്റാൻ— താൻദിവസവുംഎന്തുജോലിയാണു് ചെയ്യാറുള്ളതു്?

മൂന്നാ—കൊച്ചുങ്ങളെ കളിപ്പിക്കും; നോവല്വായിക്കും; അത്രയൊള്ളു.

ഫ്റാൻ—ഇതു തീററിയുടെ ക്ഷീണതൽകൊണ്ടും ദേഹാദ്ധ്വാനത്തിന്റെ കുറവുകൊണ്ടും വന്നിട്ടുള്ള സുഖക്കേടാണു്. അതുകൊണ്ടു ചില പ്രതിവിധികൾ പറയാം. അതനുസരിച്ചു ചെയ്യാൻതയാറാണോ?

മൂന്നാ—എന്റെ സാറെ, എന്തുവേണമെങ്കിലും ചെയ്യാം. ഇതൊന്നു കുറഞ്ഞുകിട്ടിയാ മതി.

ഫ്റാൻ—ആദ്യമായി പറയാനുള്ളതു വ്യായാമത്തിന്റെ കാര്യമാണു്. ദിവസവും അടുക്കളയിലേക്കു വേണ്ട വിറകെല്ലാം താൻതന്നെ കീറിക്കൊട്ടക്കണം.

മൂന്നാ—അയ്യോ! ഞാൻ വെറുകീറണോന്നോ. വല്ലോരും കണ്ടാൽ എന്തുപറയും? വീട്ടിൽ വേലക്കാരു തരാതരമൊണ്ടു്. ഞാൻ അവരു വെറുകു കീറുമ്പം അടുക്കെ പോയി നിന്നാപോരേ?

ഫ്റാൻ-അവരു കീറുമ്പോൾ അവക്കാണു വ്യായാമം. തനിക്കു വേണമെങ്കിൽ താൻ തന്നെ കീറണം.

മൂന്നാ— ഞാൻ ദിവസവും വൈകുന്നേരം കടൽപ്പുറത്തു കാറ്റുകൊള്ളാൻ പൊയ്ക്കൊള്ളാം.

ഫ്റാൻ- വളരെ വേഗം നടന്നുപോയാൽ അതു തൽക്കാലം മതിയാകും.

മൂന്നാ— നടന്നല്ലാ വീട്ടിൽ വില്ലുവണ്ടിയുണ്ടു സാറേ. ഞാനതേൽ ദിവസവും പൊയ്ക്കൊള്ളാം.

ഫ്റാൻ- ഇല്ല, താൻ ഒരു ആനമടിയനാണു്. അതു കൊണ്ടു വിറകുതന്നെ കീറു.

മൂന്നാ-വേറേ വല്ലോം ഒന്നു പറഞ്ഞെങ്കിൽ നോക്കായിരുന്നു.

ഫ്റാൻ- താൻ ഒന്നുകിൽ പറഞ്ഞതുപോലെ ചെയ്യു. അല്ലെങ്കിൽ നാലുമാസത്തിനകം മരിക്കാൻ ഒരുങ്ങിക്കൊള്ളുക.

മൂന്നാ- എന്റെറ പൊന്നു സാറെ, ഞാൻ എന്തു വേണമെങ്കിലും ചെയ്യാം. ഈ കടിച്ചാപൊട്ടുകയില്ലാത്ത പ്രായത്തിൽ മരിക്കാൻ കഴികയില്ല.

ഫ്റാൻ- ഇനി തീററി കുറച്ചു കുറയ്ക്കണം. അതായതു്, ആഴ്ചയിൽ ഒരു ദിവസം ഉപവസിക്കണം. മാംസം ഉപയോഗിക്കരുതു്. മരക്കറികളാണു നല്ലതു്.

മൂന്നാ- എന്റെറ സാറെ, പോക്കുകടാണ്ടു വിഷമമാ.

ഫ്റാൻ- എന്നാൽ പൊയ്ക്കോ, ഇഷ്ടംപോലെ ചെയ്യു്.

മൂന്നാ— എന്നാൽ അതും നോക്കാം. എന്തൊരു പങ്കപ്പാടു്! വല്ല മരുന്നും കിട്ടുമെന്നുവച്ചാ ഇങ്ങോട്ടു വന്നതു്.

ഫ്റാൻ— ഇവിടെ മരുന്നുകൊടുത്തുള്ള ചികിത്സയാണധികവും.

മൂന്നാ—ഒരു പത്തിന്റെറ കയ്യിലൊണ്ടു്. ഇതങ്ങോട്ടു വച്ചേക്കാം. വല്ല മരുന്നും തന്നേച്ചാൽ വേണ്ടുകേലായിരുന്നു.

ഫ്റാൻ—ഇവിടെ അതൊന്നും ആവശ്യമില്ല. താൻ പോയി പറഞ്ഞതുപോലെ ചെയ്യുക.

മൂന്നാ-എന്റെറ സാറെ, ശ്വാസംവിടാൻ പാടില്ല. ഒന്നു കുത്തിവച്ചാൽ സുഖക്കേടു പോയേക്കും.

ഫ്റാൻ-പറഞ്ഞതുപോലെ ചെയ്തിട്ടു് അടുത്ത ആഴ്ചയിൽ വരൂ. (മൂന്നാമൻ പോകുന്നു)

ഫ്റാൻ-(ബൽ അടിക്കുന്നു—പാച്ചു പൂൺ വേഷത്തിൽ പ്രവേശിക്കുന്നു) മോളിക്കെങ്ങനെയിരിക്കുന്നു?

പാച്ചു—കൊ-കൊറവൊണ്ടെന്നുതോന്നുന്നു.

ഫ്റാൻ-അ മുറി തുറന്നേക്കു. ഞാൻ അങ്ങു വരുന്നു എന്നു പറഞ്ഞേക്കു്.

(അകത്തെ കർട്ടൻ ഉയരുന്നു. മോളി ഒരു കട്ടിലിൽ കിടക്കുന്നു. ഭാഗീരഥിയമ്മ അടുക്കൽനിന്നു വീശുന്നു. ഫ്റാൻസിസ് അടുത്തുചെന്നു നാഡി പരിശോധിക്കുന്നു)

ഫ്റാൻ-ഇപ്പോൾ എങ്ങനെ ഇരിക്കുന്നു?

ഭാഗീരഥി-ഇന്നലെ നല്ലപോലെ ഉറങ്ങി എന്നു സിസ്റ്റർ കൊർസീനാ പറഞ്ഞു.

ഫ്റാ-എന്തോ! നാഡിയുടെ ലക്ഷണം അത്ര നന്നല്ല. (വിളിക്കുന്നു) മോളീ, മോളിയേ. (മോളി കണ്ണുതുറന്നു പരിഭ്രമിച്ചു നോക്കുന്നു)

ഫ്റാൻ-ഇപ്പോൾ എങ്ങനെ ഇരിക്കുന്നു? വിശപ്പുണ്ടോ? (ഒരു ഞരക്കം മാത്രം)

ഭാഗീ-ലക്ഷണം ഒന്നു മാറിക്കാണുന്നില്ലാ. ഒന്നു കുത്തിവച്ചാലെന്താ?

ഫ്റാൻ-(നാഡി വീണ്ടും നോക്കിയിട്ടു്) ഒന്നും ആവശ്യമില്ല, വേഗം ഫാദർ സിറിയക്കിനെ വിളിക്കണം. (ഭാഗീരഥിഅമ്മ ഓടിവന്നു ബൽ അടിക്കുന്നു, പാച്ചു പ്രവേശിക്കുന്നു)

ഭാഗീ-പാച്ചു വേഗം പോയി സിറിയക്കച്ചനെ കൂട്ടിക്കൊണ്ടുവരണം.

പാച്ചു-(കട്ടിലിനുസമീപം വന്നുനോക്കിയിട്ടു്) എന്റെ മോളിക്കൊച്ചമ്മേ, കൊക്കൊച്ചമ്മ പോകുവാണോ? (ചങ്കത്തലയ്ക്കുന്നു)

ഫ്റാൻ-എടാ മിണ്ടരുതു്. വേഗം പോയി അച്ചനെ വിളിക്കു്. സിസ്റ്റർ കൊർസീനായോടും വരാൻ പറയു. (പാച്ചു ഓടുന്നു)

ഭാഗീ-കുറച്ച ബാറലരിവെള്ളം തൊട്ടുകൊടുക്ക ട്ടെ? ചൂണ്ട വരുന്നുണ്ടല്ലൊ.

ഫ്റാൻ-ഒരു തിരിത്തുണിയിൽ മുക്കി കൊട ത്തുനോക്കാം.

(ഭാഗീരഥിഅമ്മ വെള്ളമെടുക്കാൻ പോകുന്നു,

ഫ്റാൻ-(ഒരു കുരിശുരൂപം കൈയിൽ കൊട്ട ത്തുകൊണ്ട്) മോളീ! ഇതാ ഇതു കൈയിൽ പിടി ച്ചുകൊള്ളുക. കർത്താവിന്റെ പാടുപീഡകളെപ്പററി ഓർത്തു പാപങ്ങൾക്കു പൊറുതി അപേക്ഷിക്കാം.

മോളീ-(കുരിശുരൂപം കൈയിൽ വാങ്ങി മുത്തു ന്നു) അ-അച്ചൻ?

ഫ്റാൻ-ഇപ്പോൾ വരും, ആളയച്ചിട്ടുണ്ട്.

മോളീ—വെ...ള്ളം...(ഭാഗീരഥിഅമ്മ വെള്ള വുമായി പ്രവേശിക്കുന്നു)

ഭാഗീ-ദാ വെള്ളം, അല്പം കുടിക്കു. വായൊന്നു തുറന്നേ. (വായ് തുറക്കുന്നു, ഭാഗീരഥി ഒരു കൈ വെള്ളം വായിൽ ഒഴിച്ചുകൊടുക്കുന്നു)

മോളീ—അ...ച്ചാ...യാ...ഞാൻ...ഞാൻ..... പോ...കു...ന്നു.....(ഡോക്ടർ കണ്ണുനീർ തുടച്ചുകൊ ണ്ടു മുട്ടുകുത്തുന്നു)

മോളീ—എന്റെ—ബ—കീ—ശോ—ശാ-?

ഭാഗീ—ഇതാവരുന്നു ശോശാമ്മ(സിസ്റ്റർ കോർ സിനാ പ്രവേശിക്കുന്നു)

ശോശാ-എന്റെ മോളീ! (കുനിഞ്ഞുമുത്തുന്നു)

മോളീ— തെ...റു...കൾ...ക്ഷ...മി...ക്ക— ണം...ഞാൻ-പോണു...(സിസ്റ്റർകൊർസീനാ തല യ്ക്കൽ മെഴുകുതിരി കത്തിച്ചുവച്ചിട്ട് മുട്ടുകുത്തുന്നു)

മോളീ— എ...ന്റെ ബകീ...ഞാ...ൻ...എ- ന്നെ...ഓക്ക്...ണെ.....

ഭാഗീ—(കുനിഞ്ഞു മുത്തിയിട്ട്) എന്റെ മോളീ നീ ഞങ്ങളെ വിട്ടുംവച്ചു പോകയാണോ!

മോളി-ഈ...ശോ...രക്ഷി...ക്ക...ണെ... (അന്ത്യവിനാഴികയുടെ ലക്ഷണങ്ങൾ)

ഭാഗീ— (കട്ടിലിനോടടുത്തു മുട്ടുകുത്തുന്നു) ഈശോമറിയം യൗസേപ്പ് ഈ ആത്മാവിനെ കൃപയിരിക്കണേ. (ഫാദർസിറിയക്ക് പ്രവേശിക്കുന്നു)

ഫാ.സി—മോളീ, നീ ഈശോയുടെ സന്നിധിയിലേക്കു സമാധാനത്തിൽ പോകുക. (ആശീർവദിക്കുന്നു)

കർട്ടൻ

രംഗം 12.

നീതിന്യായകോടതി.

(പിരിയൻ പ്രവേശിച്ച് കോടതിവളപ്പിനുള്ളിൽ രണ്ടാം മുണ്ടു വിരിച്ചിരിക്കുന്നു. അസ്വസ്ഥതയുടെ ഭാവങ്ങൾ മുഖത്ത്)

പിരിയൻ-(സ്വഗതം) എന്റെ ദൈവംതമ്പുരാനേ, എത്രനാളായോ ഈ ഇരിപ്പും നടപ്പും തൊടങ്ങീട്ട്! അരീത്തറവല്യച്ചനാണങ്കിൽ ഒരു പൊന്നും മുടിനേന്ന്. എന്നിട്ടും ഇതൊന്നവസാനിക്കുന്നില്ല. (ദേഹത്തടിക്കുന്നു) ഓ, ഒരു കൊതുകു! ഇവിടെങ്ങും ഒന്നിരുത്തിപ്പിറുപ്പിക്കുടെ ഇല്ലല്ലൊ. എന്തുപദ്രവം! ഇന്നലെ ഹോട്ടലിന്ന് അത്താഴം കൂടെ കിട്ടിയില്ല. ഇന്നു ദേവസ്സിരിക്കണ എന്റെ ചോര ഊറ്റികുടിക്കാൻ കൊറേ ചെകുത്താന്മാരു്. (സൂക്ഷിച്ചു നോക്കു

ന്നു) അതിലേ ആരാണ്ടൊരുത്തൻ വരണൊണ്ടല്ലൊ. അമ്പടാ ആ കന്നാട്ട! അവൻ പിടിച്ചാ വിടുകേല. അവൻ ഇന്നെന്നെ കണ്ടേച്ചും പോട്ടെ (പുറംതിരിഞ്ഞിരുന്നുകളയുന്നു. വേണ്ടൻ പ്രവേശിക്കുന്നു)

വേണ്ടൻ— പിരിയൻചേട്ടോ, ഇതെന്താ ഇന്നിങ്ങനെ മതിലുംനോക്കി ഇരിക്കുന്നേ? മുകളിൽ കൂടെ ചാടാൻ ഭാവമുണ്ടോ?

പിരി- വെറുതേ ചെലയ്ക്കാണ്ടു പോടാ നിന്റെ പാട്ടിനു്.

വേണ്ടൻ—ഇതെന്തൊരു കളി ഇന്നു്! ഇങ്ങോട്ടു തിരിഞ്ഞേ. വേണ്ടനെ മനസ്സിലായില്ലെ?

പിരി- എന്റെ ക്രൂട്ടാ (തിരിയുന്നു)നിന്റെസ്വരത്തിനേതാണ്ടു പറേട്ടോണ്ടു്. ഇനിക്കു മനസ്സിലായില്ല സ്വരം കേട്ടിട്ടു്. ക്ഷയോമറോഗണ്ടോന്നു് ആ എഗ്സ്റേപോട്ടം ഒന്നെടുപ്പിച്ചു നോക്കണം. മറ്റാളുകളുടെ അടുത്തെങ്ങും പോയി ഇരിക്കേമരുതു്.

വേണ്ടൻ— എന്റെ ചേട്ടാ, വെറുതേ പച്ചയ്ക്കു നടക്കുന്നവരെ ആധികയറി പുഴുങ്ങാതെ. എനിക്കൊരു സുഖക്കേടുമില്ല.

പിരി— എന്നാ നല്ലതുതന്നെ. ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ. എന്റെ വയറിക്കെടന്നൊരു കുത്തലാ.

വേണ്ടൻ—എന്നാൽ നമുക്കു കാലത്തെഇത്തിരി കാപ്പി കുടിക്കാം. വരുന്നോ?

പിരി— നെനക്കു കാപ്പി. ഇനിക്കു കേസിന്റെ വേദന.

വേണ്ടൻ—ഓ ഞാനോത്തില്ല. ഇന്നാളുത്തരിന്റെ അവധിയായിരിക്കും ഇന്നു്. (അടുക്കൽ ഇരിക്കുന്നു) ആ സാക്ഷിയെ വിസ്തരിച്ചോ?

പിരി— അവനെ വിസ്തരിച്ചു. നമുക്കൊരു ഗൊണോം കിട്ടിയില്ല.

വേന്ദ്ര— അതു കഷ്ടമായിപ്പോയല്ലൊ —സാരമില്ല. നമുക്കു രണ്ടു കള്ളസ്സാക്ഷികളെ അങ്ങുണ്ടാക്കണം. ഞാൻ ഏർപ്പാടു ചെയ്യേക്കാം. ക്രടിയാൽ ഒരു പത്തമ്പതിന്റെ ചെലവു വന്നേക്കും. അത്രേയൊള്ളു—ആ മുക്കാൻ പൊതി ഇങ്ങോട്ടെടുത്തേ—വായിലൊരേതാണ്ടുപോലെ.

പിരി—എന്നാ മുക്കാമ്പൊതി! പോടാ. നീ ഒക്കെ നടക്കുന്ന കണ്ട പാവങ്ങടെ വയറടത്തടിക്കാൻ. ഒരു കൊതുകു കുത്തിയതിന്റെ ചൊറിച്ചിലു് പോയില്ല. അപ്പം ഒണ്ടു വന്നിരിക്കുന്നു വേറൊന്നു്.

വേന്ദ്ര- എന്റെ പിരിയൻചേട്ടാ, ആ കൊതുകു കുത്തിയതുകൊണ്ടുള്ള ദേക്ഷ്യമാണു തനിക്കു്. അതിപ്പോൾ തീരും. ഞാൻ കൊതുകിനെക്കുറിച്ചൊരു ശ്ലോകം ചൊല്ലട്ടെ?

പിരി- പോടാ. നിന്റെ സ്ലോഹോംകൊണ്ടു നീ വല്ല കയത്തിലും പോയി ഒട്ടങ്ങു്. ഇനിക്കു നിന്റെ സ്വരേ കേട്ടൂടാ.

വേന്ദ്ര-സംസ്കൃതശ്ലോകം ഒന്നാന്തരം! ഞാൻ ചൊല്ലിത്തുടങ്ങുമ്പോൾ ഓന്തിന്റെ നിറം മാറുന്നതുപോലെ പിരിയൻചേട്ടന്റെ ഭാവം മാറുന്നതു കാണാമോ?

പിരി-എടാ, നിന്റെ അതുംകൊണ്ടു പോകാനാ ഞാമ്പറഞ്ഞതു്?

വേന്ദ്ര-രണ്ടു തല്ലിയാലും ഇപ്പോൾ പോകാൻ നിശ്ചയിച്ചിട്ടില്ല. ഈ ഗവമ്മെൻറുകോടതിയുടെ മുറ്റത്തിനു് എനിക്കും തനിക്കും അവകാശം ഒന്നുപോലെയാണു്. ഒരു ശ്ലോകം ചൊല്ലാൻ തന്റെ അനു

വാദം ചോദിക്കണമെന്നുമില്ല. എന്നാൽ കേട്ടോളൂ (ചൊല്ലുന്നു)

"മക്ഷണാ മശകാ രാത്രൗ,
മാക്ഷികാ യാചകാ ദിവാ
പിപീലികാ ച ഭാര്യാച,
ദിവാ രാത്രം തു ബാധതേ"

(ശ്ലോകം കേട്ട് പൊളവൻ കയറിവരുന്നു)

പൊളവൻ-ശ്ലോകം ഭംഗിയായിരിക്കുന്നു കേട്ടോ വേന്ദ്രൻ. അതിന്റെ അർത്ഥംകൂടി ഒന്നു പറഞ്ഞേക്കൂ.

വേന്ദ്ര—എന്റെ പൊളവാ, ദേ ഇവിടെ ഒരു മൃങ്ങാ ഇരിക്കുന്നു. അയാൾക്കു ശ്ലോകവും വേണ്ടാ അർത്ഥവും കേൾക്കണ്ടാ!

പൊളവൻ-ഈ പിരിയന്റെ ഒക്കെ എഡ്യൂക്കേഷൻ എന്താണെന്നു നമ്മക്കറിഞ്ഞുകൂടെ? അതു കൊണ്ടു് എനിക്കു വേണ്ടി അർത്ഥമൊന്നു പറയണം.

വേന്ദ്ര—മൂട്ടയും കൊതുകും രാത്രിയിൽ; ഈച്ചയും യാചകനും പകൽ; എറുമ്പും ഭാര്യയും രാപകൽ ഒന്നുപോലെ ഉപദ്രവം.

പിരി-എന്റെ കുഞ്ഞേ, നീ പറഞ്ഞതു ശരി. അർത്ഥം കേട്ടപ്പോഴല്ലെ എനിക്കു കാര്യം മനസ്സിലായതു്. ഈ സ്ലോകം എന്നെക്കുറിച്ചാണെന്നു തോന്നുന്നല്ലൊ.

വേന്ദ്ര- പിന്നല്ലാണ്ടോ? ഇപ്പോൾ ഞാൻ ഇവിടെ ഇരുന്നോണ്ടു കെട്ടിയുണ്ടാക്കിയതല്ലെ? രാജാക്കന്മാരു വല്ലവരുമായിരുന്നെങ്കിൽ എന്റെ കയ്യേൽ വീരചങ്ങല വീണേനേം. എന്നിട്ടാ പിരിയൻ ചേട്ടൻ എന്നോടു പോകാൻ പറഞ്ഞതു്!

പിരി—പോകണ്ടാ. ഇവിടിരുന്നോണ്ടാ മതി.

വേന്ദ്ര—ഇവിടിരുന്നോളാം. എന്റെ ഓമനക്കുട്ടനൊരു സങ്കടം.

പിരി—ഏതോമനക്കുട്ടൻ?

വേന്ദ്രൻ- (വയററത്തു തടവിക്കൊണ്ടു്) ഇവനേ. ഞാൻ ലേ ആ പത്താംനമ്പറിൻെറ വാതുക്കൽക്കൂടി യാണു് ഇങ്ങു പോന്നതു്.

പിരി-അതിനിപ്പം ഞാനെന്തുവേണം?

വേന്ദ്രൻ-അത്തററം പോയിട്ടു് ഇവിടെ വന്നിരുന്നുകൊള്ളാം.

പിരി-ഇന്നാ പിടിച്ചോ രണ്ടു ചക്രം (കൊടുക്കുന്നു) ഒരുപ്പോക്കു പോയാലും വേണ്ടില്ല.

വേന്ദ്രൻ—ഇതുംകൊണ്ടെങ്ങനാ അങ്ങോട്ടു പോകുന്നതു്? എട്ടു ചക്രത്തിൽ കുറഞ്ഞാൽ ആ വാതുക്കൽ ഒന്നു് ഉള്ളിഞ്ഞുനോക്കാൻ പറ്റുവേലല്ലൊ.

പിരി-നീ ആ തൈക്കുളേലങ്ങു പോടാ. സ്ഥലം ഒഴിഞ്ഞോട്ടെ.

വേന്ദ്രൻ—സൈക്കുളേലോ?

പിരി-സൈക്കിളിനു രണ്ടുചക്രമല്ലയോടാ? നീ പോ. മെനക്കെടാതെ.

വേന്ദ്രൻ — (പോകുന്നു. വഴിക്കു് ആത്മഗതം) അമ്പടാ, പഞ്ചവാതീ, താൻ എന്നെ സൈക്കളേൽ വിടും അല്ലേ? താൻ നോക്കിക്കോ; ഒരു പന്തീരാണ്ടു കാലം ഇനി കച്ചേരിത്തിണ്ണേൽ നിരങ്ങീട്ടേ താൻ അവസാനിക്കൂ. (പൊളവൻ ക്രുദ്ധത്തിൽ എത്തുന്നു)

പിരി-(സൂക്ഷിച്ചുനോക്കിയിട്ടു് സ്വഗതം) പിരിയാണിക്കു കൊലയാണി വെക്കുന്ന വേന്ദ്രൻ! അമ്പടാ അവനോടു മട്ടപ്പാ.

പൊള-എടോ രണ്ടല്ലെ കിട്ടിയതു്? തൊള്ളി എനിക്കുംക്രടെ.

വേന്ദ്രൻ-താൻ പോന്നാൽ ചെരട്ടയിൽ ഉറുന്നമട്ട

തന്നേക്കാം. വല്ലെടത്തുന്നും രണ്ടുചക്രം കിട്ടുമ്പോൾ എത്തിക്കോളും തെരുവുതെണ്ടികളു്.

പൊള-എന്റെ ക്രുട്ടാ, എനിക്കു തൊള്ളി അകത്തുചെന്നാലേ പറയത്തൊള്ളു. അതുകൊണ്ടു ഷാപ്പിൽ ചെന്നിട്ടു വിസ്തരിക്കാം. (ഇരുവരും മറയുന്നു)

പിരി-(ആത്മഗതം) എന്റെ തമ്പുരാനെ ഇട്ടും ഞാമ്പടിച്ചു. ഈ കേസു കൊട്ടക്കണോമ്മാരെ ഒക്കെ പച്ചയ്ക്കു ഞറുക്കിക്കളേണം. എന്റെ കഷ്ടകാലത്തിനൊരു കേസു കൊടുത്തിട്ടു കൊല്ലം ആറായി. ഇവിടത്തെ മരത്തിനും പിത്തിക്കും ക്രുടെ കാശു കൊടുത്താലേ ഇവിടെ നിവിന്നൊന്നു നിക്കത്തൊള്ളു. എന്നിട്ടും കേക്കണം അവമ്മാരുടെ ആട്ടും ചീറ്റും. (നോക്കുന്നു) ഇനിം ഒരുത്തൻ ഇങ്ങോട്ടു വരുന്നൊണ്ടല്ലൊ. (അൾക്രുസ് പ്രവേശിക്കുന്നു. പിരിയന്റെ അടുക്കൽ വന്നു നിൽക്കുന്നു)

പിരി-നീ എന്തിനാ എന്റെ അടുക്കെ വന്നു നിക്കണതു്?

അൾക്രുസ്-ഒന്നു കാണാൻ വന്നതാ.

പിരി-നിന്റെ അമ്മേടെ ചേനാരാണോടാ ഞാൻ? പോടാ അവിടന്നു്.

അൾക്രുസ്--അയ്യോ, എന്നെ അറിഞ്ഞില്ലെ?

പിരി—വഴിനീളെ പഴത്തിന്റെ തൊലി പെറുക്കി നടക്കണെ നിന്നെയൊക്കെ ഞാനറിയണോടാ?

അൾക്രു—അങ്ങനെ പറയല്ലെ. ഒരു നല്ല നെലേലാരുന്നു. ഇപ്പം കടം വന്നെല്ലാം പോയി.

പിരി—അതിനു ഞാനെന്നാ വേണോടാ? നീ അങ്ങാ മാറിനില്ലു്. ഇതു കാറുവരട്ടെ.

അൾ - ഞാൻ ഈ കച്ചേരിലെ ശിപായിടെ വല്യമ്മേടെ രണ്ടാനമ്മേടെ മകൻ അൾക്രുസല്ലേ?

പിരി-ഏതു പുളുക്കു സായാലും വേണ്ടില്ല. നീ പോ നിന്റെ പാട്ടിനു്.

അൾ-അങ്ങനെ പറയല്ലെ. എന്റെ തള്ള ഇന്നലെ ആശുപത്രീ കെടന്നു ചത്തുപോയി. കുഴിച്ചിടാൻ ഒരു പൊത്തുവരുത്തോം ഇല്ല.

പിരി-എന്നാ അതിനെ ഒണങ്ങിവയ്ക്കെടാ.

അൾ-ഇരുപതുരൂപാ എല്ലാംകൂടെ ചെലവുവരും. പതിനെട്ടു കിട്ടീട്ടൊണ്ടു്.

പിരി-പതിനെട്ടുകൊണ്ടുള്ള കുഴിച്ചിടീലങ്ങുനടത്തു്. പോ വേഗം.

അൾ-ഇവിടേന്നൊരുരണ്ടുരൂപാ തന്നേച്ചാമതി.

പിരി-പോടാ അവിടന്നു്.

അൾ-അയ്യോ, ഉപേക്ഷ പറയല്ലെ.

പിരി-നാശം! കൊണ്ടുപോ, ഇതു്. (അര ചക്രം കൊടുക്കുന്നു)

അൾ-(എടുത്തുകൊണ്ടു് സ്വഗതം) ഇവനെന്തു കൂടുല്യക്കാൻ! അര ചക്രം! തള്ളച്ചത്തെന്നു പറഞ്ഞുപോലും ഇവനെ പറഞ്ഞിക്കാൻ കഴിഞ്ഞില്ലല്ലൊ. ആട്ടെ, വരും ഇവന്റെ അമ്മാച്ചൻ. (പോകുന്നു)

പിരി-(സ്വഗതം) ഇനി ഇവിടേന്നൊന്നു മാറി ഇരുന്നുകളയാം. നാശംപിടിച്ച സ്ഥലം! ഈ സക്കാരുകാരു് കോടതീം മറ്റും പണിമ്പം ഒരു നല്ല ആശാരിനെ വരുത്തി സ്ഥാനം നോക്കിക്കണ്ടെ. ഈ തെണ്ടികളു് നാനാദിക്കീന്നംവന്നു് ഒഴകിച്ചൂടണ വായിലാണോ ഇതൊക്കെ ഒണ്ടാക്കിവെക്കണതു്! (എഴുന്നേൽക്കുന്നു, വക്കീൽ വരുന്നു, പിരിയൻ തൊഴുന്നു)

വക്കീൽ-എന്താ പിരിയൻ! നേരത്തെ ഇങ്ങെത്തിയോ?

പിരി–ഞാനിവിടെത്തന്നെ താമസമാക്കീരിക്കയാ സാറെ. ഒവസോം ഒവസോം അവതിവച്ചാ കറങ്ങിപ്പോകേ ഒള്ളൂ.

വക്കീൽ–എടോ കള്ളുകേസെല്ലെ; കുറച്ചു നടക്കണം.

പിരി–എന്റെ സാറെ, പതിയെ പറ. വല്ലോരും കേക്കേലേ.

വക്കീൽ–എന്തോന്നാ വല്ലവരും കേൾക്കണ്ടാത്തത്?? ഈ കള്ളുകേസു പിടിച്ചതിനുള്ള വക്കാലത്തുഫീസ് താൻ ഇത്രയും നാളായിട്ടും തന്നോ? (പിരിയൻ വിറയ്ക്കുന്നു)

പിരി–എന്റെ സാറെ, ഈ മാസം ഒന്നു പറന്നോട്ടെ. ഇത്ര ചുക്കൊള്ളതു വിറ്റാ ഒടനെ ഒരു തൊക ഇങ്ങെത്തിക്കാം.

വക്കീൽ–എടോ തന്റെ ചുക്കു വിൽക്കണതുവരെ വീട്ടിൽ ഭാര്യയും കുഞ്ഞുങ്ങളും പട്ടിണി കെടക്കണമായിരിക്കും.

പിരി–എന്നാൽ നാളെത്തന്നെ രണ്ടു ചക്കേം ഒരേതക്കെങ്കിലും ഇങ്ങഴച്ചേക്കാം. എന്റെ സാറെ, ഈ കേസിനൊറങ്ങീട്ട് എന്തു ചക്കച്ചെലവായെന്നാന്നും പറയാനില്ല.

വക്കീൽ–എനിക്കാണോ താൻ ചക്കമൊക്കെ തന്നതു??

പിരി–അല്ല, എന്നാലും സാറിനറിയാവല്ലൊ.

വക്കീൽ–സാറിനറിയാം! നാളെ കൃപാ കൊണ്ടുവന്നില്ലെങ്കിൽ കേസു ദൂരെ.

പിരി–എന്റെ സാറെ, ചതിക്കല്ലെ, കേസു നമ്മക്കു ഗുണായിട്ടു വിതിക്കുവോ?

വക്കീൽ–ഞാൻ വക്കാലത്തു പിടിച്ചിട്ടുള്ളപ്പോൾ താനെന്തിനു ഭയപ്പെടുന്നു? ദയവു കൊണ്ടുവന്നേക്കു. അടുത്ത അവധിക്കു വിധിപ്പിച്ചേക്കാം.

പിരി–ഇന്നു നമ്മടെ കേസ്?

വക്കീൽ–ഇന്നില്ല. ഇന്നു വീരന്റെ കേസിന്റെ ഹിയറിംഗും വിധിയുമാണു്.

പിരി–എന്നാലിന്നും കൊഴഞ്ഞല്ലൊ. (വക്കീൽ അകത്തേക്കു പോകുന്നു, ഒരു ബഞ്ചിൽ പോയി ഇരുന്നു പത്രം വായിക്കുന്നു)

പിരി–(സ്വഗതം)എന്തൊരു നാശം! ഒള്ളതെല്ലാം ക്രൂടെ വിറ്റുപെറുക്കിക്കൊട്ടത്താലും ഈ വക്കീലിന്റെ ആത്തി തീരുകേലല്ലൊ. എന്താ ചെയ്കകൂടുങ്ങിപ്പോയില്ലെ.

(ജഡ്ജി മുതൽപേർ പ്രവേശിക്കുന്നു)

ജഡ്ജി-ഗ്രമസ്ഥൻ, ഇന്നത്തെ കേസ് എടുത്തു വയ്യു.

ഗ്രമസ്ഥൻ-ഇന്നു് 1120-ാംനമ്പർ കൊലക്കേസിന്റെ പിരങ്കിയാണു്.

ജഡ്ജി കൊള്ളാം: ഗവണ്മെൻറുവക്കീൽ തുടങ്ങട്ടെ.

ഗ. വക്കീൽ—ബഹുമാനപ്പെട്ട കോടതിയുടെ മുമ്പാകെ വന്നിട്ടുള്ള തെളിവുകളെ ആധാരമാക്കി നോക്കുന്നപക്ഷം പ്രതി കുറക്കാരനാണെന്നു സംശയലേശം ക്രൂടാതെ കാണാവുന്നതാണു്. ഒരു ഗ്രന്ഥം തൽകർത്താവിന്റെ സ്വഭാവത്തിന്റെ ഒരു പ്രതിഫലനമാണെന്നു പറയപ്പെടുന്നു. പ്രതി ചില പുതിയതരം പുസ്തകങ്ങളുടെ രചയിതാവാണെന്നു കോടതിയെ ബോധിപ്പിച്ചുകൊള്ളട്ടെ. ആ പുസ്തകങ്ങൾ ആത്മഹത്യയുടെയും കൊലപാതകങ്ങളുടെയും

ഒരു ചതുരംഗക്കളമാണെന്ന് വായനക്കാർക്കു സുജ്ഞാതമാണല്ലോ. ഇതിൽനിന്നും പ്രതി സ്വഭാവത്താലേ ഒരു വിപല്ലവകാരിയും കൊലപാതകിയും ആണെന്നു വരുന്നു. കേസിൽ വിവരിക്കപ്പെട്ട കൃത്യം അയാൾ ചെയ്തതാണെന്ന് മൃതിഅടഞ്ഞ മോളിയുടെയും മൊയിലിയാരുടെയും മൊഴികൾസാക്ഷ്യങ്ങളാണല്ലോ. രക്തം കണ്ടു ബോധംകെട്ടുപോയി എന്നു പ്രതിയുടെ സമർത്ഥനം അയാളുടെ നികൃഷ്ടമായ സ്വഭാവത്തിന്റെയും പിന്നീടുള്ള സംഭവങ്ങളുടെയും വെളിച്ചത്തിൽ വിലയില്ലാതായി പോകുന്നു. അതുകൊണ്ട് കുറക്കാരനെന്നു തെളിഞ്ഞിരിക്കുന്ന പ്രതിയെ കോടതിയുടെ അന്തസ്സിനു യോജിക്കുന്ന വിധത്തിൽ ശിക്ഷിക്കേണ്ടതാണല്ലോ. (ഇരിക്കുന്നു)

ജഡ്ജി-പ്രതിവക്കീലിനു പറയാം.

പ്രതി. വ— (എഴുനേൽക്കുന്നു) പണ്ഡിതനായ പ്രതിഭയാശിഷ്ടനെന്റെകക്ഷികുറക്കാരനാണെന്നു സ്ഥാപിക്കുവാൻ ചില വാദങ്ങൾ ഉന്നയിച്ചിരിക്കുന്നു. എന്നാൽ മൂന്നു പ്രധാന കാര്യങ്ങൾ ബ. കോടതിയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. എന്റെ കക്ഷി സുപ്രസിദ്ധനായ ഒരു വ്യക്തിയാണെന്നുള്ളതാണ് ഒന്ന്. അദ്ദേഹം സമുദായോദ്ധാരണത്തിനുവേണ്ടി വളരെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് രണ്ടാമത്തത്. മൂന്നാമതായി എന്റെ കക്ഷി കൃത്യം നടത്തി എന്നു തെളിയിക്കത്തക്ക രേഖകൾ ഒന്നും ഇതുവരെ മുകക്ഷിയിൽ നിന്നും ഹാജരാക്കപ്പെട്ടിട്ടില്ല.

ഒന്നാമത്തെ പോയിന്റ്— എന്റെ കക്ഷി ഇപ്പോൾ ജഗൽപ്രസിദ്ധമായിത്തീർന്നിരിക്കുന്ന പുരോഗമനസാഹിത്യത്തിന്റെ നടത്തുണ്ടും അനേകം ഗ്ര

സ്ഥങ്ങളുടെ കർത്താവുമാണു്. തുലികായോധനംകൊണ്ടതന്നെ പ്രതിമാസം ശരാശരി മുന്നൂരുരൂപാവീതം അദ്ദേഹം സമ്പാദിച്ചുകൊണ്ടിരിക്കുന്ന റഷ്യയിലെ പേരെടുത്ത കാഥികന്മാരായ ഫെയോഡോർസോലോഗുബ്, മാക്സിംഗോർക്കി, വലേറിബ്രൂസോവു്, വാലൻ ടൈൻകാറിവു്, കൗണ്ട്ലിയോടാൾസ്റ്റോയ്, അലക്സാണ്ടർ പുഷ്ക്കിൻ മുതലായവരോടു് അദ്ദേഹം കിടനിൽക്കുന്നെന്നു് മലയാളത്തിലെ ചില സാഹിത്യാചാര്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ പോയിൻറു്—ജാതിയിൽനിന്നു ജനിച്ച അയിത്തവും, കുചേലത്വത്തിൽനിന്നു ജനിച്ച അയിത്തവും, കറവം ചെയ്യുന്നതിൽനിന്നു ജനിച്ചഅയിത്തവും, ലൈംഗികജീവിതത്തിൽനിന്നു ജനിച്ച അയിത്തവും ഇന്നു നമ്മുടെ സമുദായത്തിൽ നിലനില്ക്കുന്നു. പഴഞ്ചൻ വിശ്വാസങ്ങൾ വലിച്ചുവച്ച വിലങ്ങുതടികളാണു് ഇവയെല്ലാം. ഇതൊക്കെ വെട്ടിമുറിച്ചുമാറ്റി എറിഞ്ഞു് സമുദായത്തെ സമുദ്ധരിക്കുവാൻ 'തീവേദനം, കണിയറ, വിചാരസദനം' മുതലായ ഗ്രന്ഥങ്ങൾ വഴി അദ്ദേഹം സമർത്ഥമായി ശ്രമിച്ചിട്ടുണ്ടു്. അതിനാൽ സമുദായം പോലും അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു എന്നു സങ്കോചമെന്യേ പ്രസ്താവിക്കാം.

മൂന്നാമത്തെ പോയിൻറു്—മോളിയുടേയും, വിക്കൻമൊയിലിയാരുടെയും മൊഴികൾ എൻെറ കക്ഷിക്കു പ്രതികൂലമാണെന്നു് ഒരു വാദമുണ്ടായി. മോളി എന്ന സ്ത്രീ വീരൻെറ ഒരവിശ്വസ്തഭൃത്യയാണെന്നു് അന്യത്ര തെളിയിച്ചിട്ടുള്ളതിനാൽ അവളുടെ മൊഴി ഒരുദ്ദേശപരമാണെന്നു വിചാരിപ്പാനാണു ന്യായം. വിക്കൻമൊയിലിയാർ മോളിയുടെ ഒരു പഴയ കൂട്ടുകാരനാണെന്നു് പോലീസ് ഇൻസ്പെക്ടർ അവർകളു

ടെ മൊഴിയിൽനിന്നും വെളിപ്പെട്ടിരിക്കുന്നതുകൊണ്ടു അയാളുടെ മൊഴി പക്ഷപാതരഹിതമല്ലെന്നു വരുന്നു.

അനുമാനം—ഇതിൽനിന്നും എന്റെ കക്ഷി ബഹുമാന്യനാണെന്നും, സമുദായോദ്ധാരകനാണെന്നും, കൊലപാതകം എന്ന ഒരു നീചകൃത്യത്തിനു് അദ്ദേഹം തുനിയുന്നതല്ലെന്നും, അസൂയമൂലം ആരോ ഈ പാതകം അദ്ദേഹത്തിന്റെ മേൽ കെട്ടിവച്ചിട്ടുള്ളതാണെന്നും സിദ്ധിക്കുന്നു. അദ്ദേഹം കൃത്യം ചെയ്തു എന്നതെളിഞ്ഞിട്ടുമില്ല. ആകയാൽ ബ: കോടതി ഭയവായി എന്റെ കക്ഷി നിർദ്ദോഷിയാണെന്നു വിധി പ്രസ്താവിക്കേണ്ടതാണു്. (ഇരിക്കുന്നു)

ജഡ്ജ്–ഗവണ്മെൻറുവക്കീലിന്റെ റീ.

ഗവ. വക്കീൽ–(എഴുന്നേൽക്കുന്നു) വിജ്ഞാനിയായ എന്റെ പ്രതിയോഗി തന്റെ കക്ഷി ബഹുമാന്യനാണെന്നും, സമുദായോദ്ധാരകനാണെന്നും, അയാൾ കുറ്റംചെയ്തതായി തെളിഞ്ഞിട്ടില്ലെന്നും, വാദിക്കയുണ്ടായി. എന്നാൽ പ്രതി കുറ്റം ചെയ്തു എന്നതിനു് അയാളുടെ സ്വന്തം കൈത്തിരിവുള്ള മുറിവും പരസ്പരബന്ധമില്ലാത്ത അയാളുടെ മൊഴികളും കൊണ്ടു് ബ: കോടതിക്കു ബോധ്യം വന്നിട്ടുള്ളതാണല്ലൊ. അയാൾ ബഹുമാന്യനും സമുദായോദ്ധാരകനുമാണെന്നുള്ള വാദങ്ങൾക്കെതിരായി എനിക്കൊരു പേക്ഷയാണു് ബ: കോടതിയുടെ മുമ്പാകെ അവതരിപ്പിക്കുവാനുള്ളതു്. പ്രതിയെ വരുത്തി ബ: കോടതിയിൽനിന്നും നേരിട്ടു് 'തീവേദന' എന്ന അയാളുടെ സ്വന്തം കൈപ്പടത്തെപ്പറ്റിയും അയാളുടെ ജീവിതരീതിയെപ്പറ്റിയും ഒരു വിചാരണ നടത്തണം.

പ്ര. വക്കീൽ—ഹീയറിംഗിനുശേഷം അങ്ങനെ എന്റെ കക്ഷിയെ വിസ്തരിക്കുവാൻ വകുപ്പില്ല.

ഗവ. വ–തക്ക കാരണമുണ്ടെന്നു ബോധ്യപ്പെട്ടാ
ന്നപക്ഷം കോടതിക്കു നേരിട്ടു വിസ്തരിക്കാമെന്നു ഉപ
വകുപ്പുകളുണ്ട്.

ജഡ്ജി–പ്രതിയെ കൊണ്ടുവരട്ടെ. (പോലീസു
കാരൻ പ്രതിയെ ആനയിച്ചു കൂട്ടിൽ കയറ്റിനിറു
ത്തുന്നു)

ഗ്രമസ്ഥൻ–(വേദപുസ്തകംകൊടുത്തിട്ട്) ദൈ
വം സാക്ഷിയായി സത്യം ബോധിപ്പിച്ചുകൊള്ളാം.
സത്യം. സത്യം. സത്യം.

വീരൻ—ദൈവംസാക്ഷിയായി സത്യം ബോധി
പ്പിച്ചുകൊള്ളാം. സത്യം, സത്യം, സത്യം,

ജഡ്ജി—മൂതി അടഞ്ഞു മോളി തന്റെ ഭാര്യ
യായിരുന്നൊ?

വീരൻ—അതെ.

ജഡ്ജി—മതാചാരമനുസരിച്ചു വിവാഹം ചെ
യ്തു വേറൊരു ഭാര്യ തന്നിക്കില്ലെ?

വീരൻ–ഉണ്ടായിരുന്നു. അവളെ ഉപേക്ഷിച്ചു.

ജഡ്ജി—കത്തോലിക്കരുടെ ചട്ടപ്രകാരം ഭാര്യ
ജീവിച്ചിരിക്കുമ്പോൾ വേറൊരു വിവാഹം പാടു
ണ്ടോ?

വീര—പാടില്ലായിരിക്കും.

ജഡ്ജി–പിന്നെ താൻ എന്തുകൊണ്ടു ചട്ടവിരു
ദ്ധമായി പ്രവർത്തിച്ചു?

വീര–എന്നെ ബാധിക്കുന്ന ചട്ടങ്ങൾ അല്ലാത്തതു
കൊണ്ടു്.

ജഡ്ജി–കത്തോലിക്കാമതത്തിന്റെ ഒരംഗമല്ലെ?

വീരൻ–എനിക്കു ചോദ്യം ചെയ്വാനുള്ള പ്രാ
യം വന്നതിൽ പിന്നീടു് അല്ല.

ജഡ്ജ്–ഇപ്പോൾ താൻ ഏതു മതവിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു?

വീരൻ–ഞാൻ ഒരു മതത്തിന്റെ ഇടുക്കുകുട്ടിലും അല്ല.

ജഡ്ജ്-താൻ ഒരീശ്വരനിൽ വിശ്വസിക്കുന്ന ആളാണോ?

വീര—അത്രമാത്രം ഭോഷത്തം എനിക്കു പറ്റിയിട്ടില്ല.

ജഡ്ജ് തന്റെ തൊഴിലെന്തു?

വീര—അക്ഷരവ്യായാമം.

ജഡ്ജ്–എല്ലാവക്കും മനസ്സിലാകുന്ന രീതിയിൽ പറയണം.

വീര-അക്ഷരവ്യായാമം, അക്ഷരം കൊണ്ടുള്ള വ്യായാമം; അതായതു് ഗ്രന്ഥമെഴുത്തു്.

ജഡ്ജ്–ഗ്രന്ഥമെഴുത്തിനു് അക്ഷരവ്യായാമം എന്നുപറഞ്ഞു് അന്യരെ പുററിക്കുന്നതെന്തിനു്?

വീര-പുരോഗമന സാഹിത്യത്തിന്റെ പോക്കാണതു്. ഞങ്ങൾ ആശയങ്ങൾ പുതിയ രീതിയിൽ ഇറക്കുമതി ചെയ്യുന്നു.

ജഡ്ജ്-'തീവേദന' എന്ന പുസ്തകം താൻ എഴുതിയതാണോ?

വീര-അതെ.

ജഡ്ജ്-അതിൽ 'കുത്തുകാള' 'കീരൻ' എന്ന രണ്ടു കഥകൾ എന്തുദ്ദേശത്തോടുകൂടി എഴുതിയിട്ടുള്ളതാണു്.

വീര-മനുഷ്യസമുദായത്തെയും എന്നെയും സമുദ്ധരിക്കുന്നതിനു്.

ജഡ്ജ്–വിശദമായി പറയൂ.

വീര—മനുഷ്യസമുദായത്തെ അടിമത്തത്തിൽ

നിന്നും, എന്നെ ദാരിദ്ര്യത്തിൽ നിന്നും ഉദ്ധരിക്കുന്നതിനു്.

ജഡ്ജ്–തനിക്കു പണം കിട്ടുന്നതിനു് എന്നുള്ളതു മനസ്സിലായി. ആ കഥകളിൽ മനുഷ്യസമുദായത്തെ ഉദ്ധരിക്കുന്ന അംശം ഏതാണു്?

വീര–ലൈംഗികവിഷയത്തിൽ ഇപ്പോൾ. മനുഷ്യൻ അസ്വതന്ത്രനാണു്. അക്കാര്യത്തിൽ മൃഗത്തെപ്പോലുള്ള സ്വാതന്ത്ര്യം മനുഷ്യനു കൈവരേണ്ടിയിരിക്കുന്നു. അഗാധപണ്ഡിതനായ മി. കെ. ബാലകൃഷ്ണപിള്ളയുടെ അഭിപ്രായവും ഇതുതന്നെയാണു്.

ജഡ്ജ്–മനുഷ്യനെ മൃഗത്തിന്റെ ചേരിയിലേക്കു തള്ളുന്നതിനാണോ ഉദ്ധാരണമെന്നു താൻ പറയുന്നതു്?

വീര–മനുഷ്യനും മൃഗവും ഒന്നുതന്നെ. പക്ഷേ ദുരാഗ്രഹികളായ മതാചാര്യന്മാരും സ്വാർത്ഥതല്പരന്മാരായ രാജാക്കന്മാരും ആ മൃഗത്തെ നിയന്ത്രിച്ചു് അടിമത്തത്തിൽ നിറുത്തി. അങ്ങനെയാണു് മനുഷ്യൻ, മൃഗം എന്ന തരംതിരിവുണ്ടായതു്. അല്ലെങ്കിൽ മനുഷ്യൻ മൃഗത്തെപ്പോലെ സ്വതന്ത്രനായിരുന്നേനേ.

ജഡ്ജ്– മതാചാര്യന്മാരും രാജാക്കന്മാരും മൃഗത്തെയും മനുഷ്യരെയും തമ്മിൽ വേർതിരിക്കാൻ എവിടെനിന്നു വന്നു എന്നാണു താൻ പറയുന്നതു്?

വീ–(കീഴ്പോട്ടുനോക്കി മൗനം ആചരിക്കുന്നു)

ജഡ്ജ്–[കുപിതനായി] അസംബന്ധം പുലമ്പിയാൽ തന്റെ നാക്കു ഛേദിക്കാൻക്രൂടി ഉത്തരവിടുന്നതാണു്. സൂക്ഷിച്ചുകൊള്ളുക. തന്റെ സമുദായോദ്ധാരണം!

ജഡ്ജ്മെൻറ്

ഈ ഡിസ്ട്രിക്ട്കോർട്ടിൽ 1120-ാംനമ്പരായി ഫയൽ ചെയ്തിട്ടുള്ള കൊലക്കേസിലെ പ്രതി വീരൻ എന്ന ആൾ അയാളുടെ ഭാര്യ മോളിയേയും ഒരു പുരോഗമനക്കാരനായ കോളിയാർ സ്റ്റീഫനേയും കഠാരി കൊണ്ടു് കുത്തിക്കൊന്നു എന്നു് താഴെ പറയുന്ന രേഖകൾ മൂലം തെളിവായിട്ടുള്ളതാകുന്നു.

1 പ്രതിയുടെ മനസ്ഥിതി സ്വതേതന്നെ അധഃപതിച്ചതാണെന്നു കാണിക്കുന്ന നികൃഷ്ടമായ അയാളുടെ ഗ്രന്ഥങ്ങൾ.

2 മോളിയുടെ മരണമൊഴികളും വിക്കൻമൊയിലിയാരുടെ സാക്ഷിയും.

3 കഠാരിമുനകൊണ്ടു് അയാളുടെ കഴുത്തിലുണ്ടായിട്ടുള്ള മുറിവും പരസ്പരവിരുദ്ധമായ അയാളുടെ മൊഴികളും.

കോടതിയുടെ ബോദ്ധ്യം—കോളിയാർ സ്റ്റീഫനും മോളിയും തമ്മിൽ സംശയാസ്പദമായ ചില മമതാബന്ധങ്ങൾ ഉണ്ടായിരുന്നെന്നും, അവർ ഇരുവരുംകൂടി സംസാരിച്ചുകൊണ്ടുനില്ക്കുവേ പതിയിരുന്ന പ്രതി കഠാരിയുമായി പ്രവേശിച്ചു് അവർ ഇരുവരെയും കുത്തിവീഴ്ത്തി എന്നും ഒടുവിൽ പ്രതി ആത്മഹത്യചെയ്യാൻ ശ്രമിച്ചിട്ടു സാധിക്കാതെ വന്നതിനാൽ മരിച്ചു എന്ന നാടകത്തിൽ കിടന്നപ്പോഴാണു്

പോലീസ് ഇൻസ്പെക്ടർ സ്ഥലത്തെത്തിയതെന്നും കോടതിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ശിക്ഷാവിധി—തെളിവുകൾ അനുസരിച്ചു പ്രതി ശിക്ഷാർഹനാണെന്നു കാണുന്നതിനാൽ മനഃപൂർവ്വം പതിയിരുന്നു രണ്ടുപേരെ അതിനിഷ്ഠുരമായി കുത്തിക്കൊന്ന എന്ന കുറ്റത്തിനു് ജീവപര്യന്തം തടവും ആത്മഹത്യക്കു ശ്രമിച്ച എന്ന കുറ്റത്തിനു് **1000** രൂപാ പിഴയും പിഴ ഒടുക്കാഞ്ഞാൽ **6** മാസത്തെ കഠിനതടവുംകൂടി വിധിക്കുന്നു.

വിശേഷാൽ വകുപ്പു്—കോർട്ടിൽ നിന്നും നേരിട്ടു നടത്തിയ വിചാരണയുടെ ഫലമായി പ്രതി ഒരു നിരീശ്വരനും ഒരു പൊതുജനദ്രോഹിയുമാണെന്നുകൂടി വെളിപ്പെട്ടിരിക്കുന്നു. താഴെ കൊടുക്കുന്ന കാരണങ്ങൾ അതിനു ഉപോൽബലകമായുണ്ടു്.

ഒരീശ്വരനിൽ വിശ്വസിക്കുന്നതു ദോഷത്തിനു അയാൾക്കില്ലെന്നും ഒരു മതത്തിന്റെയും ഇട്ടുക്കൂട്ടിൽ അയാൾ ഉൾപ്പെടുന്നില്ലെന്നും അയാൾ പരസ്യമായി പറഞ്ഞിരിക്കുന്നു. ഈശ്വരവിശ്വാസികളെയും സകല മതസ്ഥരെയും ഒന്നടങ്കം അതിനിന്ദ്യമായ ഭാഷയിൽ ഭർത്സിക്കണമെന്നുള്ള അയാളുടെ ഉദ്ദേശം മേൽപറഞ്ഞ വാചകരീതികളിൽ നിന്നും സ്പഷ്ടമാണു്.

2 'തീവേദന' എന്ന ദുഷിച്ച ഗ്രന്ഥത്തിന്റെ കർത്താവും നാലു ചീഞ്ഞ കഥകളുടെ നാലിലൊരു പങ്കുകാരനുമായ പ്രതി ജനതാമദ്ധ്യത്തിൽ അസന്മാർഗ്ഗ

ത്തിന്റെയും നിമ്മ്യാദയുടെയും വിത്തുകൾ വിതയ്ക്കുന്ന ഒരു മനുഷ്യാധമനാണെന്നു അനുക്തസിദ്ധമാണു്.

ശിക്ഷ—ആകയാൽ തുലികാപ്രയോഗം മൂലം പ്രതിയുടെ "അക്ഷരവ്യായാമ"ംതുടർന്നുനടത്തി മനുഷ്യകുലത്തെ ആകമാനം ദുഷിപ്പിക്കുന്നതിൽ നിന്നും അയാളെ തടയുന്നതിനായി അയാളുടെ വലം കയ്യുടെ നാലുവിരലുകൾ ഛേദിച്ചുകളയുന്നതിനും പൊതുജനനന്മയെപ്രതി കോർട്ടിൽനിന്നും ഉത്തരവിടുന്നു.

കർട്ടൻ.

സമാപ്തം

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

CT Library
00003913
T62 T45

സാമുദായികവിചിന്തനങ്ങൾ

.....നെ ക്രൂടാരങ്ങൾ, കേസരയുടെ പരിമളം എന്നിങ്ങനെ [illegible]തിന്നാലു വിഷയങ്ങളെ അധികരിച്ചുള്ള പ്രസംഗങ്ങളും ലേഖനങ്ങളുമാണു് ഇതിലെ ഉള്ളടക്കം.

കത്തോലിക്കാ മതതത്വങ്ങളുടെ വെളിച്ചത്തിൽക്കൂടി സമകാലീനതത്വങ്ങളെയും ലോകകാര്യങ്ങളെയും രസകരമായ ഭാഷയിൽ ചർച്ച ചെയ്തിരിക്കുന്ന ഈ പുസ്തകം യുവാക്കൾക്കും പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കും വളരെ ഉപകാരപ്രദമായിരിക്കുമെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. കത്തോലിക്കാ മതതത്വങ്ങളെപ്പറ്റിയും അവയുടെ വൈശിഷ്ട്യങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്ന അവസരങ്ങളിൽ മറ്റു മതങ്ങളെ അവഹേളിക്കാൻ ശ്രമിച്ചിട്ടില്ല എന്നുള്ളതു് ഗ്രന്ഥകർത്താവിന്റെ ഈ ചെറുഗ്രന്ഥത്തിന്റെ മറ്റു വിശേഷിപ്പിക്കാൻ പറയുകയാണു്. മതവൈരാഗ്യവും അന്ധമായ ഭക്തിയും കൊടുംപിരികൊണ്ടിരിക്കുന്ന ഇക്കാലത്തു് ഒരുമതത്തിലെ പുരോഹിതൻ, മംഗിയായി തന്റെ മതത്തിന്റെ കീർത്തിയും മാത്രം പറഞ്ഞു സമഭാവനയുടെ മാർഗ്ഗികതത്വങ്ങളെ വിവരിക്കുന്നതു് അഭിനന്ദനാർഹമാണു്.

വായിക്കാൻ കൊള്ളാവുന്ന ഒരു നല്ല കൊച്ചുപുസ്തകമാണിതെന്നു സംശയം അഭിപ്രായപ്പെടാം. ഗ്രന്ഥകർത്താവിൽനിന്നു ഭാവിയിൽ പല നല്ല കൃതികളും മലയാളികൾക്കു പ്രതീക്ഷിക്കാവുന്നതാണു്.

(ചക്രവാളം)